# ലോകവാണി

LOKAVANI ★ ★ ★ MADRAS.



Photo by
N. RAMAKRISHNA

## അടുത്ത ലക്കത്തിൽ

| | |
|---|---|
| 1. എന്നെ ഏററവും സ്പർശിച്ച ഗ്രന്ഥം: | ശ്രീ. കററിപ്പുഴ കൃഷ്ണപ്പിള്ള |
| 2. വസ്തുവും പശ്ചാത്തലവും | ശ്രീ. കെ. സുരേന്ദ്രൻ |
| 3. സമുദായവും സാഹിത്യവും | ശ്രീ. കെ. കെ നായർ |
| 4. സേവകൻ (കവിത) | വിദ്വാൻ പി. ആർ. വാര്യർ |
| 5. കേരളത്തിലെ സോഷ്യലിസ്ററ ചക്രവർത്തി-മഹാബലി | ശ്രീ. എം. ഇ. മാത്യു |
| 6. പരജീവിസസ്യങ്ങൾ | ശ്രീ. കെ. ദാമോദരൻ തമ്പാൻ |


# WILFRED PEREIRA LTD.

**(Qualified Chemists)**

കാസം (ആസ്ത്മാ), ശ്വാസകോശം സംബന്ധിച്ചുള്ള രോഗങ്ങൾ ഇവക്കു കൈകണ്ട ഔഷധം.

## ബ്രോങ്കാസ്ത്മിൻ എല്ലിക്സിർ

വില കുപ്പി ഒന്നിന്നു 3 ക. 4 ണ.

★

**ശിശുക്കൾക്കു സിദ്ധൌഷധം**

ഞെട്ടൽ, അമ്ലപിത്തം, മുതലായ രോഗങ്ങൾക്കും, പല്ലു വരുമ്പോഴുള്ള അസുഖങ്ങൾക്കും പ്രത്യേകം ഗുണകരമായ

## ഗ്രൈപ്പ്‌വാട്ടർ

വില കുപ്പി ഒന്നിന്നു 1 ക. 4 ണ.

മൊത്തമായും ചില്ലറയായും വില്ക്കുന്ന സ്ഥലം.

WILFRED PEREIRA LTD. Head Office, MADRAS.

ശാഖകൾ :— കോയമ്പത്തൂർ, ഊട്ടക്കമണ്ട്, കുന്നൂർ, കൊഡയ്ക്കനാൽ, കൊട്ടഗിരി.

# ലോകവാണി

## ഉള്ളടക്കം


1. രൂപമോ, രൂപയോ (കവിത) : വെണ്ണിക്കുളം.
2. കെ. സി. മാമ്മൻ മാപ്പിള : ഈ. എം. കോവൂർ.
3. പത്രാധിപർ കുഞ്ചെറിയ (ഹാസ്യലേഖനം) : എം. ഇ. മാത്യു ബി.എ
4. വിദ്യാർത്ഥി (കവിത) : പുലാക്കാട്ടു രവീന്ദ്രൻ.
5. വിവാഹവേദിയിൽ നിന്നു് (ചെറുകഥ) : എൻ. കെ. കെ.
6. വിസ്മരിക്കു (കവിത) : പി. ജി. എസ്. നായർ ഇടയാറന്മുള.
7. നമ്മുടെ ദേശീയഗാനം : ജെ. മാത്യൂസ്.
8. കഷായം : വാഗ്ഭടൻ.
9. അത്രമാത്രം ! (കവിത) : പി. ഭാസ്കരൻ.
10. പുതുവർഷപ്രതിജ്ഞകൾ : വിദ്വാൻ പി. എ. വാര്യർ.
11. പുസ്തകങ്ങൾ—"തൂപ്പുകാരൻ" : കളവങ്കോട്ടു ബാലകൃഷ്ണൻ.
12. ലോകാവലോകം : ഡാക്ടർ പി. സി. അലക്സാണ്ടർ.



ഒന്നാം തരം ആയുർവ്വേദ ഔഷധങ്ങൾക്കു്

വൈദ്യരത്നം P. S. വാരിയരുടെ

**ആര്യവൈദ്യശാല**

(Established 1902)

ഏററവും വിശ്വാസയോഗ്യം — അത്യന്തം ഫലപ്രദം

ഹെഡ്ഡ് ആപ്പീസ് : കോട്ടയ്ക്കൽ (S. Malabar.)


ശാഖകൾ :

കോഴിക്കോടു് (Phone No. 155), പാലക്കാടു്, തിരൂർ, ഈറോഡ്.

ആയുർവ്വേദവിധിപ്രകാരമുള്ള എല്ലാ മരുന്നുകളും ഇവിടെ എപ്പോഴും തയ്യാറുണ്ടു്. മററു വൈദ്യന്മാർ വിധിക്കുന്ന പ്രത്യേക യോഗങ്ങൾ, യോഗമുറ അറിയിച്ചു തന്നാൽ, മിതമായ ചെലവിൽ ഇവിടെ തയ്യാറാക്കിക്കൊടുക്കുന്നതാണു്.

ധാര, പിഴിച്ചിൽ, നവരക്കിഴി, വസ്തി മുതലായ പ്രത്യേക ചികിത്സകൾ നിഷ്കൃഷ്ടയോടെ, കോട്ടയ്ക്കൽ വെച്ചു നടത്തിക്കൊടുക്കുന്നതാണു്. തപാൽ മുഖേനയോ, റയിൽ വഴിക്കൊ മരുന്നുകളാവശ്യപ്പെടുന്നവർ ഹെഡ്ഡാപ്പീസിലേക്കു നേരിട്ടു് എഴുതേണ്ടതാണു്. കൂടുതൽ വിവരങ്ങൾക്കും ഔഷധപ്പട്ടികയ്ക്കും ആവശ്യപ്പെടുക.

മാനേജർ.



ശ്രീ. കെ. സി. മാമ്മൻ മാപ്പിള

# ലോകവാണി

വാല്യം 1 1-9-1948 ലക്കം 12

## ഭാഷയുടെ പേരിൽ

പെരിയവരായ തിരു. ഈ. വി. രാമസ്വാമി നായിക്കർക്കും യുവാവായ തിരു. അണ്ണാത്തുര അവർകൾക്കും ഇയ്യിടെ ഓരോ പുഷ്പമാല്യവും കുറെ ജേയ്‌വിളികളും ലഭിച്ചു. തന്നെയുമല്ല അവരുടെ പടം ദിനപ്പത്രങ്ങളിൽ വരികയും ചെയ്തു. കാരണമെന്താണ്? തമിഴർ ഹിന്ദി പഠിച്ചുപോകരുത് എന്നു അവർ ശക്തിയായി ഉൽഘോഷിച്ചു. അതിനുവേണ്ടി പ്രക്ഷോഭണങ്ങൾ നടത്തി; മഹായോഗങ്ങളും ജാഥകളും പിക്കററിംഗും ക്രമീകരിച്ചു.

ഹിന്ദിവിരുദ്ധപ്രക്ഷോഭണം മദ്രാസ് പ്രവിശ്യയിൽ ഇപ്പോൾ ഒരു ശോചനീയമായ പ്രശ്നമായി തീർന്നിരിക്കയാണ്. മദ്രാസ് പട്ടണത്തിൽ മാത്രമല്ല തമിഴ്‌നാട്ടിലുള്ള പല വിദ്യാലയങ്ങളിലും ഹിന്ദി പഠിപ്പിക്കുന്നതിനെതിരായി സംഘടിതപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കയാണ്. ഈ പ്രക്ഷോഭണസംഘത്തിലെ ചില നേതാക്കന്മാരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ജയിലിൽനിന്നു വിമുക്തരായപ്പോഴാണു നായിക്കർക്കും അണ്ണാത്തുരയ്ക്കും പുഷ്പമാല്യം ലഭിച്ചത്. തമിഴ്‌നാട്ടിൽ ഹിന്ദിക്കെതിരായുള്ള പ്രക്ഷോഭണം ഇന്നാദ്യമല്ല. ഒരു പത്തു കൊല്ലങ്ങൾക്കു മുമ്പു മദ്രാസ് പ്രോവിൻസിലെ വിദ്യാലയങ്ങളിൽ ഹിന്ദി നിർബ്ബന്ധവിഷയമായി പ്രഖ്യാപനം ചെയ്തിരുന്നു. അന്ന് അതിന്നെതിരായി വിപുലമായ തോതിൽ പ്രകടനങ്ങൾ ഉണ്ടായിരുന്നു. ഇടക്കാലത്തു പല മാററങ്ങൾ വന്നു കഴിഞ്ഞു, എങ്കിലും അന്നത്തെ പ്രക്ഷോഭകാരികൾ മാത്രം അവരുടെ പഴയ വാദങ്ങളുമായി വീണ്ടും പുറത്തു വന്നിരിക്കുകയാണ്. ഇവരുടെ ന്യായങ്ങളും വാദഗതികളും വളരെ വിചിത്രങ്ങളാണ്.

പ്രധാനപ്പെട്ട രണ്ടോ മൂന്നോ ന്യായങ്ങൾ ചൂണ്ടിക്കാണിക്കാം. ഒന്നാമതായി ഹിന്ദിപാഠം തമിഴിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും സാരമായ ക്ഷീണം ഉണ്ടാക്കുന്നതാണ് എന്നു അവർ വിചാരിക്കുന്നു. വിദ്യാലയങ്ങളിൽ ഹിന്ദിയെക്കൂടെ പ്രവേശിപ്പിച്ചാൽ, തമിഴും ഹിന്ദിയും തമ്മിൽ എന്നും മത്സരം നടക്കുമെന്നും അക്കൂട്ടത്തിൽ തമിഴ് തോററുപോകുമെന്നുമായിരിക്കണം അവരുടെ ചിന്താഗതി. ഒന്നിലധികം ഭാഷകൾ പഠിക്കുന്നതു പരസ്പരം സഹായിക്കുകയും, ജ്ഞാ

നസമ്പാദനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുമെന്നാണ് നിർമ്മത്സര ബുദ്ധികൾ പറയുന്നത്. ഇംഗ്ലീഷു ഭാഷയ്ക്കു കല്പിച്ചുകൊടുത്തതുപോലെ ഒരു അധീശസ്വഭാവം ഹിന്ദിക്കു കൊടുക്കാതിരുന്നാൽ മതി. കൂടാതെ, ഭാഷാപഠനം വിദ്യാർത്ഥിക്കു ഒരു ഭാരമായിത്തീരരുത് എന്ന സംഗതിയും ശ്രദ്ധിച്ചാൽ മതിയാകുന്നതാണ്. മറെറാരു ന്യൂനത ദ്രാവിഡസംസ്കാരം ശോഷിച്ചു നാമാവശേഷമായിപ്പോകാൻ ഇടയുണ്ട് എന്നതാണ്. ഇതും വേണ്ടത്ര അടിസ്ഥാനമില്ലാത്ത ഒരു വാദഗതിയാണ്. ശുദ്ധമായ ആര്യസംസ്കാരമോ ദ്രാവിഡസംസ്കാരമോ ഇന്നു ഒരിടത്തും കാണാനില്ല. ലോകത്തിൽ പല വിധത്തിലുള്ള സംസ്കാരങ്ങൾ ഉണ്ട്. എങ്കിലും കാലം കഴിയുന്തോറും ഈ സംസ്കാരങ്ങൾ പരസ്പരം കലൻം ഏററ മുട്ടിയും, ലോകത്തിനൊട്ടുക്കു ഉണ്ടായിരിക്കേണ്ട ഏക സംസ്കാരത്തിലേക്ക്— ഒരു മാനവ സംസ്കാരത്തിലേക്കു—പ്രയാണം ചെയ്യുകയാണ്. അപ്പോൾ ഒരു കൂട്ടർ മാത്രം സംസ്കാരശുദ്ധിയുടെ പേരിൽ ഒഴിഞ്ഞുമാറി നിന്നാൽ, ഭാവിയിൽ അവർ ഒരു വക അധഃസ്ഥിതരായിപ്പോകുമെന്നുള്ളതിനു സംശയമില്ല.

വടക്കേ ഇന്ത്യൻ ആധിപത്യം തെക്കേ ഇന്ത്യയിൽ ഉണ്ടാകുമെന്നുള്ളതാണു മറെറാരു ആക്ഷേപം. ഹിന്ദി രാഷ്ട്രഭാഷ ആകുമ്പോൾ, ഇന്ത്യായൂണിയൻ വക മത്സരപ്പരീക്ഷകളിലും മററും, ഹിന്ദി മാതൃഭാഷ ആയിട്ടുള്ളവർക്കു കുറേക്കൂടെ ഉയൻ ജയിക്കാൻ കഴിയുമെന്നുള്ളതിൽ പരമാർത്ഥമുണ്ട്. പക്ഷേ ആ ദൌർബല്യം പരിഹരിക്കുന്നതിനു മററു പല മാർഗ്ഗങ്ങളും കണ്ടുപിടിക്കാവുന്നതാണ്. കേന്ദ്രഗവണ്മെൻറ കീഴിലുള്ള ഉദ്യോഗങ്ങൾക്കും മററും ജനസംഖ്യപ്രകാരമുള്ള അവകാശസംരക്ഷണം അസാദ്ധ്യമായ കാര്യമൊന്നുമല്ല. അതിനാൽ ഹിന്ദി പഠിച്ചുപോയതുകൊണ്ട് എന്നും വടക്കരുടെ പിന്നിൽ നില്ക്കേണ്ടി വരുമെന്നു വിചാരിക്കുന്നതു നിരർത്ഥകമാണ്.

നേരേ മറിച്ച് തമിഴർ മാത്രം ഹിന്ദി പഠിക്കാതിരുന്നാൽ അവർക്കു അതു ഒരു വലിയ ബലഹീനതയായിത്തീരുന്നതുമാണ്. തെലുങ്ക്, കന്നാടകം, മലയാളം എന്നീ തെക്കേ ഇന്ത്യൻ ഭാഷക്കാരെല്ലാം യാതൊരു ശല്യവും കൂടാതെ ഹിന്ദി സ്വീകരിച്ചിരിക്കുകയാണ്. 1941-ലെ സ്ഥിതിവിവരക്കണക്കിൻപ്രകാരം ഇന്ത്യായൂണിയനിലെ ജനസംഖ്യ 30 കോടിയാണ്. അതിൽ ദ്രാവിഡഭാഷകൾ സംസാരിക്കുന്നവരും, ഇന്ത്യായൂണിയനിലെ മുസ്ലീങ്ങളും ചേന്നാൽ 10 കോടിയോളം വരും. ബാക്കിയുള്ള 20 കോടിയിൽ പകുതിയോളം ഹിന്ദി കൈകാര്യം ചെയ്യാൻ അറിയാവുന്നവരാണ്. ഗുജറാത്തി, മറാത്തി, ബംഗാളി മുതലായ ഭാഷകൾക്കും ഹിന്ദിയോടു വളരെ അടുത്ത ബന്ധം ഉണ്ട്. അതിനാൽ അല്പപ്രയത്നം കൊണ്ടു അവക്കെല്ലാം രാഷ്ട്രഭാഷ മനസ്സിലാക്കാൻ കഴിയും. തമിഴക്കാണു ഹിന്ദി പഠിക്കാൻ ഏററവും പ്രയാസമുള്ളതു. കാരണം തമിഴിൽ സംസ്കൃതത്തിൻെറ അംശം വളരെക്കുറവാണ്. തെലുങ്ക, മലയാളം എന്നീ ഭാഷകളിൽ സംസ്കൃതപദങ്ങൾ ധാരാളം ഉള്ളതുകൊണ്ടു, സംസ്കൃതപ്രഭാവമുള്ള ഹിന്ദി പഠിക്കാൻ അവക്കു വലിയ പ്രയാസമില്ല. കാര്യമിങ്ങനെയൊക്കെ ആണെങ്കിലും രണ്ടര കോടിയിൽ താഴെയുള്ള തമിഴർ മാത്രം ഒഴിഞ്ഞുനിന്ന

# വിദ്യാഭ്യാസവും

# സൈനികപരിശീലനവും

പൂൎണ്ണമായ ജീവിതം എന്താണെന്നു കാണിച്ചുകൊടുക്കുകയും അതിന്നായി വിദ്യാൎത്ഥികളെ സഹായിക്കുകയും അതിലേക്കു അവരെ നയിക്കുകയും ചെയ്യുന്ന ഒരു പ്രസ്ഥാനമാണു വിദ്യാഭ്യാസമെങ്കിൽ, നമ്മുടെ നാട്ടിലെ വിദ്യാഭ്യാസപദ്ധതി വളരെയധികം പരിഷ്കരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ശരീരം, മനസ്സ്, ആത്മാവു എന്നീ മൂന്നു ഘടകങ്ങളും ആരോഗ്യപൂൎണ്ണമായ ഒരു അന്തരീക്ഷത്തിൽ വളൎന്നുവരേണ്ടതു പൂൎണ്ണമായ ജീവിതത്തിന്നു അനുപേക്ഷണീയമാണു്. ശാരീരികമായ വളൎച്ചയ്ക്കു സഹായിക്കുന്ന ചുററുപാടുകളും ഇന്നത്തെ വിദ്യാഭ്യാസത്തിന്നു വേണ്ടത്രകാണുന്നില്ല എന്നു ദുഃഖസമേതം സമ്മതിക്കേണ്ടിയിരിക്കുന്നു. അതുപോലെതന്നെ വിദ്യാഭ്യാസത്തിന്നു മതപരമായ ഒരു നിറം കലൎത്താതിരിക്കുന്നതിനുള്ള ശ്രമത്തിൽ, അതിൻെറ ആത്മീയഘടകത്തെ പാടെ ഉപേക്ഷിച്ചിരിക്കയുമാണു്. അങ്ങനെ പരസ്പര സഹായങ്ങളായിരിക്കേണ്ട ഈ മൂന്നു ഘടകങ്ങൾക്കും ഉചിതമായ സ്ഥാനവും പരിഗണനയും നൽകാതെ, ബാലൻസു തെററിയ ഒരു ജീവിതത്തിലേക്കാണു നമ്മുടെ യുവജനങ്ങളേ നാം തള്ളിവിടുന്നതു്.

പ്രാചീനകാലത്തു ഭാരതത്തിൽ പ്രചരിച്ചിരുന്ന വിദ്യാഭ്യാസ സമ്പ്രദായങ്ങളിലേക്കു ഒന്നു കണ്ണോടിച്ചു നോക്കുന്നപക്ഷം, ആത്മീയതയ്ക്കു അവർ കേന്ദ്രസ്ഥാനം കൊടുത്തിരുന്നതായി

---

തുകൊണ്ടു ഒരു പ്രയോജനവുമില്ല. ആവശ്യമില്ലാതെ ഒരു ദുർഘടപ്രശ്നം വലിച്ചു ജനങ്ങളുടെയും ഗവമ്മെണ്ടിൻെറയും തലയിൽ ഇടാമെന്നു മാത്രമേയുള്ളൂ.

മനഃശാസ്ത്രപരമായി ആലോചിച്ചു നോക്കിയാലും ഒരു കാൎയ്യം പഠിക്കരുതു് എന്നു പറയുന്നതു ഏററവും ബുദ്ധിശൂന്യമായിട്ടുള്ള ഒരു പരിപാടിയാണു്. ഹിന്ദിപഠിക്കുന്നതു പാപകരമായഒരുപ്രവൃത്തിയാണെന്നു ഈ പ്രക്ഷോഭകാരികളും പറയുകയില്ല. എന്നാൽ അതു നിൎബ്ബന്ധിതമാക്കുന്നതു അവൎക്കു സഹിക്കാൻ പാടില്ല എന്നേയുള്ളൂ. വിദ്യാഭ്യാസമന്ത്രിയുടെ പ്രസ്താവന അനുസരിച്ചു ഹിന്ദിപഠനം നിൎബ്ബന്ധമല്ല. ഹിന്ദിയോ മറെറതെങ്കിലും ഒരു രണ്ടാം ഭാഷയോ എടുത്താൽ മതി എന്നാണു അദ്ദേഹം പറയുന്നതു്. എന്നാൽ പല വിദ്യാലയങ്ങളിലും അതിനുള്ള സൌകൎയ്യങ്ങൾ ഇല്ല എന്നുള്ളതു പരമാൎത്ഥമാണു്. പിന്നെ എന്തിനാണു് ഈ വളച്ചുകെട്ടുകൾ എന്നു ഞങ്ങൾ അറിയുന്നില്ല. ഹിന്ദി രാഷ്ട്രഭാഷയാണെങ്കിൽ അതു ഭാവിയിൽ എല്ലാ വിദ്യാൎത്ഥികളും പഠിച്ചിരിക്കേണ്ടതാണു്. അതിനാൽ അതു നിൎബ്ബന്ധിതമാക്കുന്നതു ഏററവും യുക്തമായുള്ള ഒരു പരിഷ്കാരമാണു്. അതിന്നെതിരായി നടത്തുന്ന എല്ലാ പ്രക്ഷോഭണങ്ങളും, അനാശാസ്യവും, ബുദ്ധിശൂന്യവും, വിശാലദൎശനരഹിതവും ആണു് എന്നു പറയാൻ ഞങ്ങൾക്കു മടിയില്ല.

കാണാൻ കഴിയും. അതേ സമയം തന്നെ അവർ മററു രണ്ടു ഘടകങ്ങളേയും വിസ്മരിച്ചിരുന്നില്ല. മാനസിക പരിപോഷണത്തെക്കരുതി പഠനങ്ങളും, തർക്കങ്ങളും, ചച്ചകളും ധാരാളമായി നടത്തിവന്നു, അതു കൂടാതെ ദിനന്തോറും ശരീരംകൊണ്ടു വേലചെയ്തു സ്വയസംരക്ഷണസമത്ഥമായ രീതിയിൽ കാര്യങ്ങൾ പുരോഗമിക്കണമെന്നും അവക്കു നിർബ്ബന്ധമുണ്ടായിരുന്നു.

വിദേശ ഭരണകൂടത്തിന്റെ നിയന്ത്രണം ഹേതുവായും, ആധുനികസയൻസു വിഷയങ്ങൾക്കു കണക്കവിട്ടു പ്രാമാണ്യം കൊടുത്തതുകൊണ്ടും, മുമ്പേ സൂചിപ്പിച്ചതുപോലെ ശരീരം, ആത്മാവു എന്നീ ഘടകങ്ങൾ പുറന്തിള്ളപ്പെട്ടിരിക്കയാണ്. അതിലൊന്നിനേക്കുറിച്ചാണു ഇവിടെ ചിലതു പറയാൻ ഉദ്ദേശിക്കുന്നതു്. കണ്ണിൽകണ്ട നോട്ടുകളൊക്കെ കാണാതെ പഠിച്ചു്, വിജ്ഞാനപ്രവാഹമെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്ന പ്രസംഗങ്ങൾ കേട്ടുകേട്ടു, മന്ദിച്ചു മരവിച്ചു, പരീക്ഷാട്ടർഭ്രതത്തേ പകലിലും രാത്രിയിലും സ്വപ്നം കണ്ടു കഴിഞ്ഞുകൂടുന്ന ഒരുതരം ജീവികളാണുനമ്മുടെ വിദ്യാത്ഥികളെങ്കിൽ, അതിന്റെ ഉത്തരവാദിത്വം ആക്കാണുള്ളതു്? ഇന്നത്തെ വിദ്യാത്ഥിയുടെ അറിവു അവനൊരു ഭാരമാണ്. കാരണം അവൻ ഒരു ചുമട്ടുകാരൻ മാത്രമാണ്. ചുണയും, തന്റേടവും നശിപ്പിക്കുന്ന പരിതഃസ്ഥിതികളാണു നിലവിലിരിക്കുന്ന വിദ്യാഭ്യാസപദ്ധതിയിൽ കാണുന്നതു്.

ഈ സ്ഥിതിയുടെ ദയനീയത മനസ്സിലാക്കി, കായികവിദ്യാഭ്യാസത്തിന്നു് അല്പം ചില പ്രോത്സാഹനങ്ങൾ ഇപ്പോൾ കൊടുത്തുവരുന്നുണ്ടു്. എങ്കിലും അവ തൃപ്തികരങ്ങളാണെന്നു പറഞ്ഞുകൂടാ.

ഒരു വ്യക്തിയുടെ ജീവിതം പൂണ്ണമാകുന്നതു, സമുദായത്തോടു അയാൾക്കുള്ള കടമകൾ സമത്ഥമായി നിവ്വഹിക്കുമ്പോൾ മാത്രമാണ്. മററൊരു വിധത്തിൽ പറഞ്ഞാൽ, പൌരധമ്മം ശരിക്കു ഉദ്ബോധിപ്പിക്കുന്നതും ദേശത്തെ സേവിക്കുന്നതിനു ഹൃദയംഗമമായ ഒരുഅഭിലാഷം സഞ്ജാതമാക്കുന്നതുമായ ഒരു അന്തരീക്ഷം ശരിയായ വിദ്യാഭ്യാസ പദ്ധതിയിൽ ഉണ്ടായിരിക്കേണ്ടതാണ്. അദ്ധ്യാപന പരിപാടികൾ ഇയ്യിടെ പരിഷ്ക്കരിച്ചപ്പോൾ ഈ ഘടകത്തിനു ഗണ്യമായ സ്ഥാനം കൊടുത്തിരിക്കുന്നതായി നമുക്കു കാണാം.

മേൽപ്പറഞ്ഞതിന്നു ഒരു പ്രധാന ദൃഷ്ടാന്തമാണു സൈനികപരിശീലനത്തിനു വിദ്യാഭ്യാസപദ്ധതിയിൽ ഇയ്യിടെ കൊടുത്തിരിക്കുന്ന സ്ഥാനം, ഇക്കഴിഞ്ഞ ജൂലായി 15-ാംതിയ്യതി വരെ സവ്വകലാശാലകളിൽ അങ്ങുമിങ്ങും നാമമാത്രമായി ചിലപരിശീലനങ്ങൾ നൽകിവന്നു. ഇരുപതു വഷങ്ങളോളം യൂണിവേർസിററി ട്രെയിനിംഗ്ഗ കോർ എന്ന പേരിലും, ഇക്കഴിഞ്ഞ 5 വഷങ്ങളായി യൂണിവേഴ്സിററി ആഫീസേഴ്സ് ട്രെയിനിംഗ്ഗ കോർ (U. O. T. C.) എന്നു പേരിലും അറിയപ്പെട്ടിരുന്ന പദ്ധതിയേയാണു ഞാൻ പരാമശിക്കുന്നതു്. ഇപ്പോൾ അതു ഒരു ദേശീയപ്രസ്ഥാനമായി പരിവത്തനം ചെയ്യിച്ചു ഒരു വലിയതോതിൽ രൂപവൽക്കരിച്ചു വരുന്നു. നാഷനൽ കേഡററ് കോർ (National Cadet Corps) എന്നു പേരിൽ രൂപവൽ

ക്കരിച്ചിരിക്കുന്ന ഈ പദ്ധതിക്കു മൂന്നു വിഭാഗങ്ങളുണ്ടു്. എല്ലാ പ്രധാന കോളേജുകളിലും ശാഖകൾ ഉണ്ടായിരിക്കത്തക്കവണ്ണം ഒരു സീനിയർ വിഭാഗവും, സ്ക്കൂളുകളിൽ പെൺകുട്ടികൾക്കും, ആൺകുട്ടികൾക്കുമായി രണ്ടു ജൂണിയർ വിഭാഗങ്ങളുമാണു പരിപാടിയിൽ ചേത്തിരിക്കുന്നതു്. അവയിൽ പെൺകുട്ടികളുടെ പ്രത്യേക വിഭാഗത്തിൻെറ പ്രവത്തനം അല്പ കാലത്തേക്കു മാററിവച്ചിരിക്കുകയാണു്.

നാഷനൽ കേഡററ്കോറിൽ അംഗങ്ങളായിത്തീരുന്ന യുവതീയുവാക്കന്മാർ യുദ്ധസേവനത്തിനു ഒരു വിധത്തിലും നിർബ്ബന്ധിതരായിത്തീരുന്നില്ല. അവക്കു സൗജന്യമായി യുദ്ധപരിശീലനം ലഭിക്കുന്നു. യുദ്ധമെന്നു പറയുന്നതു് അന്യനേ നശിപ്പിക്കുന്നതിനുള്ള ഒരു സംഘടിതശ്രമം മാത്രമാണെന്നും, അതിനാൽ ആവിധത്തിലുള്ള പരിശീലനം സജ്ജനങ്ങൾക്കു ആശാസ്യമല്ല എന്നും വിധിക്കുന്ന ഒരു കൂട്ടരുണ്ടു്.

അവരുടെ അഭിപ്രായത്തെ ആദരിക്കുന്നതോടൊപ്പംതന്നെ, ഒന്നു രണ്ടു ചോദ്യങ്ങൾ അവരോടു ചോദിക്കേണ്ടതായിട്ടാണിരിക്കുന്നതു്. രാഷ്ട്രങ്ങളും, സാമ്രാജ്യങ്ങളും സ്വാതന്ത്ര്യം കൈവെടിഞ്ഞു .സമാധാനത്തിനുവേണ്ടി എന്തും ബലി കഴിക്കാം എന്നുള്ള നിലയിൽ എത്തിയിട്ടുണ്ടോ? ആ നിലയിൽ എത്തിയിട്ടില്ലെങ്കിൽ മററു രാഷ്ട്രങ്ങളെ ചൂഷണം ചെയ്യണമെന്നു തെല്ലുംആഗ്രഹമില്ലാത്ത ഒരു രാഷ്ട്രത്തിന്നു് വെളിയിൽനിന്നുമുള്ള ആക്രമണത്തെ എതിക്കുന്നതിനു വേണ്ട മുൻകരുതലുകൾ അവശ്യമല്ലെ? അതിന്നായി സേവനസന്നദ്ധതം പ്രാപ്തരുമായ യുവജനങ്ങൾക്കു പരിശീലനം നൽകേണ്ടതല്ലെ? വിദ്യാലയങ്ങളിൽ നൽകുന്ന സൈനികപരിശീലനം ആരംഭപാഠങ്ങൾ മാത്രമാണു്. പക്ഷെ സൈനികസേവനത്തിൽ പ്രത്യേകം താല്പര്യവും, പ്രാപ്തിയുമുള്ളവരെ കണ്ടുപിടിക്കാൻ അതു ധാരാളം മതിയാകും.

ഇതിനേക്കാൾ പ്രധാനമായി ഞങ്ങൾക്കു തോന്നുന്നതു്, ഈ പരിശീലനംകൊണ്ടു ഓരോ വ്യക്തിക്കും ഉണ്ടാകുന്ന നേട്ടത്തിൻെറ ഗണനീയതയത്രെ. പാശ്ചാത്യ രാജ്യങ്ങളിലെ വിദ്യാഭ്യാസപദ്ധതിയിൽ പണ്ടേ ഇതു ഒരു പ്രധാന ഘടകമാണു്. ഏതു തൊഴിലിനു പോയാലും ഈ പരിശീലനം ഏററവും സ്വാഗതാഹമായിട്ടാണു അവർ കരുതുന്നതു്. അച്ചടക്കം, അനുസരണം എന്നിവ സഹജമായി സ്വഭാവത്തിൽ വേരുറയ്ക്കുന്നു. ജീവിതവിജയത്തിനു ഇതു അത്യാവശ്യമാണു്. പ്രായോഗിക ജീവിതത്തിൽ കഷ്ടങ്ങളും പ്രയാസങ്ങളും ഉണ്ടാകുമ്പോൾ ചങ്കുറപ്പോടുകൂടെ അവയെ നേരിടുന്നതിനുള്ള ധൈര്യവും, ഏതു ഉയന്ന നിലയിൽ ഇരിക്കുന്ന ആളിനോടും ചുണയായി എന്നാൽ ധിക്കാരം കൂടാതെ സംഭാഷിക്കുന്നതിനുള്ള തൻേറടവും, ചൊടിയായും ചുറുക്കായും കാര്യങ്ങൾ നിവ്വഹിക്കുന്നതിനുള്ള പൗരുഷമാഹാത്മ്യവും ഇന്നത്തെ വിദ്യാത്ഥിക്കു ലഭിക്കണമെങ്കിൽ, വിദ്യാലയങ്ങളിൽ പ്രദാനം ചെയ്യുന്ന ഈ സൈനികപരിശീലനം അയാൾ സഹഷം സ്വീകരിക്കേണ്ടതാണു്. അതുകൊണ്ടു ഈ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതു വ്യക്തിയുടെയും സമുദായത്തിൻെറയും ഭാവിയെ ശോഭനമാക്കുമെന്നുള്ളതിനു സംശയമില്ല.

—— : ——

(48-ാം പേജിൽ നിന്നു തുടൎച്ച)

ഇന്ത്യയിൽ ഉദ്യോഗം ഭരിക്കുന്ന യൂറോപ്യന്മാർ അതാതു നാട്ടുഭാഷകൾ പ്രത്യേകിച്ചു ഹിന്ദുസ്ഥാനി—റോമൻലിപിയിൽ എഴുതിപഠിക്കാറുണ്ടു്. അതവൎക്കു നിൎബ്ബന്ധവുമായിരുന്നു. അതുപോലെതന്നെ വ്യാപാരസംബന്ധമായി ഒരു രണ്ടാംഭാഷയുടെ നിലയിൽ റോമൻലിപി ഉപയോഗിച്ചു മലയാളഭാഷ എഴുതാനും വായിക്കാനും ടൈപ്പുചെയ്യാനും പഠിക്കാമല്ലൊ. വ്യാപാരവിഷയത്തിൽ ഏൎപ്പെടുന്നവർ മിക്കവാറും 100നു പത്തുപേരിലധികം കാണുമെന്നുതോന്നുന്നില്ല. അവൎക്കുവേണ്ടി ബാക്കി 90 ശതമാനം പേരെ എന്തിനു വിഷമിപ്പിക്കണം? അതു നിൽക്കട്ടെ.

ഇന്ത്യയുടെ ഒരു ചെറിയ ഭാഗമാണു കേരളം. സൎവ്വേന്ത്യാ അടിസ്ഥാനത്തിൽ ഒരു പൊതുലിപി നമ്മുടെ ദേശീയ ഗവൎമ്മെണ്ടു അംഗീകരിക്കാതിരിക്കുമോ. ആ ലിപി ഏതാണെന്നു ഇനിയും തീൎച്ചയായിട്ടില്ല. ഒരു പക്ഷെ ദേവനാഗരിയായിരിക്കാം. അഥവാ റോമനായിരിക്കാം.

ഏതായാലും അതു തീൎച്ചപ്പെടുത്തുന്നതുവരെയെങ്കിലും നാം അടങ്ങിയിരിക്കുന്നതാണു നല്ലതു്.

എൻ. ഗോവിന്ദൻകുട്ടി.
സിക്രട്ടരി, കേരളസാഹിത്യസമിതി.
ഫോൎട്ടു് കൊച്ചി

‘മാഗസൈൻ ടച്ച്’’

ലോകവാണിയുടെ സ്വാതന്ത്ര്യ ദിനപ്പതിപ്പിൽ ‘മാഗസൈൻ ടച്ച്’ എന്ന ഇംഗ്ലീഷുപദം മുമ്പു ഞാൻ പ്രയോഗിച്ചിരുന്നതു സ്വന്തം സൃഷ്ടിയോ, മററു വല്ലവരുടേതോ? എന്നൊരു ചോദ്യം കണ്ടു. അതു് എൻെറ സ്വന്തമല്ല; ‘പെൽ മെൽ Pall Mall) ഗസററ്’’ എന്നു അതിൽ പ്രസ്താവിച്ചിരുന്ന ഇംഗ്ലീഷുപത്രത്തിൻെറ പത്രാധിപരുടെ സൃഷ്ടിയാണു്. ‘ദ്രുതഗതിയിൽ സാഹിത്യം രചിക്കുന്നവരെ’ന്നു മോർലിപ്രഭു വൎണ്ണിച്ചിട്ടുള്ള പത്രപ്രവൎത്തകർ പല പുതിയ പദങ്ങളും സൃഷ്ടിക്കാറുണ്ടു്. അമരേശവും സിദ്ധരൂപവും ലംഘിച്ചിട്ടുള്ളവയായിരുന്നാലും, ഇവ ഭാഷാപദാവലിയിൽ സ്ഥിരമായി സ്ഥാനം പിടിച്ചുവരികയും ചെയ്യുന്നു. ആഢ്യന്മാരായ സാഹിത്യകാരരോടു മാത്രം സമ്പൎക്കമുള്ള മിക്കഭാഷാ പ്രൊഫസ്സർമാരുംഈ അധഃകൃതരുടെ സൃഷ്ടി അറിയാതെയിരിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

എ. ബാലകൃഷ്ണപ്പിള്ള.

———

" ലൌകികമായ യാതനകളെല്ലാം നിങ്ങളെ പിന്നോട്ടു തള്ളുമ്പോഴും ജീവിതാദൎശങ്ങളിൽ അടിയുറപ്പിച്ചുകൊണ്ടു് നിങ്ങൾക്കു സധൈൎയ്യം മുന്നോട്ടു പോകാമോ ? "

വിവേകാനന്ദൻ.

# രൂപമോ, രൂപയോ

വെണ്ണിക്കുളം

നന്നായിരിക്കണം കാന്ത ; യോർത്താൻ 'കുമാർ':–
ഒന്നാന്തരം ചിന്ത ; ചെററില്ല തെററതിൽ.
ഞാൻ കണ്ട കൂട്ടരിലാരുമില്ലാരു, മി–
ന്നേതൻ കിനാവുണ്ണാത്തൊരാരബ്ധ യൌവനൻ.

എന്താണു നന്നാവലെന്നോ ? – കുമാറിൻെറ
ചിന്താപ്രകാരം കുറിയ്ക്കാം കുറച്ചു ഞാൻ:-

" കല്യാണിയേററം വെളുത്തപെണ്ണാവണം
കണ്ടാൽ കൊതിക്കുന്ന കണ്ണായിരിക്കണം.
നീളം മുടിച്ചുരുൾച്ചാർത്തു തിങ്ങിപ്പുറ–
ന്നോളം തുളുമ്പുന്ന മട്ടായിരിക്കണം.
ചെന്താർമുഖത്തിന്നു പിന്നിലകുന്തളം
സന്ധ്യയ്ക്കു പിമ്പേ തമസ്സുപോലാവണം.
മന്മനോദുഃഖങ്ങളൊക്കെക്കൃശാംഗിതൻ
മന്ദഹാസംകൊണ്ടു മാഞ്ഞുപോയീടണം.
മാറിനിന്നീടെന്നു ബാല്യത്തൊടോതിട്ടു–
മ്മാറായിരിക്കണം പ്രായം, മദാലസം.
ഗാനവൈദഗ്ദ്ധ്യം മികച്ചതല്ലെങ്കിലു–
മാനന്ദദായിയാം ശബ്ദമായീടണം.
കൊണ്ടുപോയീട്ടുവാൻ തോന്നണമൊന്നിച്ചു
കണ്ടു മോദിപ്പാൻ ചലച്ചിത്രമത്രയും.
'ഷെല്ലി'യും 'കീററ്സും' രസിക്കയില്ലെങ്കിലും
തെല്ലൊരിംഗ്ലീഷവൾക്കുണ്ടായിരിക്കണം.
ഇത്രയും ചേരണം വിത്തവാനേകൻെറ
പുത്രിയായാലതും നന്നെന്നു ചൊല്ലിടാം.
അല്ലവൾ നിസ്വയാണെന്നു വന്നീടിലു-
മില്ലമേ കുണ്ഠിതം വേൾക്കുമം സകൗതുകം."

കൊള്ളാം മനോരഥ, മെങ്കിലും താങ്കളി–
നുള്ളിലേശ്ശൊട്ടും കടന്നില്ല തോഴരേ !
ശ്രേഷ്ഠം പുറന്തൊലിപ്പൂച്ചെന്നു കേൾപ്പൂ ഞാൻ
മുഖ്യം മനോഗുണം പാടേ മറന്നുവോ ?

ആ യുവാവിൻ മതം കേൾക്കുവിൻ ; "കന്യയി-
ലാശാസ്യമത്രേ സ്വഭാവസൌന്ദര്യവും.
എങ്കിലും കണ്ടാലറയ്ക്കും ഗുണാഢ്യയാം
പെൺകോലമൊന്നിനെ കൈക്കൊൾക ദുസ്സഹം! "

ഏതും ചലിക്കേണ്ട, കാത്തുപോന്നീടുമീ–
യാദർശനിഷ്ഠയ്ക്കു കൂപ്പുകൈ, തോഴരേ !

വേട്ടു കുമാരെന്നു പിന്നീടു കേട്ടു ഞാൻ
കൂട്ടുകാരെല്ലാം കുലുങ്ങിച്ചിരിച്ചുപോയ്.
കല്യാണഘോഷം കഴിഞ്ഞതവാറാളുകൾ
ചൊല്ലിയതെന്തെന്നു മാത്രം കഥിച്ചിടാം:-

" ഉണ്ടായിരിക്കുമീ പ്പെണ്ണിന്റെ താതന്നു
കണ്ടങ്ങൾ പണ്ടങ്ങളൊട്ടേറെയെങ്കിലും,
നോക്കിയാലാർക്കും വെറുപ്പു തോന്നീടുമി-
ക്കാക്ക കറുമ്പിയ്ക്കുമുണ്ടായി വല്ലഭൻ !
യുക്തം, 'കരിഞ്ചന്ത' കാട്ടിക്കൊടുത്തോരു
പുത്തൻ കുബേരന്റെ കുഞ്ഞോമലല്ലയോ ?
പൊന്നിൻ വിഭൂഷയിക്കൽക്കരിമേനിയിൽ
മിന്നുന്നു കൊണ്ടലിൽക്കൊള്ളിയാൻ പോലവേ."

ഏതിനെക്കാമ്യമെന്നെണ്ണുന്നു കൂട്ടരേ,
ചോദിച്ചുകൊള്ളട്ടെ, രൂപമോ, രൂപയോ ?

—:o:—

സ്വയം അനുഭവിക്കാനിടവന്നാൽ നിങ്ങൾക്കു ഭ്രാന്തു പിടിപ്പിക്കുന്ന സംഗതികൾ അന്യന്നു സംഭവിക്കുമ്പോൾ നിങ്ങളെ ചിരിപ്പിക്കുന്ന ആ മനോഭാവമില്ലേ, അതാണു വിനോദരസികത്വം.

# കെ. സി. മാമ്മൻ മാപ്പിള

ഈ. എം. കോവൂർ.

നട്ടുച്ചനേരത്തു നിങ്ങൾ കടൽപ്പുറത്തിരുന്നിട്ടുണ്ടോ എന്തോ. ഏതായാലും ഞാനിരുന്നിട്ടുണ്ട്; ആലപ്പുഴയും, കോഴിക്കോട്ടും, തിരുവനന്തപുരത്തുമെല്ലാം. തഴച്ചു വളർന്ന നമുക്കു മീതെ പച്ചക്കൊററക്കുടയും നിവർത്തു നില്ക്കുന്ന വല്ല തെങ്ങിന്റെയും തണൽപററി ഇരുന്നുകൊള്ളണം. എന്നിട്ടാണാ പാരാവാരത്തെ നോക്കേണ്ടതു്.

ആകാശം പതിവിൽകവിഞ്ഞ് അപ്പോൾ നീലാഭമായിത്തോന്നിക്കും. അങ്ങിങ്ങായി തങ്ങി നില്ക്കുന്ന മേഘശകലങ്ങൾ, ആർക്ക് ലൈററുകളുടെ പ്രകാശത്തിൽ, പ്രണയിച്ചുനിൽക്കുന്ന സിനിമാതാരങ്ങളുടെ കവിൾത്തടങ്ങൾ പോലെ ജാജ്വല്യമാനമായിരിക്കും. നോക്കെത്താതെ കിടക്കുന്ന ആ ജലപ്പരപ്പ് ഒരു കളിപ്പൊയ്ക പോലെ പ്രശാന്തസുന്ദരമായി വിതർന്നു കിടക്കും. സിൽക്കു സാരിയിൽ വീണ ഞൊളികൾ പോലെ അതിന്റെ മീതെ ലോലകല്ലോലങ്ങൾ പരസ്പരം ഒളിച്ചു കളിച്ച് പിടികിട്ടുമ്പോൾ പൊട്ടിച്ചിരിക്കുന്നതു കാണാം. വെള്ളക്കുതിരകളുടെ കുഞ്ചിരോമങ്ങൾ എവിടേയും. വീപ്പു മുട്ടിക്കുന്ന തരം ഒരു ആകർഷകത്വം.

ശ്രീ: കെ. സി. മാമ്മൻ മാപ്പിളയുടെ മുമ്പിലിരിക്കുമ്പോൾ മേൽപ്പറഞ്ഞ ചേതോവികാരമാണു എനിക്കുണ്ടാകുക.

അടുത്ത ചാരുകസാലയിൽ അദ്ദേഹമങ്ങനെ കിടക്കുകയാണ്. നൂൽപ്പഞ്ഞി പോലെ വെളുത്ത ആ തലമുടിയും, മേൽചുണ്ടിനെ മുഴുവനായി മറച്ച് വീണു താണടിഞ്ഞു കിടക്കുന്ന മേൽമീശയും കടൽത്തരംഗങ്ങൾ സൃഷ്ടിക്കുന്ന നുരയേയും പതയേയുമാണു എന്നെ ഓർമ്മിപ്പിക്കുക. കുട്ടിക്കാലത്തു പൊന്നും തേനും അരച്ച് ഒട്ടുവളരെയകത്താക്കിയതിനാലായിരുന്നിരിക്കണം, ഈ വാർദ്ധക്യകാലത്തും അദ്ദേഹത്തിന്റെ തൊലിയ്ക്ക് ഇത്തരം സ്വർണ്ണാഭയുള്ളതു്. ഭീമനെപ്പററിക്കുവാൻ വൃദ്ധവേഷംഭാവിച്ചു വഴിയിൽ കിടന്ന ഹനുമാന്റെ പുരികങ്ങൾ പോലെ വളർന്നു നീണ്ടു താഴേക്കു കിടക്കുന്ന ആ പുരികരോമങ്ങൾക്കിടയിൽ, താണു താണു മിക്കവാറും അദൃശ്യങ്ങളായിത്തന്നെ സ്ഥിതിചെയ്യുന്ന ആ കരിങ്കണ്ണുകൾ എന്താണു നിരൂപിക്കുന്നതെന്നും കാണുന്നതെന്നും ഗ്രഹിക്കുവാൻ നിങ്ങൾക്കു സാധിച്ചെങ്കിൽ നിങ്ങൾ ജയിച്ചു—പക്ഷേ അതിനു കഴിവുള്ളവർ ഇന്നു വരെയും ഉണ്ടായിട്ടില്ലെന്നു മാത്രം.

ശ്രീ. മാമ്മൻ ഏതു വേഷവും ധരിക്കും—ഏതു വേഷവും അദ്ദേഹത്തിനു യോജിക്കും. സൂട്ടാണെങ്കിൽ ഇന്നു

ബോംബെയിലോ ബാങ്കളൂരിലോ ഫാഷ്യനിലിരിക്കുന്ന തരം സൂട്ടുകളായിരിക്കും അദ്ദേഹത്തിൻെറ പുത്രന്മാർ അദ്ദേഹത്തിനു ശരിപ്പെടുത്തി അയക്കുക. വെളുത്ത അരക്കയ്യൻ ഷർട്ടും ഒരു ടർക്കിഷ് ബാത്ത് ടൌവ്വലുമായിട്ടായിരുന്നു അദ്ദേഹം ജയിൽവിമുക്തനായ ശ്രീ. സി. കേശവനെ അനുമോദിക്കുവാൻ കൂടിയ മനുഷ്യസാഗരമഹായോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുവാൻ പണ്ട് ആലപ്പുഴയ്ക്കു പോയതു്. ഇന്നദ്ദേഹം ജൂബായിലാണു വിശ്വസിക്കുന്നതു്; അടിയിൽ ബനിയൻ ധരിക്കാതെ മസ്ലിൻ പോലെ മൃദുലമായ ജൂബയിൽ. അതിൻെറ മുൻവശം സദാ തുറന്നുകിടക്കും; സ്വർണ്ണത്തകിടിൽ വെള്ളിക്കമ്പികൾ പിണഞ്ഞു കിടക്കുന്ന പോലെ തോന്നിക്കുന്ന ആ കനകമാറും കാട്ടി.

കോട്ടയത്തെ മനോരമ ആപ്പീസിനു പിൻവശമുള്ള മുറിയിലേക്കു നിങ്ങൾ ഇറങ്ങി പ്രവേശിക്കുമ്പോൾ, അതിൽ ചിന്നിയും ചിതറിയും, കൂടിയും മറിഞ്ഞും കിടക്കുന്ന പുസ്തകങ്ങളും, പത്രങ്ങളും, കടലാസ്സുകളും കണ്ടാൽ, റസ്സാക്കറന്മാർ കയറി അല്പനേരത്തിനു മുമ്പു കൊള്ള നടത്തിയിട്ടിറങ്ങിപ്പോയ ഒരു പുസ്തകഷാപ്പാണോ അതെന്നു നിങ്ങൾക്കു തോന്നിപ്പോകും. അതിൻെറയിടയിൽ, പുറംപാട്ടുകളെക്കുറിച്ചു യാതൊരു ബോധവുമില്ലാത്ത തരത്തിൽ, കൈയ്യിലൊരു ഫൌണ്ടൻ പേനയും, അടുത്തൊരു കുപ്പി മഷിക്കുപ്പിയും, നെഞ്ചത്തു 'ലണ്ടൻ ടൈംസോ', മെർക്കുറി'യോ, 'ഹിബർട്ട് ജർണലോ' നിവർത്തു വച്ചുകൊണ്ടും ഒരാൾ സുഖമായി ഒരു ചാരുകസാലയിൽ കിടന്നുറങ്ങുന്നതു കാണാം— അതാണു ശ്രീ. മമ്മൻ. പേനയിൽ നിന്നു അനുസ്യൂതം ജൂബായിലും മുണ്ടിലും പതിക്കുന്ന കുപ്പിങ്ക് മഷി അലക്കുകാരുടേയും അദ്ദേഹത്തിൻെറ ഗൃഹാധിപയുടേയും തീരാത്ത ഒരു തലവേദനയാണ്. പക്ഷേ അദ്ദേഹത്തിൻെറ പോക്കങ്ങിനെയാണ്; ആർക്കും അക്കാര്യത്തിൽ ഒന്നും ചെയ്യാൻ സാധ്യമല്ല.

പേന കൊണ്ടു്, വായിക്കുന്ന ഭാഗങ്ങൾ വരച്ചു വരച്ചേ അദ്ദേഹത്തിനു വായിപ്പാൻ സാധിക്കയുള്ളു. ഏതെങ്കിലും ഗ്രന്ഥമോ പത്രമോ അദ്ദേഹം വായിച്ചു തീരുമ്പോൾ അതു പേന കൊണ്ടു നീട്ടി ഉഴുതിട്ട ഒരു മുണ്ടകപ്പാടമായി നമുക്കു തോന്നിക്കും.

ഈ ഉറക്കം ഒരു തല്ക്കാല ക്ഷീണം തീർക്കൽ മാത്രമാണ്— വായിക്കയും എഴുതുകയും, എഴുതുകയും വായിക്കയും ചെയ്യുന്നതിൻെറ ഇടയിലുള്ള ഒരു 'പൂച്ചയുറക്കം' മാത്രം. ഉറക്കം ഇത്രമാത്രം ആവശ്യമില്ലാത്ത ഒരു മനുഷ്യവ്യക്തിയെ ഞാനറികയില്ല. രാത്രികൾ തന്നെ അദ്ദേഹം ഉറക്കമില്ലാതെ വേണമെങ്കിൽ കഴിച്ചുകൂട്ടും. നിങ്ങൾ ഇരുപതുകാരനോ നാല്പതുകാരനോ ആയിക്കൊള്ളട്ടെ; നിങ്ങൾക്കക്കാര്യത്തിൽ അദ്ദേഹത്തെ തോല്പിക്കുവാൻ സാധിക്കില്ല.

നിങ്ങളൊന്നു ചുമയ്ക്കുകയോ, കാൽ തറയിലിട്ടുരയ്ക്കുകയോ ചെയ്താൽ അദ്ദേഹം ഉണരും. തൻെറ വായനയും എഴുത്തും എല്ലാം പിന്നീടദ്ദേഹം മറക്കും. നിങ്ങളൊരു വ്യക്തി മാത്രമെ പിന്നീടദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ലോകത്തുള്ളൂ.

ചിരിപ്പിക്കുവാൻ കഴിവുള്ളവരാണ് അദ്ദേഹത്തിനേററവും ഇഷ്ടമുള്ള

മനുഷ്യർ. ശ്രീ. ഇ. വി. കൃഷ്ണപിള്ള തന്റെ ആദ്യസന്ദർശനത്തിൽ തന്നെ ചിരിപ്പിച്ചു ചിരിപ്പിച്ച് ശ്രീ മാമ്മനെ തന്റെ പാർശ്വവർത്തിയാക്കി. ഫലിതത്തിന്റെ ഒരു നേരിയ– വിദ്ദൂര–ലാഞ്ഛന കണ്ടാൽ മതി, തിരുവിതാംകൂർ നാഷനൽ ബാങ്കും, മലയാള മനോരമയും അതുപോലെ അനേകം മഹൽസ്ഥാപനങ്ങളും സൃഷ്ടിച്ചു വളർത്തിയ ആ ഗംഭീരചിത്തൻ ചിരിതുടങ്ങുവാൻ. ആ ചിരി, ഫലിതത്തിനൊരുതരം 'കപ്പപ്പുറം വള' മാണ്. ഒരു ഫലിതത്തിൽ നിന്നും അതു് അമ്പതു മുളകൾ കരുപ്പിക്കും. ചിരിയുടെ കാര്യത്തിലും, അന്യരെ അനുമോദിക്കുന്ന കാര്യത്തിലും അദ്ദേഹത്തിനൊരു ലോഭവുമില്ല. കുട്ടികൾ ചിരിക്കുംപോലെ കിടന്നു പൊട്ടിച്ചിരിക്കും ; പള്ള തിരുമ്മും ; ഓർത്തോർത്തു ചിരിക്കും.

ശ്രീ. മാമ്മൻ ഒരു പ്രഭുവാണ് ; ജനനം കൊണ്ടൊരു പ്രഭുവാണ് ; ജന്മസിദ്ധികൾ കൊണ്ടൊരു പ്രഭുവാണ്; നേട്ടങ്ങൾ കൊണ്ടൊരു പ്രഭുവാണ്; വാക്കിലും പ്രവൃത്തിയിലും കൊടുക്കുന്നതിലും എല്ലാം എല്ലാം അദ്ദേഹം ഒരു പ്രഭുവാണ്. പത്തായും നൂറായും അദ്ദേഹത്തിനു ചിന്തിക്കുവാൻ സാദ്ധ്യമല്ല. സമ്പാദിക്കുന്നതു ലക്ഷക്കണക്കിന്; ആലോചിക്കുന്നതു ലക്ഷങ്ങളേക്കുറിച്ച്, സംരംഭങ്ങൾ ആരംഭിക്കുന്നതു് ലക്ഷങ്ങൾ ഉൾക്കൊള്ളുന്നതു്.

ഇദ്ദേഹത്തിനു സ്വന്തമായി പെട്ടിയില്ല; താക്കോലില്ല; പൂട്ടുമില്ല. കൊടുക്കണമെന്നു തോന്നിയാൽ കണ്ണും കൈയ്യും മറന്നു കൊടുത്തുകളയും. അന്യരുടെ തൃപ്തിയിൽ നിർവ്വാണസൗഖ്യം കാണുന്ന ചിലരുണ്ടല്ലോ– അവരിലൊരാളാണു ശ്രീ. മാമ്മൻ.

നിങ്ങളുടെ പ്രത്യേക ഭ്രാന്തെന്താണ്– അതാണു ശ്രീ. മാമ്മന്റെയും തൽക്കാലത്തേക്കുള്ള ഭ്രാന്ത്. വിന്ധ്യനും തുംഗഭദ്രയ്ക്കും തെക്കുള്ള ഭൂവിഭാഗത്തെ ദ്രാവിഡനാടെന്നോ കുബേരനാടെന്നോ ഉള്ള പേരിൽ ഒരു മഹാരാഷ്ട്രമായി സംഘടിപ്പിക്കണമെന്നുള്ളതാണോ നിങ്ങളുടെ പനി– ശ്രീ മാമ്മൻ ആ പ്രസ്ഥാനത്തിന്റെ ആകർഷകതയെക്കുറിച്ചു നിങ്ങളെക്കാറും ഉത്സുകനാണ്. ഋഗ്വേദകാലം മുതലുള്ള അതിന്റെ ചരിത്രപശ്ചാത്തലം ഒരു ഈസോപ്പുകഥയുടെ ലാഘവത്തിൽ നിങ്ങൾക്കദ്ദേഹം പറഞ്ഞുതരും. അതിന്റെ സാമ്പത്തിക സാദ്ധ്യതകൾ, സംരക്ഷണച്ചെലവുകൾ, രാഷ്ട്രീയ പ്രത്യാഘാതങ്ങൾ ഇവയെല്ലാം എഞ്ചുവടി ചൊല്ലുന്ന മട്ടിൽ അദ്ദേഹം വിവരിച്ചു തരും. അല്ല, കേരളസംസ്കാരത്തെയുയർത്തുവാൻ ഒരു 'പീപ്പിൾസ് തിയേറ്റർ' ഉണ്ടാക്കണമെന്നുള്ളതാണോ നിങ്ങളുടെ കിനാവ്, ശ്രീ. മാമ്മൻ അതിലും നിങ്ങളെപ്പോലെ തല്പരനാണ്. കമ്പനി സൃഷ്ടിക്കും, വ്യവസായ സംരംഭോൽഘാടനങ്ങൾക്കും, അതിനും ഇതിനുമായി അദ്ദേഹത്തെ ഒരു ദിവസം സമീപിക്കുന്നവർ എത്ര വളരെ! അവരുടെയെല്ലാം പ്രസ്ഥാനങ്ങളിൽ ശ്രീ. മാമ്മൻ അവരെപ്പോലെ തന്നെ തല്പരനാണ്.

സൂര്യനു കീഴിലുള്ള യാതൊരു വിഷയത്തിലും അദ്ദേഹത്തിനു താല്പര്യമില്ലാതില്ല. കെമിക്കൽ ടെക്നോളജിയുമായി എത്തുന്ന ഒരുവൻ വിചാരിക്കും ശ്രീ. മാമ്മന്റെ താല്പര്യമുള്ള ഏക വിഷയം കെമിക്കൽ ടെക്നോളജിയാണെന്നു്. 'ച്യവനപ്രാശ് ഇൻ ബ്ലഡ് ധന്വന്തരി' എന്നോ മറേറാ ഉള്ള ഒരു ആയുർവ്വേദ സർവ്വ

രോഗസംഹാരിയുമായി ഒരുവൻ അടുത്താൽ അദ്ദേഹത്തിൻെറ ഉത്സാഹം മുഴുവനും അതിലായി. സിനിമായിലും കഥയെഴുത്തിലും.....എല്ലാം എല്ലാം അദ്ദേഹം തല്പരനാണ്.

പക്ഷേ അദ്ദേഹത്തിനേററവും പ്രിയംകരമായ വിഷയം നിങ്ങൾതന്നെയാണ്. നിങ്ങളുടെ കുടുംബം, മാതാപിതാക്കൾ, സഹോദരീസഹോദരന്മാർ, കുഞ്ഞുങ്ങൾ, സുഖക്കേട്, വിഷമങ്ങൾ, വിജയങ്ങൾ, അതു്, ഇതു്-ഇവയെല്ലാമറിയുന്നതാണ് അദ്ദേഹത്തിനേററവും ഇഷ്ടമുള്ള കാര്യം. ഒരു സമയം നിങ്ങളുടെ കുടുംബചരിത്രത്തെക്കുറിച്ച് നിങ്ങളെക്കാൾ അദ്ദേഹത്തിനറിവുണ്ടായിരിക്കും. നിങ്ങളുടെ ഒരു വലിയ വലിയ അപ്പൂപ്പൻെറ മാഹാത്മ്യങ്ങളെക്കുറിച്ച് അദ്ദേഹം പറയുമ്പോഴായിരിക്കും നിങ്ങൾ ആദ്യമായി ആ അപ്പൂപ്പനെക്കുറിച്ചു തന്നെ കേൾക്കുന്നതു്. ശ്രീ. മാമ്മൻെറ വിസ്തൃതമായ മിത്രസഞ്ചയത്തിൻെറയും ജനസ്വാധീനതയുടെയും യഥാർത്ഥ രഹസ്യം ഇവിടെയാണു കിടക്കുന്നതു്.

ട്രാവൻകൂർ നാഷ്യനൽ ബാങ്കിൻെറ ഭരണാധികാരിയായി ശ്രീ. മാമ്മൻ കഴിയുമ്പോൾ ബ്രാഞ്ചുകൾ പരിശോധിക്കുവാൻ അദ്ദേഹം പോകുന്നതു ഞാൻ കണ്ടിട്ടുണ്ടു്. കൊടുത്തു പിടിപ്പിച്ചിട്ടുള്ള ലോണുകളുടെ ഈടു കുറവിനെപ്പററി ഏജൻറ് തീതിന്നുകയായിരിക്കും. കാഷ്യർ കാഷ് ബുക്കിൻെറ ഇടങ്കേടിനെപ്പററി ചിന്തിക്കയായിരിക്കും. ക്ലാക്കന്മാരെല്ലാം ഈ സിംഹം അലറുമോ കടിക്കുമോ യെന്നു് ഓർത്തു് വീണ്ടും വീണ്ടും ബനിയനടിയിൽ വിയക്കയാണു്. അപ്പോഴായിരിക്കും കാറിൽ നിന്നും സുസ്മേരവദനനായി ഒരു വാക്കിങ്ങ് സ്റ്റിക്കും, പാദങ്ങളിൽക്കിടന്നു് അങ്ങോട്ടും ഇങ്ങോട്ടും തെറുന്ന രണ്ടു സ്ലിപ്പറുകളുമായി, താടിമീശ മാത്രം കുറവുള്ള ഒരു വസിഷ്ഠമുനിയിറങ്ങി വരുന്നതു്. ആദ്യം കാണുന്ന ബാങ്കുജോലിക്കാരനെ അദ്ദേഹം സൂക്ഷിച്ചു നോക്കുന്നു. അവൻ പ്യൂണാണോ, ക്ലാക്കാണോ, ഏജൻറാണോയെന്നൊന്നും നോട്ടമില്ല. അവിടങ്ങു നിൽക്കുന്നു. ചോദിക്കുന്നു:-

" നിൻെറ വീടേതാണ് ? "

" തിരുവല്ലാ വടക്കേപ്പീടികയിലേ."

" എനിക്കതു തോന്നി. വടക്കേപ്പീടികേലേ കൊച്ചുതോമ്മായുടെ നല്ല ഛായ നിനക്കുണ്ടു്. അപ്പോൾ നിൻെറ അപ്പൻ ? "

" കൊച്ചുതോമ്മായുടെ ചേട്ടൻ, കൊച്ചുവറീതാണേ. "

" കൊച്ചുവറീതോ ! എടാ എന്നിട്ടു നീയെന്താണിതുവരെ എന്നെ വന്നു കാണാഞ്ഞതു്. കൊച്ചുവറീതും ഞാനുംകൂടെ നിരണത്തൊന്നിച്ച് തയ്യിലെ പറമ്പിലുണ്ടായിരുന്ന കളരിയിലിരുന്നു പഠിച്ചതാണല്ലോ. കൊച്ചുവറീതിപ്പോഴും പാടുമോ. എടാ, കൊച്ചുവറീതിനൊരു പെങ്ങളുണ്ടായിരുന്നല്ലോ-കൊച്ചേലി. കാലിനല്പം ചട്ടുള്ളവൾ. അവളെ കല്ലൂപ്പാറയല്ലെ കെട്ടിച്ചതു്. അവളുടെ മൂത്ത ഒരു കൊച്ചനുണ്ടായിരുന്നല്ലോ. അവനിന്നാളെന്നെക്കാണാൻ വന്നിരുന്നു. അവൻെറ മൂത്ത ആ കുട്ടിയില്ലേ, ങ്ങനെയിരിക്കുന്നു ?........" ഇങ്ങനെ പോകുന്നു ആ അന്വേഷണം.

ഇരുപതു രൂപാ ശമ്പളത്തിൽ, മാമ്മൻ മാപ്പിളയെന്നു വച്ചാൽ കാണപ്പെട്ട ദൈവമാണെന്നു കരുതിക്കഴി

യുന്ന ആ കൊച്ചു ഉദ്യോഗസ്ഥൻ ഈ ചോദ്യങ്ങൾക്കെല്ലാം എന്തു മറുപടി പറയാനാണ്! നന്ദിയും സ്നേഹവും കൊണ്ടവന്റെ ചങ്കു കിടന്നു പെരുമ്പറയടിക്കയാണ്. ആ മഹാനു വേണ്ടി, വേണ്ടി വന്നാൽ മരിയ്ക്കാൻ അവൻ ഉള്ളിലുറയ്ക്കുയാണ്. ബാക്കിയുള്ളവരോടും ഇതേ തരത്തിലുള്ള അന്വേഷണങ്ങൾ തന്നെയാണ്. ബാങ്കു പരിശോധന കഴിഞ്ഞു. നാഷ്യനൽ ബാങ്കിലെ ജോലിക്കാർ ശ്രീ. മാമ്മനെ ഇന്നും ഒരു പിതാവിനെപ്പോലെ കരുതുന്നതിന്റെ രഹസ്യം മനസ്സിലായില്ലേ!

നട്ടുച്ച നേരത്തെ ആഴിപ്പരപ്പിനെക്കുറിച്ച് ഞാനാരംഭത്തിൽ പറഞ്ഞല്ലോ. രത്നങ്ങളുണ്ടതിൽ, അഗാധ ഗർത്തങ്ങളുണ്ടതിൽ, പലതുമുണ്ടതിൽ. അന്തരീക്ഷം പ്രശാന്തമായിരിക്കുന്നേടത്തോളം അതും പ്രശാന്തമായിരിക്കും. കാറോ, കറുപ്പോ എവിടെങ്കിലും പ്രത്യക്ഷപ്പെട്ടാൽ അതിന്റെ നിറം മാറും; കല്ലോലങ്ങൾ മഹാമേരു സമാനങ്ങളായ തരംഗങ്ങളാകും; മന്ദമാരുതൻ, അടിച്ചലറുന്ന ചുഴലിക്കാററാകും. തീരപ്രദേശങ്ങളും കാഴ്ച്ചക്കാരും വിറയ്ക്കും. ശ്രീ. മാമ്മനിൽ ഞാൻ ഇത്തരം ഭാവപ്പകർച്ചകൾ കണ്ടിട്ടില്ല. പക്ഷേ മുഖത്തെ ആ മാംസപേശികൾ കണ്ടാലെനിക്കറിയാം ഇതിനെല്ലാം സാദ്ധ്യതകളുണ്ടെന്ന്.

മറവി–അതൊന്നില്ലെന്നുള്ളതാണ് ശ്രീ. മാമ്മന്റെ ഭാഗ്യം അല്ലെങ്കിൽ ദുർഭാഗ്യം. ഗ്രന്ഥങ്ങൾ അദ്ദേഹം ആയിരമായിരമായി വായിച്ചു ദഹിപ്പിച്ച് സ്വന്തം രക്തത്തിന്റെയും മജ്ജയുടെയും ഭാഗമാക്കിത്തീർത്തിട്ടുണ്ട്. വായിച്ചവ അദ്ദേഹം മറക്കില്ല; കണ്ടതദ്ദേഹം മറക്കില്ല; കേട്ടതദ്ദേഹം മറക്കില്ല. മലയാള മനോരമയുടെ മുഖപ്രസംഗങ്ങളിൽ കാണുന്ന അത്ഭുതാവഹമായ വിജ്ഞാനസമ്പത്ത് ഈ അന്യാദൃശമായ ഓർമ്മശക്തിയിൽ നിന്നു് അനായാസേന വന്നു ചേരുന്നതാണ്. ഒരു ലണ്ടൻ ടൈംസിന്റെ അധികാരഭാവവും, അന്തസ്സും, ആജ്ഞാശക്തിയും മനോരമയ്ക്കു നൽകുന്നത് ഈ ഓർമ്മശക്തിയാണ്.

അദ്ദേഹം യാതൊന്നും മറക്കില്ല–ഗുണവും ദോഷവും ഒന്നും. മറക്കണമെന്നദ്ദേഹത്തിനാഗ്രഹമുണ്ട്, പക്ഷേ അതു സാധ്യമല്ല. ഇന്നല്ലെങ്കിൽ നാളെയതു പൊന്തി വരും, ആയിരം തലയുള്ള അനന്തനായി, നിലംതരിശാക്കുന്ന വജ്രായുധമായി, വാ പൊത്തിക്കുന്ന തരം വാദമുഖങ്ങളായി.

ശ്രീ. മാമ്മൻ ഒരു നിയമജ്ഞനല്ല. 'എവിഡൻസ് ആക്ടും', 'റെലവൻസി'യും പഠിച്ചിട്ടില്ല. പക്ഷേ ഇതുപോലെ കാടു കയറാതെ, പ്രധാന വാദമുഖത്തിനു ബലം കൂട്ടുന്നവ മാത്രം പ്രസ്താവിക്കുന്ന മററധികം എഴുത്തുകാരെ ഞാൻ കണ്ടിട്ടില്ല. ഒരു ന്യായമോ പത്രികയോ എഴുതുന്ന രീതിയാണ് അദ്ദേഹത്തിന്റെ മുഖപ്രസംഗങ്ങൾ എന്നെ ഓർമ്മിപ്പിക്കുക.

പ്രബലരായ അനേക മിത്രങ്ങളും പ്രബലരായ ചുരുക്കം ചില ശത്രുക്കളും അദ്ദേഹത്തിനുണ്ട്. "ലോകത്തിൽ കാര്യമായി എന്തെങ്കിലും പ്രവർത്തിക്കുന്നവർക്കെല്ലാം ഉള്ളതാണു ശക്തിയായ ആനുകൂല്യവും ശക്തിയായ എതിർപ്പും" എന്നത്രെ ഇതിനുള്ള അദ്ദേഹത്തിന്റെ സമാധാനം.

ശ്രീ. മാമ്മന്റെ ഗാർഹസ്ഥ്യജീവിതം–അതാരുടേയും അസൂയയെ വളർത്തുന്നതാണ്. മിസ്സസ് മാമ്മനു്

പത്രപ്രവത്തനത്തെക്കുറിച്ചോ ബാങ്കസംഘടനയെപ്പററിയോ ഒരു ശിശുവിൻെറ ജ്ഞാനമെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല. നാനാദേശങ്ങളിൽനിന്നും വന്നെത്തുന്ന കൂട്ടരെ ഊട്ടിയും തീററിയും മടുപ്പിക്കണമെന്നൊരൊററ ചിന്തയേ ആ മഹതിയ്ക്കുള്ളു. ഐശ്വര്യം ഉടലെടുത്തതാണെന്നു തോന്നും ആ സാധ്വിയെക്കണ്ടാൽ.

ശ്രീ. മാമ്മൻെറ പുത്രീപുത്രന്മാർ—എട്ടു പുത്രന്മാരും ഒരു പുത്രിയുമാണദ്ദേഹത്തിനുണ്ടായിരുന്നതു്. ഒരു പുത്രൻ മരിച്ചു. വലിയ ആളുകളുടെ ഒരു സാധാരണ മുള്ളു് അസുഖം നല്കുന്ന ഒരു സന്താനമെങ്കിലും ഉണ്ടായിരിക്കയെന്നുള്ളതാണു്. ശ്രീ. മാമ്മൻെറ നിസ്തുല മഹാഭാഗ്യം ഇവിടെയാണു്— മഹാനായ ഒരു പിതാവിനു സവ്വത്ര യോജിക്കുന്ന സന്താനങ്ങൾ.

അങ്കഗണിതഭാഷയിൽപ്പറഞ്ഞാൽ ശ്രീ. മാമ്മൻ = കേരളചരിത്രമാണു്. ചരിത്രം അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ടു്; അദ്ദേഹത്തെ പല അൎത്ഥത്തിലും ചരിത്രമാണു സൃഷ്ടിച്ചിട്ടുള്ളതു്. സകലതും അദ്ദേഹം കാണുന്നതു ചരിത്രത്തിൻെറ പശ്ചാത്തലത്തിലും വെളിച്ചത്തിലുമാണു്. 'റോമാ സാമ്രാജ്യത്തിൻെറ അധഃപതനവും വീഴ്ചയും' പുനർസൃഷ്ടി ചെയ്യുവാനുള്ള ചങ്കുററവുമുണ്ടായ ഗിബൻെറയും 'ഫ്രഞ്ചുവിപ്ലവ' ചരിത്രമെഴുതിയ കാർലൈലിൻെറയും വംശജനാണു് മാനസികഘടന കൊണ്ടു് ശ്രീ മാമ്മൻ. എനിക്കും നിങ്ങൾക്കും, കുറുക്കനും മുന്തിരിങ്ങയും കഥപോലെയാണു്, കഴിഞ്ഞ ആയിരം കൊല്ലത്തെ യൂറോപ്യൻ ചരിത്രം ഇദ്ദേഹത്തിനു്. സാമ്രാജ്യങ്ങളുടെ തന്നെ വളൎച്ചയും തളൎച്ചയും കണ്ടിട്ടുള്ള ഇദ്ദേഹത്തെ യാതൊന്നും ഞെട്ടിക്കുന്നില്ല. വൂൾസിയുടേയും ഷാജഹാൻെറയും ജീവചരിത്രമറിയാവുന്ന ഇദ്ദേഹത്തെ വിധിവൈപരീത്യങ്ങൾ അക്ഷോഭ്യനായി അവശേഷിപ്പിക്കുന്നു. ബ്രൂട്ടസ്സിൻെറയും, ചാറൽസ് ഒന്നാമൻെറയും, ജമ്മൻ കൈസറിൻെറയും, ഹിററ്ലർ മുസ്സോലനിമാരുടേയും കഥകൾ ധരിച്ചിട്ടുള്ള ഇദ്ദേഹത്തിനു സ്വേച്ഛാധിപതികളുടെ അട്ടഹാസങ്ങളുടേയും നാടകീയക്കുണുങ്ങലുകളുടേയും അന്ത്യത്തെപ്പററി യാതൊരു സംശയവുമില്ല. ചരിത്രത്തിൻെറ കണ്ണാടിയിൽക്കൂടി നോക്കുന്ന ഇദ്ദേഹത്തിനു സകലതും ക്ഷണികവും നിസ്സാരവുമായി തോന്നുന്നു. ചരിത്രനിർഭരമായ തൻെറ ജീവചരിത്രം അദ്ദേഹം രേഖപ്പെടുത്താത്തതിൻെറയും കാരണമതാണു്.

ഈ മഹാബോധിവൃക്ഷം പലതും കണ്ടു—വസന്തകാലവും, മരവിപ്പിച്ചു നശിപ്പിക്കുന്ന മഞ്ഞുകാലവും, വീണ്ടും വസന്തകാലവും. ഉയൎന്ന അന്തരീക്ഷത്തിൽ പടൎന്നുനില്ക്കുന്ന അതിൻെറശാഖോപശാഖകളിൽ അനേകം പറവകൾ തണലും സുരക്ഷിതത്വവും അനുഭവിച്ചിട്ടുണ്ടു്; ഇന്നു് അനുഭവിക്കുന്നുമുണ്ടു്. കഴിഞ്ഞ തലമുറയിൽ അദ്ദേഹത്തെ ആരോ ചേൎത്തുകണ്ടു—കഴിഞ്ഞ തലമുറ!— ഇന്നത്തേയും നാളത്തേയും തലമുറയ്ക്കു മുമ്പിലാണദ്ദേഹം മാനസികമായി.

——:o:——

ഹാസ്യലേഖനം

# പത്രാധിപർ കുഞ്ചെറിയ

എം. ഇ. മാത്യു ബി. എ.

കുഞ്ചെറിയ യുദ്ധത്തിനു പോയതു എന്തിനാണെന്നു ചരിത്രകാരന്മാർക്കാർക്കും തിട്ടം വരാത്ത ഒരു സംഗതിയാണു്. അതു് ഐക്യകക്ഷികളെ സഹായിക്കാനാണെന്നും, അല്ല കുറെ പണം സമ്പാദിക്കാനാണെന്നും, അതുമല്ല പണച്ചെലവു കൂടാതെ ദേശങ്ങൾ കാണാനാണെന്നും മററും പല അഭിപ്രായങ്ങളാണു ജനതാമദ്ധ്യത്തിൽ പ്രചരിച്ചിട്ടുള്ളതു്. ഇതൊന്നുമല്ല, യുദ്ധത്തിനു പോകണമെന്നു് ഒരു തോന്നൽ ഒരു ദിവസം രാവിലെ ഉണ്ടായതുകൊണ്ടാണു് അങ്ങിനെ ചെയ്തതെന്നും ഏതാനും പേർ വിശ്വസിച്ചുപോരുന്നുണ്ടു്. ഉദ്ദേശം എന്തായിരുന്നാലും കുഞ്ചെറിയ യുദ്ധത്തിനു പോയി എന്നതു ചരിത്രപ്രസിദ്ധമായ ഒരു പരമാർത്ഥം മാത്രമാണു്.

ആരെയും വകവയ്ക്കാത്ത ഒരു സ്വഭാവക്കാരനായിരുന്നതുകൊണ്ടു് കുഞ്ചെറിയയ്ക്കു പട്ടാളത്തിൽ അധികനാളത്തെ സർവ്വീസുണ്ടാകുന്നതിനു സാധിച്ചില്ല. ധൈര്യം, സ്വാതന്ത്ര്യബുദ്ധി ഈ ഗുണങ്ങളായിരുന്നു കുഞ്ചെറിയയിൽ തിളങ്ങിക്കൊണ്ടിരുന്നതു്. ആ കാരണംകൊണ്ടു തന്നെ തന്റെ സഖാക്കളോടും മേലുദ്യോഗസ്ഥന്മാരോടും അയാൾക്കു പലപ്പോഴും ഏററുമുട്ടേണ്ടതായി വന്നിട്ടുമുണ്ടു്. അവസാനത്തെ ഏററുമുട്ടൽ കുറെ കടന്നുപോയി എന്നു കുഞ്ചെറിയ പിൽക്കാലത്തു പറയാറുണ്ടായിരുന്നു. ഒരു ജമേദാർ തന്നെ കഴുത എന്നു വിളിച്ചതിനു, കൈയ്യ് നീട്ടി ഒരു പ്രഹരമായിരുന്നു കുഞ്ചെറിയ നൽകിയ മറുപടി.

കുഞ്ചെറിയയെ പട്ടാളക്കോടതിയിൽ വിസ്തരിച്ചു. ഒരു വെള്ളക്കാരനായിരുന്നു വിധികർത്താവു്. വിസ്താരം കഴിഞ്ഞശേഷം പ്രതിക്കു എന്തെങ്കിലും പറയാനുണ്ടോ എന്നു സായ്പ്പു് ചോദിച്ചു. "എനിക്കു് അവനിട്ടു ഒന്നുകൂടെ കൊടുക്കാൻ സാധിക്കാത്തതിൽ കുറെ നിരാശയുണ്ടു്." എന്നായിരുന്നു കുഞ്ചെറിയ കോടതിയിൽ നൽകിയ പ്രസ്താവന. "ഇനി സാക്ഷികളെക്കൊണ്ടെന്താവശ്യം?" എന്നു ജഡ്ജി മന്ത്രിച്ചു. "നിന്നെ പട്ടാളത്തിൽ നിന്നും അവമാനകരമായി പിരിച്ചുവിട്ടിരിക്കുന്നു" എന്നു പട്ടാള ഉദ്യോഗസ്ഥൻ സഗൌരവം വിധി പ്രസ്താവിച്ചു. "എനിക്കതു ചുക്കാണു്" എന്നു കുഞ്ചെറിയ ഉടനെ മറുപടി പറഞ്ഞു. കുഞ്ചെറിയയ്ക്കു ഇംഗ്ലീഷറിയാൻ പാടില്ലായിരുന്നതുകൊണ്ടു, കോടതിയിൽ കൊടുത്ത മൊഴികൾ ഒരു ദ്വിഭാഷി ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തു കൊടുക്കുകയായിരുന്നു. ഒടുവിൽ പറഞ്ഞ വാചകം എന്താണെന്നു വിധികർത്താവു ചോദിച്ചു. "കുഞ്ചെറിയയ്ക്കു വിധി, ഉണങ്ങിയ ഇഞ്ചി പോലെയാണു്"

എന്നായിരുന്നു ദ്വിഭാഷി സായ്പിനെ പറഞ്ഞു മനസ്സിലാക്കിയതു്. ഇഞ്ചിക്കു് എരിവുള്ളതുകൊണ്ടു്, വിധി കുഞ്ചെറിയയ്ക്കു ഹൃദയഭേദകമായിരിക്കണം എന്നു ജഡ്ജി തീരുമാനിച്ചു. "എന്തു ചെയ്യാം. നിയമമനുസരിച്ചു എനിക്കങ്ങനെ വിധി കല്പിക്കാതിരിക്കാൻ നിവൃത്തിയില്ല." വെള്ളക്കാരന്റെ ഈ വാക്കുകളോടെ പട്ടാളത്തിനു കുഞ്ചെറിയയുടെ ധീര സേവനം നഷ്ടപ്പെടുന്ന രംഗവും അവസാനിച്ചു.

പട്ടാളത്തിൽ നിന്നും പിരിഞ്ഞു പോരേണ്ടിവന്നതിൽ കുഞ്ചെറിയയ്ക്കു ഖേദമൊട്ടും തന്നെ ഇല്ലായിരുന്നു. ജീവിതത്തിലെ എല്ലാ അനുഭവങ്ങളും സമചിത്തതയോടും ക്ഷമയോടും സ്വീകരിക്കുക എന്നതായിരുന്നു അയാളുടെ 'വേദാന്തം.' യുദ്ധത്തിൽ ഏതു വിധത്തിലെങ്കിലും ഐക്യ കക്ഷികൾക്കു സഹായം ചെയ്യണമെന്നു തനിക്കു നിർബ്ബന്ധമുണ്ടെന്നു തോന്നുമാറു്, കുഞ്ചെറിയ ഒരു മിലിട്ടറി കൺട്രാക്ടരായിട്ടാണു പിന്നീടു രംഗപ്രവേശം ചെയ്തതു്. തേക്കുതടി, കോഴിമുട്ട, പഴവർഗ്ഗങ്ങൾ, ആടുമാടുകൾ ഇവയായിരുന്നു കുഞ്ചെറിയയുടെ കൺട്രാക്ടു് ലിസ്റ്റിൽ പെട്ടിരുന്ന സാധനങ്ങൾ. സ്വല്പകാലത്തിനുള്ളിൽ ഈ വിമുക്തഭടൻ ഒരു ധനവാനായിത്തീർന്നു. അതോടുകൂടി സമുദായത്തിൽ ഒരു ബഹുമാന്യസ്ഥാനവും അദ്ദേഹത്തിനു സംലബ്ധമായി.

യുദ്ധാനന്തരം കുഞ്ചെറിയ ബിസിനസ്സിൽ പ്രവേശിച്ചു. സാധാരണ നമുക്കു നിസ്സാരമെന്നു തോന്നുന്ന സാധനങ്ങൾ വലിയ തോതിൽ ക്രയവിക്രയം ചെയ്യുന്നതാണു് ഏറ്റവും മെച്ചവും ലാഭകരവും ആയ ബിസിനസ്സ് എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. വാളമ്പുളി ഹോൾസെയിൽ വ്യാപാരം, നിലക്കടല സോൾ ഏജൻസി, പപ്പടനിർമ്മാണവ്യവസായം ഇവയായിരുന്നു കുഞ്ചെറിയയുടെ വ്യാപാരപ്രസ്ഥാനങ്ങളിൽ ചിലതു്. ഇതിൽ വാളമ്പുളി ഹോൾസെയിൽ വ്യാപാരം കുഞ്ചെറിയയുടെ ആവശ്യപ്രകാരം ഉൽഘാടനം ചെയ്തതു വാണിജ്യവകുപ്പു മന്ത്രി ആയിരുന്നു എന്നതു് അദ്ദേഹത്തിന്റെ പ്രസിദ്ധിക്കു വളരെ സഹായമായിത്തീരുകയും ചെയ്തു.

കേമമായ ഒരു ഹോട്ടൽ, ഒരു ബസ് സർവ്വീസ്, ഒരു ട്യൂട്ടോറിയൽ കോളജ് എന്നീ സംരംഭങ്ങൾ ഒന്നിനു പുറകെ ഒന്നായി കുഞ്ചെറിയയുടെ ബിസിനസ് പരിപാടിയിൽ ഉൾപ്പെട്ടു അഭിവൃദ്ധിപ്പെട്ടു. പണത്തിനുള്ള ആഗ്രഹം അദ്ദേഹത്തിൽ കുറഞ്ഞു വന്നു. മഹാന്മാരുടെ ഏറ്റവും ദോഷം കുറഞ്ഞ അഭിനിവേശമായ കീർത്തി ആയിരുന്നു പിന്നീടു് ആ വൈശ്രവണൻ ആഗ്രഹിച്ചതു്. ഇതിനുള്ള വഴികൾ ആലോചിച്ചപ്പോൾ കിട്ടിയ മാർഗ്ഗമായിരുന്നു ഒരു ദിനപ്പത്രം ആരംഭിക്കണമെന്നുള്ളതു്. തന്റെ കീർത്തി വർദ്ധിപ്പിക്കുന്നതിനും, നാനാമുഖമായ വ്യവസായപ്രവർത്തനങ്ങൾക്കു പ്രസിദ്ധി കൊടുക്കുന്നതിനും പത്രപ്രവർത്തനം പോലെ ഫലപ്രദമായ വേറൊന്നുമില്ലെന്നു കൂർമ്മബുദ്ധിയായ ആ കേരള റോക്ക്ഫെല്ലർ തീരുമാനിച്ചു. പത്രവും തുടങ്ങി.

വളരെ ആലോചിച്ചതിനു ശേഷം തന്റെ ദൈനികയ്ക്കു "വാക്സ്വാതന്ത്ര്യം" എന്ന പേരാണു കുഞ്ചെറിയ നൽകിയതു്. ധീരതയോടുകൂടി സ്വാഭിപ്രായം തുറന്നു പറയുക എന്ന ആ

ദശ്മായിരുന്നു പ്രസ്തുത പേരിനു കാരണമാക്കിയതു്.

കുഞ്ചെറിയയുടെ പത്രം, പത്രപ്രവർത്തനലോകത്തിൽ പല കോളിളക്കങ്ങളും, വിപ്ലവങ്ങളും ഉണ്ടാക്കിയതു കൂടാതെ അതു പല പുതിയ പാരമ്പര്യങ്ങളെ സൃഷ്ടിക്കയും ചെയ്തു. "വാക്‌സ്വാതന്ത്ര്യ"ത്തിന്റെ പ്രധാന പത്രാധിപർ കുഞ്ചെറിയ ആയിരുന്നതു കൊണ്ടു്, നീറുന്ന പ്രശ്നങ്ങളെപ്പറ്റി മുഖപ്രസംഗങ്ങൾ എഴുതുന്നതിലും, പ്രാധാന്യമറിക്കുന്ന ക്രമത്തിനു വാർത്തകൾക്കു പത്രത്തിൽ സ്ഥാനം കൊടുക്കുന്നതിലും, അവയ്ക്കു തലക്കെട്ടുകൾ നിശ്ചയിക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധപതിച്ചിരുന്നു.

എത്രയും വ്യക്തവും അർത്ഥഗർഭവുമായ രീതിയിൽ പൊതുജനങ്ങളെ കാര്യങ്ങൾ മനസ്സിലാക്കണം, വായനക്കാരിൽ ധൈര്യം, സ്വാതന്ത്ര്യ ബുദ്ധി എന്നീ വിശിഷ്ടഗുണങ്ങൾ വളർത്തണം, രാഷ്ട്രത്തിലും സമുദായത്തിലും പടർന്നു പിടിച്ചിട്ടുള്ള അനീതി, അക്രമം, അഴിമതി എന്നീ രോഗങ്ങളെ നിർമ്മൂലം നശിപ്പിക്കണം ആദിയായവയായിരുന്നു തന്റെ പത്രത്തിനു മാർഗ്ഗദർശകമായി കുഞ്ചെറിയ സ്വീകരിച്ചിരുന്ന നയങ്ങൾ. ഇപ്പോഴത്തെ പത്രങ്ങളിൽ വാർത്തകൾ കൊടുക്കുന്നതു് "ഒരു മാതിരി ചതഞ്ഞ രീതിയിലാണെ"ന്നായിരുന്നു പത്രാധിപർ കുഞ്ചെറിയയുടെ പരാതി. ഒരു വാർത്ത വായിച്ചാൽ പൊതുജനങ്ങൾക്കു അതിന്റെ പ്രാധാന്യം, ഗൗരവം, അതിനു് ഇതരസംഭവങ്ങളുമായുള്ള ബന്ധം, അതുമൂലം രാഷ്ട്രത്തിലും സമുദായത്തിലുമുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ഇവയെല്ലാം പെട്ടെന്നു മനസ്സിലാകണം എന്നായിരുന്നു "വാക്‌സ്വാതന്ത്ര്യം'' പത്രാധിപർ പലപ്പോഴും പ്രസ്താവിക്കാറുണ്ടായിരുന്നതു്. ചില വാർത്തകൾ തന്റെ പത്രത്തിൽ പ്രത്യക്ഷപ്പെട്ട രീതി മേൽ പറഞ്ഞ ആദർശങ്ങൾക്കു സാക്ഷ്യം വഹിക്കുന്നുണ്ടു്. റഷ്യൻവിധേയരായ കമ്മ്യൂണിസ്റ്റുകാർ ചെക്കോസ്ലോവോക്യൻ ഭരണം കൈവശപ്പെടുത്തിയപ്പോൾ "വാക്‌സ്വാതന്ത്ര്യ"ത്തിൽ അതുസംബന്ധിച്ചു ചേർത്തിരുന്ന തലവാചകം, "തൊണ്ട തൊടാതെ വിഴുങ്ങി—റഷ്യയുടെ നാണം കെട്ട നടപടി" എന്നായിരുന്നു. ഈയിടെ ആസ്ട്രേലിയക്കാരൻ ഒരു വൈമാനികൻ, ഇൻഡ്യാ ഗവമ്മെണ്ടിന്റെ അനുമതി കൂടാതെ ഇൻഡ്യൻ യൂണിയൻ പ്രദേശങ്ങൾക്കു മുകളിൽ കൂടെ ഹൈദ്രബാദിലേയ്ക്കു പറന്നപ്പോൾ മിക്ക പത്രങ്ങളും ''ആസ്ട്രേലിയൻ വൈമാനികന്റെ ഔദ്ധത്യം", "സിഡ്നി കോട്ടന്റെ അഹങ്കാരം", "ഇന്ത്യയെ വെല്ലുവിളിക്കയോ ?", " ഹൈദ്രബാദിന്റെ ചാരൻ" എന്നീ തലക്കെട്ടുകളോടുകൂടി ഈ വാർത്ത പ്രസിദ്ധപ്പെടുത്തുകയുണ്ടായി. എന്നാൽ പത്രാധിപർ കുഞ്ചെറിയ പ്രസ്തുത വാർത്ത പ്രസിദ്ധീകരിച്ചതു് ''ഒരു സിഡ്നി കോട്ടന്റെ തന്തയില്ലാഴിക" എന്ന തലവാചകത്തോടെയായിരുന്നു. (ആ ദിവസം വാക്‌സ്വാതന്ത്ര്യത്തിന്റെ അഞ്ഞൂറോളം പ്രതികൾ കൂടുതൽ ചെലവായി എന്നാണറിയുന്നതു്.) ഇതു സ്വല്പം അസഭ്യമായിപ്പോയി എന്നു് ആരോ അഭിപ്രായപ്പെട്ടപ്പോൾ പത്രാധിപർ നൽകിയ മറുപടി ഇങ്ങനെ ആയിരുന്നു:— "എടാ, അതു് അല്പം ഗ്രാമ്യമാണെന്നേയുള്ളു. ആ വാക്കു് അവിടെ ഉപയോഗിച്ചെങ്കിൽ മാത്രമെ അവന്റെ പ്രവൃത്തിയുടെ ഗൗരവവും തെമ്മാടി

തരവും വായനക്കാർ മനസ്സിലാക്കുകയുള്ളു." (കുഞ്ചെറിയയുടെ 'എടാ' എന്ന സംബോധനാപ്രയോഗത്തിനു ചെറുകഥകളിലും മററുമുള്ള 'ഭവാൻ' എന്ന പ്രയോഗത്തിന്റെ അത്ഥം കൊടുത്താൽ മതി.)

"വാക്സ്വാതന്ത്ര്യ"ത്തിലും ചിന്താവിഷയം ഉണ്ടായിരുന്നു. സാധാരണ പത്രങ്ങളിലെ ചിന്താവിഷയം അര കോളത്തോളം വരുന്നുണ്ടെന്നും ഒരു ചെറിയ മുഖപ്രസംഗം പോലെ തോന്നിക്കുമെന്നുമായിരുന്നു പത്രാധിപർ കുഞ്ചെറിയ അവയെക്കുറിച്ചു വിമശിച്ചിരുന്നതു്. എത്രയും ചെറിയ വാചകത്തിൽ ചിന്തോദ്ദീപകമായ ആശയം ചിന്താവിഷയമായി കൊടുക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. "വാക്സ്വാതന്ത്ര്യ"ത്തിലെ ചില ചിന്താവിഷയങ്ങൾ താഴെ കൊടുത്തിരിക്കുന്നു:— "കുമന്നു വീണാൽ കാൽ പണം കൈയ്യിൽ", "ഊട്ടിനു മുൻപും ചൂട്ടിനു പിൻപും", "കട്ടിൽ ചെറുതാണെങ്കിലും കാലു നാലും വേണം", "ഉണ്ണിയെക്കണ്ടാലറിയാം ഊരിലെ പഞ്ഞം", "കനകം മൂലം കാമിനി മൂലം കലഹം പലവിധമുലകിൽ സുലഭം." സർ. സി പി.ക്കു തിരുവനന്തപുരത്തുവച്ചു വെട്ടു കൊണ്ട ദിവസം "വാക്സ്വാതന്ത്ര്യ"ത്തിൽ പ്രത്യക്ഷപ്പെട്ട ചിന്താവിഷയം, "മുൻപേ ദൈവം പിന്നെപ്പിന്നെ ; ഇപ്പം ദൈവം കൂടെക്കൂടെ" എന്നായിരുന്നു.

മുഖപ്രസംഗങ്ങളിലായിരുന്നു "വാക്സ്വാതന്ത്ര്യം" പ്രകടിപ്പിച്ച വിപ്ലവകരവും ധീരവും ആയ നൂതന പാരമ്പര്യങ്ങൾ. ഹൈദ്രബാദിലെ നൈസാമിന്റെ സമരമനോഭാവത്തെപ്പററി എഴുതിയിരുന്ന ഒരു മുഖപ്രസംഗത്തിന്റെ സംഗ്രഹം താഴെ ചേക്കുന്നു:- (അന്നത്തെ ചിന്താവിഷയം "ശഠനോടു ശാഠ്യം" എന്നായിരുന്നു).

"നൈസാം കളിക്കാൻ തുടങ്ങിയിട്ടു നാളുകൾ കുറെ ആയി എന്നു പൊതുജനങ്ങൾ ഇതിനോടകം മനസ്സിലാക്കിക്കാണുമല്ലോ. ഈ തോന്ന്യവാസം ഇനിയെങ്കിലും നിറുത്തിയില്ലെങ്കിൽ കാര്യങ്ങൾ കൂടുതൽ വഷളാകുന്നതാണു്. നൈസാം 'മുറത്തിൽ കയറി കൊത്താൻ തുടങ്ങി'യിരിക്കയാണെന്നു് ആ റസാക്കറന്മാർ ഇപ്പോൾ ഇന്ത്യൻ യൂണിയനിൽ കാട്ടിക്കൂട്ടുന്ന അക്രമങ്ങളിൽ നിന്നും വ്യക്തമാണല്ലോ. മന്ത്രിമാരൊക്കെ ഡൽഹിയിൽ എന്തു ചെയ്യുകയാണെന്നാണു ഞാൻ ചോദിക്കുന്നതു്. 'സൂചി കൊണ്ടെടുക്കാനുള്ളതു് ഇനി തൂമ്പാ കൊണ്ടെടുക്കേണ്ടി വരും' എന്ന പഴഞ്ചൊല്ലു് ഇന്ത്യൻ യൂണിയനു മാഗ്ഗദശനം നൽകേണ്ടതാണു്. ഇനിയെങ്കിലും സമയം കളയാതെ നമ്മുടെ ഇന്ത്യൻ പട്ടാളത്തെ ഹൈദ്രബാദിലേക്കയച്ചു നൈസാമിനു് ഒരു ചെറിയ പെൻഷൻ കൊടുത്തു് അദ്ദേഹത്തെ ആരോഗ്യസംബന്ധമായ കാരണങ്ങളിന്മേൽ ജോലിയിൽ നിന്നും വിരമിക്കാൻ അനുവദിക്കേണ്ടതാണെന്നു ഞാൻ ഇതാ പണ്ഡിററ് നെഹ്റുവിനോടു പറഞ്ഞുകൊള്ളുന്നു. കാലവിളംബം ആപൽക്കരമാണെന്നു് ഞാൻ വീണ്ടും അധികാരികളെ ഉൽബോധിപ്പിച്ചുകൊള്ളുന്നു."

ലളിതപദങ്ങൾ ഉപയോഗിച്ചു പച്ചമലയാളത്തിൽ എത്ര വ്യക്തവും ശക്തവും ആയി ആശയം പ്രകാശിപ്പിച്ചിരിക്കുന്നു എന്നു നോക്കുക. മേൽ കാണിച്ച മുഖപ്രസംഗത്തിൽ പത്രാ

# വിദ്യാർത്ഥി

(കേക)

പുലാക്കാട് രവീന്ദ്രൻ--വിദ്യാർത്ഥി.

ജീവിതാദർശത്തിന്റെ വാടിയിൽ സാഹോദര്യ-
പ്പൂവിതൾ ചൊരിഞ്ഞീടാൻ പഠിക്കും വിദ്യാർത്ഥി ഞാൻ.
നീതി തൻ വിലങ്ങണിഞ്ഞീടിലും പതറാതെ
നീരസം തോന്നീടാതെ കർത്തവ്യമനുഷ്ഠിക്കും !
നിത്യവും സമാധാനത്തു്ക്കൊടി പറപ്പിക്കാൻ
നിസ്തുലാത്മാവെക്കൂടി നിർമ്മമം സമർപ്പിക്കും !
ജീവിതം നരകത്തിൻ പര്യായമായിക്കാണും
ശോണിതക്കുഞ്ഞുങ്ങളാം പ്രേതങ്ങൾ കേണീടവേ,
ശപ്തയായനശയ തപ്തയായ്ദ്ദീനാക്രന്ദ-
തിക്തചിത്തയായ്ത്തീർന്ന നാട്ടിന്റെ വിളി കേൾക്കെ,
വെമ്പുകയാണെൻ മന മനുഹം സാഹോദര്യ-
ക്കൂമ്പിനെ മുളപ്പിക്കാൻ ; ജീവിതവളം ചേർക്കാൻ.
ഉന്നതാദർശത്തിന്നായ് പോരടിക്കുമ്പോളല്പം
ചെന്നിണം പൊഴിഞ്ഞാലും പിന്മടങ്ങില്ല തെല്ലും.

---

ധിപർ സാധാരണ ഉപയോഗിക്കാറുള്ള ഉത്തമപുരുഷൻ ബഹുവചനമായ "ഞങ്ങൾ" എന്നതിനു പകരം "ഞാൻ" എന്നു പ്രയോഗിച്ചിരിക്കുന്നതു് അറിയാതെ വന്നു കൂടിയ ഒരു തെററല്ല. ഒരാൾ തന്നെ ഒരു മുഖപ്രസംഗം എഴുതുമ്പോൾ, ഒന്നിൽ കൂടുതൽ ആളുകൾ എഴുതുന്നു എന്ന പ്രതീതി തോന്നത്തക്കവണ്ണം ''ഞങ്ങൾ'' എന്നു ചേർക്കുന്നതു് ആത്മാർത്ഥതയ്ക്കു വിരുദ്ധമാണെന്നും, അതു '' പൊതുജനങ്ങളെ കബളിപ്പിക്കുന്ന പണിയാണെന്നും ആയിരുന്നു പത്രാധിപർ കുഞ്ചെറിയ അതു സംബന്ധിച്ചു പറയാറുണ്ടായിരുന്നതു്. "എടാ, 'ഞങ്ങൾ' എന്നു പറയുന്നതു ഞാനും, എന്റെ ഭാര്യയും, പിള്ളേരും, വേലക്കാരും എല്ലാവരും കൂടെയാണോ ? ഉള്ളതു് ഉള്ളതുപോലെ പറയേണ്ടതു ഏതൊരു പത്രത്തിന്റേയും ധർമ്മമാണു് " എന്നായിരുന്നു ഇക്കാര്യത്തെക്കുറിച്ചു കുഞ്ചെറിയ തന്റെ ഒരു സ്നേഹിതനെ മനസ്സിലാക്കിയതു്.

" വാക്‌സ്വാതന്ത്ര്യ" ത്തിന്റെയും പത്രാധിപർ കുഞ്ചെറിയയുടെയും പൊതുജനസമ്മതം വർദ്ധിച്ചു വരികയാണു്. '' സാറേ ആ പത്രം വായിക്കാൻ ഒരു രസമുണ്ടു്; കാര്യങ്ങൾ വേഗത്തിൽ വേണ്ടപോലെ മനസ്സിലാകയും ചെയ്യും '' എന്നായിരുന്നു പത്രാധിപർ കുഞ്ചെറിയയുടെ പത്രത്തെപ്പററി ഈയിടെ ഒരു റിക്ഷാക്കാരൻ തനിക്കു കിട്ടിയ ഒരു യാത്രക്കാരനോടു പറഞ്ഞതു്.




# വിവാഹവേദിയിൽ നിന്നു്

എൻ. കെ. കെ.—ഡൽഹി.

രാത്രി പത്തു മണിയായി. സിനിമ കഴിഞ്ഞു മടങ്ങുമ്പോൾ ഞാൻ 'ടോങ്കാ വാല'യോടു പറഞ്ഞു ''യമുനാ' തീരത്തിൽക്കൂടി ആയിക്കോട്ടെ''യെന്നു്. ഒന്നിനുമല്ല ; വെറുതെ.

ടോങ്ക യമുനാതീരത്തിലേക്ക്—'ആജ്മീരി ഗയിററി'ലേക്കു—കടന്നു. കുതിരയുടെ ഗതി തനിയെ സാവധാനമായി. റോഡിലേക്കു അഭിമുഖമായ നിലാമുററങ്ങളോടുകൂടിയ വലിയ മാളികകൾ ഇരുവശങ്ങളിലും. പല പ്രായത്തിലും വേഷത്തിലുമുള്ള സ്ത്രീകൾ ആ നിലാമുററങ്ങളിൽ അണി നിരന്നു നിന്നിരുന്നു. ഇടയ്ക്കിടയ്ക്കു ചില കൊമ്പൻ മീശക്കാരും. വിദ്യുച്ഛക്തിവിളക്കിൻെറ പ്രകാശത്തിൽ ആ വിലാസവതികളുടെ വിലോല ലോചനങ്ങൾ ആ വഴിയെ ആ സമയത്തു പോയിരുന്ന ആരെയും അങ്ങോട്ടു ക്ഷണിച്ചിരുന്നു. വൎഗ്ഗവ്യത്യാസമോ, സ്ഥിതിവ്യത്യാസമോ, സൌന്ദൎയ്യവൈരൂപ്യങ്ങളോ ഒന്നും അവിടെയില്ല. തനി '........ഇസം'. ഏറെക്കുറെ എതിരിൽ, ഒന്നര മൈൽ ദൂരത്തു്, ഉയൎന്നു നിൽക്കുന്ന ബ്രിട്ടീഷാധിപത്യവൈജയന്തിയെ ചോദ്യം ചെയ്യുന്ന അക്രമരാഹിത്യത്തിൽ കിളിൎത്ത ഇന്ത്യൻ പ്രതിഷേധം! ആജ്മീരി ഗയിററു തുറന്നു കിടന്നു ; ആൎക്കും പ്രവേശിക്കാം, ഇഷ്ടം പോലെ ഇറങ്ങിപോകാം ; ചെല്ലുന്നവൎക്കൊക്കെ ഹൃദ്യമായ സ്വീകാരം !

സംഗീതവും, നൃത്തവും തകൃതിയായി നടക്കുന്നുണ്ടു്. ഓരോ വീട്ടിലേക്കും ആളുകൾ തുരുതുരാ കയറി ഇറങ്ങുന്നു. അധികവും മദ്ധ്യവയസ്സു കഴിഞ്ഞവരാണു്. ഞാൻ ആലോചിച്ചു 'മനുഷ്യൻ എന്തിനാണീ പൈശാചികത്വം ആചരിക്കുന്നതു്! '......

'' എന്താഷ്ടാ, ഇങ്ങിനെ ? '' പുറകിൽനിന്നു് ഒരാൾ എന്നെ വിളിച്ചു. സ്വല്പം ലജ്ജ തോന്നിയെങ്കിലും, നിഷ്കളങ്കത എനിക്കു ധൈൎയ്യം തന്നു. '' സിററിയിൽ സിനിമ കഴിഞ്ഞു മടങ്ങ്യേയ്."

" എവിടെയായിരുന്നു സിനിമ ? നന്നായോ ? '' അയാൾ അൎത്ഥഗൎഭമായി ഒന്നു ചിരിച്ചു. ഞാൻ വല്ലാതായി. ടോങ്ക നിറുത്തി അയാളും അതിൽ കയറി കഴുത്തിൽ കൈയ്യുമിട്ടു.

ശീമ മദ്യത്തിന്റെ ദുർഗ്ഗന്ധം!....ടോങ്ക വിട്ടു. അയാളോടു ഞാൻ ഒന്നും പറഞ്ഞില്ല. എനിക്കസ്സലായിട്ടറിയാം അയാളെ- കുറേശ്ശെ കവിത, കഥയെഴുത്ത്, അഭിനയകലയിൽ കൌശലം- എല്ലാം വശമാണ്. നല്ലൊരുദ്യോഗവുമുണ്ട്. എന്നിട്ടും!........ അയാളുടെ മനസ്ഥിതിയോർത്ത് എനിക്കു മനംമറിഞ്ഞു.

ഇടത്തുവശത്തുള്ളൊരു വീട്ടിലേക്കു ചൂണ്ടിക്കൊണ്ടയാൾ പറഞ്ഞു: "ദാ, അവിടെ, അസ്സലൊരു കുട്ടിയുണ്ട്; രണ്ടു മാസമേ ആയിട്ടുള്ളു വന്നിട്ട്." എനിക്കു ദേഷ്യം വന്നു. "എനിക്കു കേൾക്കണ്ട." "പിന്നെന്തിനാ ഇങ്ങോട്ടു പോന്നെ, പുണ്യം വാങ്ങാനോ?". "ഞാൻ സിനിമ കാണാൻ പോയതാ." അയാളുടെ ചിരി! ചെവിക്കല്ലു പൊട്ടിപ്പോയി. "എന്തു ചിരിയാ ഇത്?" അവജ്ഞ എന്റെ വാക്കുകളിൽ സ്ഫുരിച്ചു. അയാൾ പെട്ടെന്നു നിറുത്തി, ഗൌരവത്തിൽ കുനിഞ്ഞിരുന്നു. മദ്യം ഇറങ്ങുന്നതുപോലെ തോന്നി.

"നിങ്ങൾക്കെന്നോടു വെറുപ്പു തോന്നുന്നുണ്ടോ?" കുറച്ചു നേരത്തെ മൌനത്തിനു ശേഷം അയാളുടെ ക്ഷമാപണം.

"നിങ്ങളോടല്ല, നിങ്ങളുടെ പ്രവൃത്തിയോട്." ഞാൻ അയാളെ ഗുണദോഷിച്ചു: "നല്ലൊരുദ്യോഗം, പഠിപ്പ്, വിവേകം, രൂപഗുണം— മര്യാദസ്ഥാണെങ്കിൽ നിങ്ങളെക്കൊണ്ടു ലോകത്തിനു എന്തെല്ലാം ഗുണങ്ങളുണ്ടാവാം!"

"ശരിയാണ്." സമ്മതിച്ചുകൊണ്ടയാൾ മൂളി. "നിങ്ങളുടെ കണക്കു പ്രകാരം നാമെല്ലാം ലോകത്തിന്റെ ഗുണത്തിനുവേണ്ടിയുള്ളവരാണല്ലേ?"

"അതെ."

"എന്താണീ ലോകം?"

"നാം ജീവിക്കുന്ന കാലം, സ്ഥലം, സമുദായം— ഇതെല്ലാം ചേർന്നത്."

"ആ ലോകത്തിനു വ്യക്തിയോടു കടമയൊന്നുമില്ലേ?"

പ്രതി, വാദിയായിത്തുടങ്ങിയെന്നു എനിക്കു തോന്നി. ഉത്തരമൊന്നും അയാൾ പ്രതീക്ഷിച്ചിരുന്നില്ലെന്നു തോന്നുന്നു.

"നിങ്ങളുടെ ലോകം എല്ലാം അങ്ങോട്ടാവശ്യപ്പെടുന്നേയുള്ളു. മററുള്ളവരുടെ അറിവ്, മര്യാദ, സത്യം— എന്നു വേണ്ട എല്ലാം— അതിനു വേണം. ആ ലോകത്തിനോടുള്ള പ്രതിഷേധമാണ് എന്റെ ജീവിതം. ഒരു വ്യക്തിയുടെ നിലയിൽ എനിക്കും ചില ആവശ്യങ്ങളും അവകാശങ്ങളുമുണ്ട് അതെല്ലാം സാധിക്കണം."

"വേശ്യാലയത്തിൽ പോകുന്നതും മദ്യപിക്കുന്നതും മററും അമ്മാതിരി ആവശ്യങ്ങളും അവകാശങ്ങളുമാണല്ലേ?" ഞാൻ തിരിച്ചടിച്ചു.

"നിങ്ങളുടെ 'നേർവഴി'ക്കുള്ള മാർഗ്ഗം അടഞ്ഞപ്പോൾ ഞാനതിനു പ്രതിവിധി കണ്ടെന്നേയുള്ളു."

"അതെന്താണ്?"

"പറയാം. അഞ്ചാറു കൊല്ലം മുമ്പാണ്, മറെറാരാളുടെ ആവശ്യപ്രകാരം ഞാനവിടെ പോയത്. എത്ര നല്ല ആളുകൾ; എന്തൊരു സൌഹാർദ്ദത; എന്തൊരു സ്നേഹം! അന്യോന്യം ധാരാളം കേട്ടറിഞ്ഞിരുന്ന ഞങ്ങൾക്കു ഔപചാരികരീതികളൊന്നും വേണ്ടിയിരുന്നില്ല ഒരുമിച്ചു കൂടാൻ. അവരുടെ ക്ഷണപ്രകാരം അന്നു ഞാൻ അവിടെ താമസിച്ചു. പറ

യാമല്ലോ ; അട്ടപ്പിച്ചു പത്തുകൊല്ലം അവിടെ താമസിച്ചാലും മടുക്കില്ല. കൌതുകവും പ്രസരിപ്പും എന്നാൽ വിനയവും ചേൎന്ന പൈതങ്ങൾ ; മൊട്ടക്കുന്നുകൾ ; മുളങ്കാടുകൾ ; ചെരുവിൽ നെൽപ്പാടങ്ങൾ ; അതിനും താഴെ ഒരു ചെറുനദി—അങ്ങനെ. കണ്ണും കരളും കുളൎപ്പിക്കുന്ന ചുററുപാടുകൾ. ആ ഒററ ദിവസം കൊണ്ടു ഞങ്ങൾ ഏററവും അടുത്ത മിത്രങ്ങളായിത്തീൎന്നു.

"പിറേറന്നു വൈകിട്ട് ഞാനവിടെ നിന്നു പോന്നു. എങ്കിലും അന്ന് എന്നിൽ പതിഞ്ഞ ചിത്രങ്ങൾ എനിക്കു മറക്കാൻ കഴിഞ്ഞില്ല. ഒരു പക്ഷേ കഴിയുകയുമില്ല."

"അതെല്ലാം പകൎത്തിയില്ലേ ? " ഞാൻ ഇടയ്ക്കു കയറി ചോദിച്ചു.

"ഉവ്വ് ; ഒരു കവിതയുടെ രൂപത്തിൽ......പിന്നെയും ഒരു വൎഷം കഴിഞ്ഞു. ആ കൊടുങ്കാററുണ്ടായ കൊല്ലം. അതു കഴിഞ്ഞ ഉടനെ ജോലി സംബന്ധിച്ച കാൎയ്യങ്ങൾക്കായി ഞാനാ വഴി പോയി. ഞാൻ അവിടെയും കയറി. അന്നവിടെ ആളുകൾ കുറവായിരുന്നു. കുട്ടികളെല്ലാം സ്കൂളിൽ പോയിരുന്നു, ലീല ഒഴിച്ച്. മററു സ്നേഹിതന്മാർ ഓരോരോ വഴിക്കും. ഉച്ച ഭക്ഷണം കഴിഞ്ഞു ഞാൻ യാത്രാക്ഷീണം തീൎക്കുമ്പോഴാണ്, സഹോദരിയുടെ കുഞ്ഞിനേയുമെടുത്തുകൊണ്ടു ലീല ഒരു സംശയം ചോദിക്കാൻ വന്നതു് : "പൂക്കൾക്കു കവിളുണ്ടോ ? "

"എന്താതു് ? "

"അല്ലേയ്- അങ്ങിനെ ഈയിടെ ഒരു കവി എഴുതിയിരുന്നു !"

"ദളമായിരിക്കും അദ്ദേഹത്തിന്റെ വിവക്ഷ."

"സായന്തനാക്കൻെറ കുസൃതിക്കു 'കുട്ടിക്കുസൃതി' എന്നു പറയാമോ ? "

"എനിക്കു മനസ്സിലായി, എൻെറ നേരെയുള്ള അമ്പുകളാണവയെന്ന്. ഞാനവളെ ഒന്നു സൂക്ഷിച്ചു നോക്കി ; അവളെന്നേയും. ഞങ്ങൾക്കിരുവൎക്കും മാത്രം മനസ്സിലാകുന്ന മൌനഭാഷണം ഒരിത്തിരി നേരം. ഞാൻ ന്യായീകരിച്ചു : "കിഴവന്മാരും കുട്ടികളും ഒരുപോലെയാണെന്നു കേട്ടിട്ടില്ലേ ? " അവൾ പിന്നേയും അവിടവിടെയായി പല വരികളും ചൊല്ലി അവിടെ അങ്ങനെ നടന്നു, കുട്ടിയെ ഉറക്കുന്ന മട്ടിൽ. എൻെറ ആ കവിത ! അതാരുടെ കവിതയാണെന്നു ഞാൻ ചോദിച്ചപ്പോൾ 'സ്നേഹിക്കാനറിയാവുന്ന ഒരാളുടേതാണെ'ന്നും പറഞ്ഞ് അവൾ ഒഴിഞ്ഞു."

"നിങ്ങളുടെ കവിത പ്രസിദ്ധപ്പെടുത്തിയിരുന്നോ ? " ഞാൻ ഒന്ന് ഇളക്കി.

"ഇല്ല......ഞങ്ങൾ രണ്ടു പേൎക്കും ഒരേ സ്നേഹിതന്മാരുണ്ട് ഒരു വേള അവരിലാരെങ്കിലും പറഞ്ഞു കൊടുത്തിട്ടുണ്ടാവും."

"അവൾക്കെന്തു പ്രായമുണ്ടാകും ? "

"പതിനഞ്ചു പതിനാറ്."

"അപ്പോൾ ശരി. തനി 'റൊമാൻസ്' ! ' ഉം....എന്നിട്ട് ? "

"ച്ഛെ– ച്ഛെ! സത്യമായിട്ടുമല്ല. എനിക്കങ്ങനെ തോന്നിയേയില്ല. ഞാനതൊരു കുട്ടിക്കളിയായി തള്ളുകയാണുണ്ടായതു് ഒന്നു രണ്ടു വൎഷം പിന്നേയും കഴിഞ്ഞു. ഞങ്ങളുടെ ഒരു സ്നേഹിതൻ വളരെ സ്വകാൎയ്യമായി എന്നോടു ചോദിച്ചു, "നിങ്ങൾ ലീലയെ സ്നേഹിക്കുന്നുണ്ടോ ? " തീരെ അപ്രതീക്ഷിതമായിരുന്നു അതു്. എ

ൻെറ ഉള്ള് ഞാൻ ആകെയൊന്നു ചികഞ്ഞു നോക്കി. ഇല്ലെന്നു പറയാൻ മനസ്സു വന്നില്ല. "എന്താണങ്ങിനെ ചോദിക്കാൻ?" അയാൾ വിട്ടില്ല: "ആദ്യത്തെ ചോദ്യത്തിനുത്തരം?"

ഞാൻ സമ്മതിച്ചു: "അതു തെററാണോ?"

"അല്ല. അങ്ങനെ കേട്ടു."

ഞാനയാളോടു തുറന്നു പറഞ്ഞു ഉണ്ടായതെല്ലാം; ആ സംസാരത്തിൽ എനിക്കു യാതൊരു പങ്കമില്ലെന്നും. അയാളെയും എന്നെയും ഒരുപോലെ വിഷമിപ്പിച്ച ഒരു ചോദ്യമാണു 'പിന്നെ അതെങ്ങിനെയുണ്ടായി?' അയാൾ ലീലയോടു ചോദിച്ചു; അവൾക്കും അറിയില്ല. എന്നാൽ ഞങ്ങളുടെ വിവാഹത്തിൽ അവൾക്കു സന്തോഷമേയുള്ളുവെങ്കിലും, അച്ഛൻെറ ഹിതമായിരിക്കും അവളുടെ തീരുമാനമെന്നും പറഞ്ഞു. അതെന്നെ കുറച്ചു നിരാശനാക്കിയെന്നു പറയാതെ തരമില്ല. പക്ഷെ, എൻെറ ആ സ്നേഹിതൻ സമ്മതിച്ചില്ല. കാര്യങ്ങൾ പ്രായോഗികവശങ്ങളിൽക്കൂടി നോക്കുന്ന അദ്ദേഹം വാദിച്ചു "കുടുംബങ്ങളിൽ വളരുന്ന അനുസരണമുള്ള കുട്ടികൾ ഇങ്ങിനെയല്ലാതെ എന്താണു പറയുക?" ശരിയാണ്! അയാളുടെ നിർബ്ബന്ധപ്രകാരം ലീലയുടെ വീട്ടിലേക്കു എൻെറ മറെറാരു സ്നേഹിതൻ പുറപ്പെട്ടു."

"നിങ്ങളുടെ വീട്ടിലാരുമില്ലെ?" ഞാൻ നാട്ടുനടപ്പിനെ സൂചിപ്പിച്ചു.

"ഇല്ലാഞ്ഞല്ല. കാരണവന്മാരോ, ബന്ധുക്കളോ ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നതു എനിക്കത്ര ഇഷ്ടമല്ല. ഒരുപക്ഷേ അതൊരു തെററായിരുന്നിരിക്കാം. ലീലയുടെ അച്ഛൻ പറഞ്ഞു 'വേറൊരു ആലോചന നടന്നു വരികയാണ്; അതിനെപ്പററി എന്തെങ്കിലും തീരുമാനിക്കാതെ മറെറാന്നു ആലോചിക്കുന്നതു ശരിയല്ലല്ലോ; പിന്നെ, ഇപ്പോൾ നിങ്ങളുടെ സ്നേഹിതനു ഒരു കുടുംബം പുലർത്താനുള്ള വരാസ്ഥയുണ്ടോ?' ഈ രണ്ടു സമാധാനങ്ങളും എൻെറ സ്നേഹിതനെ വല്ലാതെ വേദനിപ്പിച്ചു."

"ഇതു നല്ല കാര്യം! അദ്ദേഹം ഒരുകുടുംബസ്ഥൻെറയും രക്ഷാകർത്താവിൻെറയും നില ശരിക്കു സംരക്ഷിച്ചു. അതിനു നിങ്ങൾക്കെന്തിനാണു വേദന. എന്താ നിങ്ങളീ പറയുന്നെ? നിങ്ങളുടെ ആലോചന ചെല്ലുമ്പോഴേക്കും മകളെ വിളിച്ചങ്ങു പറഞ്ഞയക്കണമായിരുന്നോ?" എനിക്കു സഹിച്ചില്ല.

"നാം തമ്മിൽ അതിനെപ്പററി പറഞ്ഞു മുഷിയണ്ടല്ലോ" അയാൾ വലിയ വിനയത്തിൽ അവസാനിപ്പിച്ചു. "ആ കിളവൻ വിവാഹിതനാവുന്നതിനു മുമ്പു എന്തായിരുന്നിരിക്കണം സ്ഥിതി? സ്നേഹിതാ, തെററിദ്ധരിക്കരുത്. ആ കുട്ടിയുടെ അഭിപ്രായമെന്തെന്നു് അദ്ദേഹം ഒരിക്കൽ ചോദിച്ചിട്ടാണു മറുപടി പറഞ്ഞിരുന്നതെങ്കിൽ...... ഒരാലോചനായുണ്ടു് എന്നു പറഞ്ഞതു ശ്രദ്ധ കള്ളം........ഞങ്ങളൊക്കെ തമ്മിൽ ഇത്ര പരിചയമുണ്ടായിരുന്നിട്ടും!........ ഇതിൻെറ ഒക്കെ അർത്ഥം എൻെറ വരവിൽ, പണത്തിൽ, അദ്ദേഹത്തിനു തൃപ്തിയുണ്ടായിരുന്നില്ലെന്നു്; 'നിങ്ങളുടെ ലോകം എൻെറ കഴിവിനെ പററി ആലോചിക്കാൻ തയ്യാറുണ്ടായിരുന്നില്ലെന്നു്. ഈ ദുസ്ഥിതി മാറണ്ടേ, മാററണ്ടേ? മററുള്ളവരുടെ ഇഷ്ടംപോലെ കൊടുക്കുവാനോ വാ

# വിസ്മരിക്കൂ!

പി. ജി. എസ്. നായർ, ഇടയാറന്മുള.

ഹൃദയമേ! നീയൊന്നു പുഞ്ചിരിക്കൂ
ചപലമാം ചിന്തകൾ വിസ്മരിക്കൂ!
അഴലിൻ നിഴലിലായെത്ര കാല-
മഴകിനെ ത്തേടി നീ പാഴിലാക്കി.
മധുരാഭിലാഷങ്ങളെത്ര നിന്നിൽ
ശിഥിലമായ് നിർദ്ദയം മണ്ണടിഞ്ഞു.
മതി മതി ചിന്തേ നീ കെട്ടടങ്ങൂ
മതി വിട്ട വേഗം നീ പോയൊടുങ്ങൂ!
ഹൃദയമേ! നീയൊന്നു പുഞ്ചിരിക്കൂ
ചപലമാം ചിന്തകൾ വിസ്മരിക്കൂ!
കദനച്ചുഴലിയിൽ വീർപ്പുമുട്ടി-
യുതിരുന്ന കണ്ണുനീരാരറിയും?
ഫലമില്ലാതീ വിധം വെന്തു നീറി
അലയുന്നതെന്തിനുവിശ്രമം നീ?
നിയമവും നീതിയുമററ ലോകം
നിയതം തിരിയട്ടെ നിശ്ശങ്കം!
ഹൃദയമേ! നീയൊന്നു പുഞ്ചിരിക്കൂ
ചപലമാം ചിന്തകൾ വിസ്മരിക്കൂ!.......

—*—

ണ്ടുവാനോ ഉള്ളതാണോ മനുഷ്യന്റെ ജീവിതം?"

"ആകട്ടെ, ആ കുട്ടി ഇപ്പോൾ വിവാഹിതയാണോ?" ഞാൻ ചോദിച്ചു.

"അതെ."

"അവൾക്ക സുഖം തന്നെയല്ലേ?" അയാളെ അബദ്ധമാക്കുവാൻ ഞാൻ വെമ്പി.

"ആയിരിക്കട്ടെ!" കുറച്ചുനേരമാലോചിച്ചതിനു ശേഷം അയാൾ പറഞ്ഞു. "ആ വിവാഹം കഴിഞ്ഞതു പിന്നെയും ഒന്നര കൊല്ലം കഴിഞ്ഞതാണ്. അവർ സദയം എനിക്കൊരു ക്ഷണക്കത്തയച്ചിരുന്നു; ഞാൻ എന്റെ ആശംസകളും!........ ന്യായം. അതൊക്കെ വേണ്ടതാണ്. പക്ഷേ എനിക്ക ഇടയ്ക്കൊരു ദാഹം തോന്നും കുറച്ചു സ്നേഹത്തിന്........ പണം കൊടുത്തു ഞാനതിങ്ങനെ വാങ്ങും.

എന്റെ വീടിന്റെ പടിക്കൽ വണ്ടി നിന്നു. ഞാൻ താഴെ ഇറങ്ങി കൂലി എടുത്തപ്പോഴേക്കും, വണ്ടി വിട്ടുവാൻ അയാൾ ഉത്തരവു കൊടുത്തിരുന്നു. ഞാൻ ഗയിററിനകത്തേക്ക കടന്നു. പോകുന്ന ധൃതിയിൽ അയാൾ വിളിച്ചപേക്ഷിച്ചു: "അതേയ്, ആ കാരണവർ പഠിപ്പിച്ചതാണ്; തെററിദ്ധരിക്കരുതേ!"

# നമ്മുടെ ദേശീയഗാനം

ജെ. മാത്യൂസ്.

ദേശീയഗാനപദവിയിലെത്തുവാൻ രണ്ടു ഗാനങ്ങൾ മത്സരിച്ചോട്ടുന്നുണ്ടു്: ബങ്കിംചന്ദ്ര ചാറററർജിയുടെ 'വന്ദേമാതരവും' ടാഗോറിൻെറ 'ജനഗണമന'യും. മാതൃഭൂമിയുടെ പാദപീഠത്തിങ്കൽ കണ്ണീരും വിയർപ്പും ചോരയും ബലിയർപ്പിച്ച അനേകം രക്തസാക്ഷികൾക്കാവേശം കൊടുത്തതെന്നുള്ള മെച്ചവും പഴക്കവും 'വന്ദേമാതര'ത്തിനുണ്ടെങ്കിലും 'ജനഗണമന' യുവസഹജമായ പ്രസരിപ്പോടുകൂടി കുതിച്ചു ചാടി മുന്നോട്ടു നിൽക്കയാണെന്നു തോന്നുന്നു. മിക്ക പ്രവിശ്യകളിലും ദേശീയഗാനങ്ങൾ എന്ന നിലയിൽ രണ്ടും താല്ക്കാലികമായി അംഗീകരിച്ചിട്ടുണ്ടു്. യു. പി. സക്കാരിനു 'വന്ദേമാതരം' മാത്രം മതി. മദ്രാസിനു 'വാഴിയ ചെന്തമിഴ്' കൂടി വേണം. കഴിഞ്ഞ ആഗസ്റ്റ് പതിനഞ്ചിനു മിസ്സിസ് കൃപലാനി പാടിയ ദേശീയഗാനങ്ങളുടെ കൂട്ടത്തിൽ 'സാരേ ജഹാൻ സേ അച്ഛാ' എന്ന ഇഖ്ബാൽകൃതികൂടി ഉൾപ്പെട്ടിരുന്നു. പക്ഷേ ഇന്നു് അതൊക്കെ വേണ്ട മട്ടില്ല.

'വന്ദേമാതരവും' 'ജനഗണമന'യും രണ്ടും ദേശീയഗാനങ്ങളായിട്ടുദ്ദേശിച്ചുണ്ടാക്കിയതല്ല; രണ്ടും ബംഗാളി ഭാഷയിലുമാണു്. ബങ്കിംചന്ദ്ര ചാറററർജിയുടെ 'ആനന്ദമഠം' എന്ന നോവലിലാണു 'വന്ദേമാതര'ഗാനം ആദ്യം പ്രത്യക്ഷപ്പെട്ടതു്. അവിടെ അതു ഭാരതമാതാവിനെ അഭിസംബോധനം ചെയ്യുന്നതല്ല. 'ആനന്ദമഠ'ത്തിൽ ദുർഗ്ഗാരാധകന്മാരായ ഒരു സംഘം ബ്രാഹ്മണന്മാർ കൊള്ളയും കവർച്ചയും കൊണ്ടു ബംഗാളിലെ വിദേശ്യഭരണനുകം തകർപ്പാനുദ്യമിക്കുന്നതാണു കഥ. അവർ പർവ്വതപ്രദേശങ്ങളിലുള്ള തങ്ങളുടെ ഒളിപ്പിടങ്ങളിൽവച്ചു ദുർഗ്ഗയെ സ്തുതിച്ചു പാടുന്നതാണു 'വന്ദേമാതര'ഗാനം. എന്നാൽ ഇതിനു ഭാരതമാതൃസ്തവമായ ഒരർത്ഥം കൊടുപ്പാൻ എളുപ്പമുണ്ടു്. ബങ്കിം ബാബു ഗാനകൃത്തിനേക്കാൾ കൂടുതൽ ഒരു ആഖ്യായികാകാരനായിരുന്നു. അതിനാൽ ടാഗോർകൃതിയായ 'ജനഗണമന'യിലെ ഗാനരചനാവിലാസം 'വന്ദേമാതര'ത്തിലില്ലതന്നെ.

മാതൃഭൂമിയെ ഒരു ദേവിയായി കല്പിച്ചു സ്തുതിക്കുന്നതു് ഒരുവക വിഗ്രഹാരാധനമാണെന്നുള്ളതിനാൽ മതപരമായ അടിസ്ഥാനത്തിന്മേൽ മുസ്ലിങ്ങൾ 'വന്ദേമാതര'ത്തെ എതിർത്തു. ആദ്യത്തെ കോൺഗ്രസ് മന്ത്രിസഭകളുടെ 'ഭരണകാല'ത്തു് ജിന്നാസാഹേബ് ഈ എതിർപ്പിൽനിന്നും രാഷ്ട്രീയമുതൽ വേണ്ടുവോളമടിച്ചെടുത്തു. 'വന്ദേമാതരം' ദേശീയഗാനമായുപയോഗിക്കുന്നതിനെ അടിസ്ഥാനമാക്കി അക്കാലത്തു പ്രാദേശികനിയമസമിതികളിലും മററു സംഘടനകളിലും കോളിളക്കങ്ങളും കശപിശകളും എമ്പാടുമുണ്ടാക്കി. കോൺഗ്രസ് മന്ത്രിസഭകൾ മുസ്ലീ

ങ്ങൾക്കെതിരായി നടത്തിയ ക്രൗര്യ്യങ്ങളേയും മർദ്ദനങ്ങളേയും പററി അന്വേഷിക്കാൻ ലീഗ് നിയമിച്ച 'പീർപുരം' കമ്മററിയുടെ റിപ്പോർട്ടിലെ മുഖ്യാരോപണങ്ങളിലൊന്നായിരുന്നു 'വന്ദേമാതര'ഗാനാലാപം. മുസ്ലീങ്ങളുടെ ഈ വക പ്രക്ഷോഭണങ്ങൾക്കു വഴങ്ങി, ഭാരതഭൂമിയുടെ പുഷ്പഫലജലസമൃദ്ധിയെ വാഴ്ത്തുന്ന ആദ്യത്തെ രണ്ടു ശീലുകൾ മാത്രം പാടിയാൽ മതിയെന്നു കോൺഗ്രസ് നിശ്ചയിച്ചു. മററും ചില പോരായ്മകൾ 'വന്ദേമാതര'ത്തിനുണ്ടു്. അതിന്റെ രീതിക്കു ദേശീയഗാനത്തിനുണ്ടായിരിക്കേണ്ട ഔജ്വല്യമില്ല; ഒരു വിജയാഹ്വാനത്തിന്റെ ഗാംഭീര്യമില്ല; അതു എളുപ്പം പട്ടാളബാൻഡിലൊതുങ്ങുകയില്ല. ഇടയ്ക്കിടയ്ക്കു് എടുത്തു പാടാനൊരു പല്ലവിയുമില്ല. ഇങ്ങനെ പലതും പറയാനുണ്ടു്. എന്നാൽ 'ജനഗണമന'യേക്കാൾ അതിനുള്ള ചില മേന്മകളും പറയണമല്ലോ. അതിന്റെ പിൻപിൽ ദേശീയതയുടേയും സ്വാതന്ത്ര്യസമരത്തിന്റേയും പാരമ്പര്യം അകമ്പടി നില്ക്കുന്നുണ്ടു്; 'ജനഗണമന'യ്ക്കതില്ല. രണ്ടിലും ഭാഷ ബംഗാളി തന്നെയെങ്കിലും 'വന്ദേമാതര'ത്തിൽ മിക്കതും സംസ്കൃതമയമാണു; അതിനാൽ ഇൻഡ്യയിലെവിടെയും മനസ്സിലാക്കപ്പെടുവാൻ എളുപ്പമുണ്ടു്. 'ജനഗണമന' ബംഗാളത്തിന്റെ അതിർത്തി കടന്നാൽ പിന്നെ അർത്ഥശൂന്യമാണ്.

'ജനഗണമന'യ്ക്കെതിരായും ഒച്ചപ്പാടുകളുണ്ടായിട്ടുണ്ടു്. അതു കുറേക്കാലം പ്രചാരമില്ലാതെ കിടപ്പായിരുന്നു; മാത്രമല്ല ബംഗാളിലെ ദേശീയവാദികൾ അതിന്റെ നേർക്കു പല്ലിളിക്കക്കൂടി ചെയ്തു. ടാഗോർ, അതു് 1911-ലെ ഡില്ലി ദർബാറിനുവേണ്ടിയാണെഴുതിയതെന്നും അതിലെ 'ഭാരതഭാഗ്യവിധാതാ'വു് ജോർജ്ജ് അഞ്ചാമനാണെന്നും മററും ഒരു കുശുകുശുപ്പുണ്ടായി. ഇതു 'ഗുരുദേവ'നുടെ പേരിൽ അന്യായമായ ഒരാരോപണമാണ്. പിൽക്കാലത്തു വാസ്തവം വെളിപ്പെട്ടിട്ടുണ്ടു്: ഡില്ലി ദർബാറിനുവേണ്ടി ഒരു ഗാനം രചിച്ചുകിട്ടുവാൻ ഒരുയർന്ന ബ്രിട്ടീഷുദ്യോഗസ്ഥൻ ടാഗോറിനെ സമീപിച്ചു; അദ്ദേഹം തീർത്തും വിസമ്മതിക്കയാണു ചെയ്തതു്. പിന്നെ 'ഭാരതഭാഗ്യവിധാതാ'വിനെ അഭിസംബോധനം ചെയ്തുകൊണ്ടു് ഒരു ഗാനം രചിച്ചപ്പോൾ യാതൊരു ഭൗമസാമ്രാട്ടും അദ്ദേഹത്തിന്റെ മനസ്സിലില്ലായിരുന്നു; സകല ചരാചരാന്തർയാമിയായ പരാശക്തിയെന്നു മാത്രമേ അദ്ദേഹം ഉദ്ദേശിച്ചിരുന്നുള്ളു. ഇനിയും ഒരാളുടെ പ്രതിഭയിൽ 'ഭാരതഭാഗ്യവിധാതാ'വു് ഗാന്ധിജിയാണെന്നൊരു വ്യാഖ്യാനം മുളയ്ക്കയില്ലെന്നാരറിഞ്ഞു?

തെക്കെ ഇൻഡ്യയിൽ ചിലർക്കു് ഒരു പരാതിയുണ്ടത്രെ: 'ജനഗണമന'യിൽ പഞ്ചാബ്, സിന്ധു, ഗുജറാത്ത്, മഹാരാഷ്ട്രം, ദ്രാവിഡം, ഉത്കൽ, (ഒറീസ്സ) വംഗം (ബംഗാൾ) എന്നുള്ള ഇൻഡ്യൻ പ്രവിശ്യകളുടെ ഗണനാപ്രസംഗത്തിൽ തമിഴ് തെലുങ്കു മലയാള കർണ്ണാടക നാടുകളെ വേറേ വേറേ എടുത്തു പറഞ്ഞിട്ടില്ല പോലും. അവർക്കു ദ്രാവിഡത്തിൽ ഒതുങ്ങി നിന്നാൽ പോരേ? തനിയെ മുഴച്ചുയർന്നു നിൽക്കണമെന്നുണ്ടോ? ആസാമികൾക്കാണധികമരിശം; അവരെ പാടേ മറന്നുകളഞ്ഞു. അടുത്ത സമയം ഷില്ലോങ്ങിൽ ഒരു റേഡി

യോ നിലയം തുറന്നപ്പോൾ 'ജനഗണമന' ചൊല്ലുന്നതിനെ ചെറുത്തു ഒരു കൂട്ടം കലാകാരന്മാർ നിവർത്തനം അനുഷ്ഠിച്ചുപോലും! വിഭജനത്തിനു ശേഷം ടാഗോർകൃതിക്കു പുതിയ വൈഷമ്യങ്ങൾ എതിരിടേണ്ടി വന്നിരിക്കുന്നു. ബംഗാളിന്റേയും പഞ്ചാബിന്റേയും പാതിക്കു 'ഭാരതഭാഗ്യ'ത്തോടു കെട്ടുപാടററു പോയിരിക്കയാണു്. 'സിന്ധു' മുഴുവനെ മറുനാടായിപ്പോയിരിക്കയാൽ ഇൻഡ്യൻ ദേശീയഗാനത്തിൽ അതിനെപ്പററിയുള്ള പരാമർശം അസ്ഥാനത്തല്ലേ? എങ്കിലും വഴി പിഴച്ചു പോയ ഇളമുറക്കാർ പശ്ചാത്താപാർത്തരായി പിതൃഭവനത്തിൽ മടങ്ങി വരുമെന്നൊരു ശുഭപ്രതീക്ഷയുള്ള പാക്കിസ്ഥാൻ പ്രവിശ്യകളുടെ സ്മരണം വാതിൽ തുറന്നിട്ടുമെങ്കിൽ അങ്ങിനെയാകട്ടെ.

നമ്മുടെ ദേശീയഗാനം ദേശീയഭാഷയിലായിരിക്കേണ്ടതത്യാവശ്യമാണു്. ഇക്കാര്യത്തിൽ 'വന്ദേമാതര'വും 'ജനഗണമന'യും വിരൽ മടക്കിപ്പോവും. ഹിന്ദുസ്ഥാനി നമ്മുടെ ദേശീയഭാഷയായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കയാൽ 'ജനഗണമന'യ്ക്കു ഒരു ഹിന്ദി തർജ്ജമ ഉണ്ടായാൽ കൊള്ളാം. ബോസിന്റെ താൽക്കാലിക ഗവർമ്മെണ്ടു 'ജനഗണമന'യുടെ ഹിന്ദി പരിഭാഷയാണു ദേശീയഗാനമായിട്ടുപയോഗിച്ചിരുന്നതെന്നു കേൾക്കുന്നു. അതൊരു ശരി തർജ്ജമയാണോ? അതു തന്നെ നമ്മുടെ ദേശീയഗാനമായിട്ടെടുക്കാമോ എന്നൊരാലോചന നമ്മുടെ നേതാക്കന്മാർക്കും ഉണ്ടായില്ലെന്നുണ്ടോ? ദേശഭക്തിയുടേയും രക്തസാക്ഷിത്വത്തിന്റേയും പാരമ്പര്യം അതിനുണ്ടല്ലോ.


—:o:—

മി. ജിന്നായ്ക്കു സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കുകൊള്ളാൻ സൌകര്യമില്ലാതിരുന്നതു് ശങ്കറിന്റെ നോട്ടത്തിൽ.




Courtesy : Sankar's Weekly.

# കഷായം



ഉത്തരവാദഭരണത്തിന്റെ ഉദയത്തിനു മുമ്പ് എന്തെല്ലാം സ്വരങ്ങളാണ് ആ മൂങ്ങകളുടെ മുഖത്തു നിന്നും പൊങ്ങിയിരുന്നതെന്നോ! സ്വാമി പോയി പട്ടവും കൂട്ടരും വന്നാൽ! പടിക്കലെപ്പാറ പൊന്നാവും; നടക്കുന്ന പാതയിലൊക്കെ പനിനീർ വീശും; വഞ്ചി അഴകോടെ മുന്നോട്ടു നീങ്ങും. പിന്നെയും പലതും. ആ പ്രത്യാശകളൊക്കെ ഇന്നു മഴയേററ മണ്ണാങ്കട്ട പോലെ അലിഞ്ഞു പോയി. നിങ്ങൾ തലേന്നാൾ രാത്രി കണ്ട കഥകളിയിലെ ലളിതയെ പകൽ കണ്ടാൽ എങ്ങിനെയിരിക്കും? ഭാവനയിലെ ഉത്തരവാദിത്വഭരണവും, യഥാർത്ഥത്തിൽ വന്ന ഉത്തരവാദിത്വഭരണവും തമ്മിൽ അത്ര വ്യത്യാസമുണ്ട്.

നിങ്ങൾ വായിക്കാറില്ലേ അസംബ്ലിയിലെ ചില വാദപ്രതിവാദങ്ങൾ. മീൻചന്തയിലെ വക്കാണവും, തെരുവീഥിയിലെ വെടിപൊട്ടിയ്ക്കലും കുറേക്കൂടെ മെച്ചമാണെന്നു ചിലപ്പോൾ ഈയുള്ളോനു തോന്നിയിട്ടുണ്ട്. ഉത്തരവാദപ്പെട്ട മന്ത്രിമാർ ചെയ്യുന്ന നിരുത്തരവാദപ്രസ്താവന കേട്ടാൽ അറപ്പും വെറുപ്പും തോന്നും. ഇനിയിപ്പോൾ പറഞ്ഞിട്ടെന്താണു ഫലം? നിങ്ങളുടെ വോട്ട് അവർ തട്ടിയെടുത്തു കഴിഞ്ഞു. വിചാരിച്ചാൽ യാതൊരു നിവൃത്തിയുമില്ല സാറേ.

ശ്രീമൂലം അസംബ്ലിയിൽ നടന്ന ആ നീണ്ട പ്രഹസനത്തിലെ ചെറിയൊരു രംഗം കേൾക്കണമോ? വിദ്യാഭ്യാസ കാര്യത്തെക്കുറിച്ചായിരുന്നു ചർച്ച. മന്ത്രി ശ്രീ. ടി. എം. വറുഗീസും, മക്കോസ് എന്ന പ്രതിനിധിയും തമ്മിൽ സംവാദം നടന്നു.

മി. മക്കോസ്– ........യൂണിവേർസിററി ആക്ട് ഭേദപ്പെടുത്താൻ ആലോചിക്കുമോ?

ശ്രീ. ടി. എം.– ഇപ്പോൾ ആലോചനയിലില്ല.

മി. മക്കോസ്— ഇനിയെങ്കിലും ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്താമോ?

മന്ത്രി— ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തണമെങ്കിൽപ്പെടുത്താം.

ചോദ്യം— പെടുത്താമെന്നു പറഞ്ഞാൽ പെടുത്താമോ? (ചിരി)

മന്ത്രി— ആരു പറഞ്ഞാൽ?

മക്കോസ്- ഞാൻ പറഞ്ഞാൽ.

മന്ത്രി— ഞാനും ആലോചിക്കാം.

പറവൂർ ടി. കെ.— ആലോചിക്കാനും ഇത്ര വളരെ ആലോചിക്കാനുണ്ടോ? (കൂട്ടം ചിരി)

ശങ്കറിന്റെ ആഴ്ചപ്പതിപ്പിൽ (Sankar's Weekly) എഴുതിയിരുന്നു ഇന്ത്യാക്കാക്കു ചിരിക്കാനറിഞ്ഞുകൂടെന്നു്. ശ്രീമൂലം അസംബ്ലിയിലേയ്ക്കു് ഒന്നു കണ്ണോടിയ്ക്കട്ടെ. ഒരാൾ വാപൊളിച്ചാൽ മതി മററവരെല്ലാം കൂട്ടത്തോടെ വാപൊളിക്കുകയായി കൂട്ടച്ചിരിക്കു്. മന്ത്രിയോ മെമ്പറോ പറയുന്നതു വിഡ്ഢിത്തമായിട്ടോ, അതോ ടിയാന്മാക്കു ഹാസരസബോധം അധികമായിട്ടോ ഈ ചിരി? അല്ലാ, അലവൻസും ശമ്പളവും വാങ്ങുമ്പോൾ ചിരിക്കുകയെങ്കിലും വേണ്ടേ? നടക്കട്ടെ, നടക്കട്ടെ സംഘടിതമായ ഈ ദന്തപ്രദർശനം നിർവ്വിഘ്നം നടക്കട്ടെ! ആലോചനയ്ക്കു ശേഷം ചിരി, ചിരിയ്ക്കുശേഷം ആലോചന, അതു കഴിഞ്ഞിട്ടു സ്വാഗ്രഹങ്ങൾ പൂകലും. പാപ്പ പിള്ള, പശ്ചാത്തപിച്ചോളണം. അതേ ഉള്ളൂ പ്രായശ്ചിത്തം!

*   *   *

കൊച്ചിയിൽ തെരഞ്ഞെടുപ്പുചൂടു കലശലാണു്. വേണാട്ടിലെ "വെടിക്കെട്ടുകൾ" കൊച്ചിക്കാരും കേൾക്കനുണ്ടല്ലോ. എന്തിന്? അവിടെത്തന്നെയുണ്ടല്ലോ ദാമോദരൻ കേസും ഗുലുമാലുമൊക്കെ!

ഹോട്ടൽത്തൊഴിലാളി സിന്ദാബാദ്! എന്താണിങ്ങനെ എഴുതാനെന്നോ? ചേർപ്പുകാരനൊരു ഹോട്ടൽത്തൊഴിലാളി പ്രജാമണ്ഡലം മേധാവികൾക്കു് ഒരു കത്തയച്ചിരിക്കുന്നുപോൽ. താനും ഒരു സ്ഥാനാത്ഥിയാവാൻ തയ്യാറാണെന്നു്. കൊച്ചനും കയറണം കൊച്ചി അസംബ്ലിയിൽ. എന്താ കയറിയാൽ? പയ്യനു സ്ഥാപിതതാല്പര്യ്യമൊന്നുമില്ല. ഹോട്ടൽപ്പണി വശമാണു്; നാലുരൂപയേ മാസം ശമ്പളമുള്ളു. തൊഴിലാളികളുടെയും കൃഷിക്കാരുടെയും നില നന്നാക്കുന്നവക്കു് എന്തുകൊണ്ടു് തനിത്തൊഴിലാളിയെ സ്ഥാനാത്ഥിയാക്കിക്കൂടാ?

സാറേ, അതൊക്കെ പ്രസംഗമല്ലേ? പ്രവൃത്തിയിൽ അതൊന്നും വരേണ്ടല്ലോ. ഹോട്ടൽത്തൊഴിലാളിക്കു് ഓണപ്പുടവ കൊടുക്കണം. വർഗ്ഗബോധമുള്ള പയ്യൻ!

*   *   *

ചാക്കോച്ചൻ:— എടാ മോനേ, ഞ്ഞൂട്ടാ തെരുവിലൊരു ഘോഷം? ആരെങ്കിലും ചത്തിട്ടുണ്ടോ?

വറീതു്:- എലക്ഷനാണപ്പാ, വോട്ടുപിടുത്തത്തിനാളുകളു് നടക്കാ

ചാക്കോച്ചൻ:- എടാ മോനേ, ബോട്ടിനു എറണാകുളം പോണ്ടേ? തൃശ്ശൂര് നെരത്ത്മ്മ്ല് എങ്ങന്യേ ബോട്ട് ഓടിക്ക്യാ?

വറീതു്:— അപ്പനെന്തറിഞ്ഞു? പ്രജാമണ്ഡലോം പീപ്പിൾസ് കോൺഗ്രസും കൂടി മത്സരിച്ചു തെരഞ്ഞെടുപ്പിനു നിൽക്കാണല്ലോ.

ചാക്കോച്ചൻ :— എന്താണ് ഇ വററ തമ്മില് വ്യത്യാസം? ഈ പാപ്പർ കോക്രസ്സും, പ്രജാമണ്ഡലീം തമ്മില്?

വറീതു് :- കോൺഗ്രസ്സുകാരുടെ വാല് പിന്നിലാ - മണ്ഡലക്കാരടെ മുമ്പിലും. കോൺഗ്രസില് റാവു ബഹാദൂരും റാവു സാഹെബുമാണുള്ളതു്; പ്രജാമണ്ഡലത്തില് ബി. എ. ബി. എല്ലും, എം.ബി.ബി.എസ്സും.

ചാക്കോ:- അപ്പോ മോനേ, വടക്കാഞ്ചേരി കാട്ടിലുണ്ടല്ലോ വാലുള്ള കൂട്ടര്. അവററ ഏതിലാ? അവരടേം ഒരു കോഷയാത്രണ്ടായിരുന്നു നാള്.

* * *

## പുതിയ പുരാണം

ഉത്തരേന്ത്യയിലെ ഒരു നാട്ടുരാജ്യത്തിലെ രാജകുമാരൻ കലശലായി ശാഠ്യം പിടിച്ചു കരയുകയായിരുന്നു. "ഉണ്ണി എന്തിനു കരയുന്നു" അച്ഛൻ മഹാരാജാവു വന്നന്വേഷിച്ചു "ആനക്കുട്ടിയെ വാങ്ങിത്തരണമോ? സ്വർണ്ണപ്പന്തു വേണോ?" പയ്യൻ പിന്നെയും "ഞേ" എന്നു നിലവിളി തുടർന്നു.

"മോനേ കരയല്ലേ. മുഖം വാടുമല്ലോ" അമ്മമഹാറാണി വന്നു കെഞ്ചി "മോന് ലഡുവും പാലും വേണോ?"

രാജകുമാരൻ ഇതുകൊണ്ടൊന്നും രോദനം നിർത്തിയില്ല. അരചൻ ഉടനെ അമാത്യനെ വരുത്തി. മൂപ്പീന്നു ബുദ്ധിശാലിയാണെന്നത്രെ വയ്പ്. മന്ത്രി രാജകുമാരനെ കണ്ട ഉടനെ പറഞ്ഞു: "അതാ വരുന്നു, കുമാരാ അതാ വരുന്നു!"

"ആര്?" രാജകുമാരൻ ചോദിച്ചു. "ഇരുപതാം നൂററാണ്ടിലെ പരശുരാമൻ!" മന്ത്രി മറുപടിയോതി. "പരശുരാമനോ?" അത്ഭുതത്തോടുകൂടി കുട്ടി അന്വേഷിച്ചു.

"അതെയതെ, പരശുരാമൻ തന്നെ. വി. പി മേനോൻ."

"പങ്കുണ്ണിയോ? അയ്യോ!"

രാജകുമാരൻ നിലവറക്കണ്ടിൽ പോയൊളിച്ചു. തിരിഞ്ഞുനോക്കിയപ്പോഴം മുമ്പിലുണ്ട് ഒരാറം നില്ക്കുന്നു- മഹാരാജാവു തന്നെ!

ഇതൊരു പൊള്ളോ, സൊള്ളോ, പൊങ്ങച്ചമോ ആണെങ്കിൽ അതിൻെറ ഉത്തരവാദിത്വം എൻേറതല്ല കേട്ടോ. "മലയാളമനോരമ'യിൽ ഒരാറം അടിച്ചുവിട്ടതാണ്. വാശടൻ സ്വന്തം ഭാഷയിൽ രൂപഭേദത്തോടെ വാർത്തെടുത്തുവെന്നു മാത്രം.

* * *

ജനറാലിസ്സിമോ സ്റ്റാലിൻ പണ്ഡിററ് നെഹ്രുവിനു സ്വാതന്ത്ര്യദിനം പ്രമാണിച്ചു അയച്ച സന്ദേശം വായിച്ചില്ലേ. മൂപ്പർ അതിൽ സ്വാതന്ത്ര്യദിനത്തെപ്പററി ഒരൊററ അക്ഷരം ഉരിയാടിയിട്ടില്ല. "ദേശീയമായ അവധി ദിന" മാണെന്നാണ് മാർഷൽ പറയുന്നതു്. ഓണം, പെരുന്നാറം, ക്രിസ്തുമസ്സ് മുതലായവപോലെ ഒരു 'കൊണ്ടാട്ടനാളാ'ണിതുമെന്നു്. പററിയില്ലേ പണി! മാർഷൽ സ്റ്റാലിൻ സിന്ദാബാദ്!

* * *

"മഞ്ഞപ്പിത്തം ബാധിച്ചവർ എല്ലാം മഞ്ഞ നിറത്തിലേ കാണു" ആരുടെ കണ്ടുപിടുത്തമാണിതു്? നിങ്ങറക്കറിയാമോ? വയസ്കര മൂസ്സതു്? കോട്ടയ്ക്കൽ വാരിയർ? ശങ്കുണ്ണി വൈദ്യൻ? ഛെയ്! നിങ്ങറക്കറി

# അത്രമാത്രം!

(കല്യാണി—കളവാണി)

പി. ഭാസ്കരൻ.

തങ്കം നീ പൊറുക്കണേ, തിങ്ങീടു മിരുളിതിൽ
നിൻ കവാടത്തിൽ മുട്ടും പഥികനൊന്നിൽ !

* * *

ഇല്ല, ഞാൻ കാംക്ഷിപ്പതി, ല്ലല്ലണിക്കുന്തലിലെൻ
ഫുല്ല മീ യുപഹാര പ്പൂക്കളം ചാർത്താൻ ;
മന്ദം നിൻ മടിത്തട്ടാം മന്ദാരതല്പം തന്നിൽ
സുന്ദരസ്വപ്നം കണ്ടു കിടന്നുറങ്ങാൻ.
ആശിപ്പതില്ല ഞാൻ നിൻ പേശലഹൃത്തിൽ കരി—
പൂക്കുന്ന നിഴൽനിര വീശുവാനായ് ;
ചെമ്പനീരിതൾ തോല്ക്കും ചുണ്ടിണ തന്നിൽ മമ
ചുംബനച്ചിറകുമായ് പ്പറന്നണയാൻ ;
ലോലമാ മിഴി യുഗം നീലനിലാവിലൊരു
ചേലാർന്ന പാതിരാ പ്പൂവായ് വിരിയാൻ.
കോണിലൊരേടത്തെന്റെ വീണയിൽ തലവെച്ചീ-
ക്ഷീണ ശരീരവുമായ് മയങ്ങിടാം ഞാൻ.

* * *

ശാരദ രജനി യീ ക്കൂരിരുൾ യവനിക—
യോരോരോ ഞെറികളായ് നീക്കീടുമ്പോൾ.

---

യില്ല. ബ്രഹ്മശ്രീ. കെ. പി. ജി. നമ്പൂതിരി !

"അദ്ദേഹം ഒരു കമ്യൂണിസ്റ്റ് കവി മാത്രമല്ലേ?"

"അല്ല സാറേ, ഒരു കണ്ണുവൈദ്യനുംകൂടിയാണ്. വേറൊരു ഗുണം— 'മുഖം നോക്കാതെ'യാണു മൂപ്പീന്നിന്റെ കണ്ണുപരിശോധന."

"അതെന്തു വിദ്യയാണപ്പാ! കണ്ണു മുഖത്തല്ലേ?"

"മുഖത്തു മാത്രമേ കണ്ണുള്ളൂ ? .......... ആരു കണ്ടു തിരുമനസ്സിന്റെ നിരീക്ഷണമെന്താണെന്ന് ?"

—:o:—

കാലമാം നീലപ്പക്ഷി തൂകിയ തൂവലുകൾ
നീളവേ താരങ്ങളായ് തെളിഞ്ഞിടുമ്പോൾ
അമ്പിളിയന്നത്തു തൻ കുമ്പിളിൽനിന്നും പുതു–
ചെമ്പകപ്പൂക്കൾ പാരിൽ ച്ചൊരിഞ്ഞിടുമ്പോൾ.
നിന്മണിയറ തന്നിൽ നിന്നൊരു മൃദുലഗാന–
മന്മൃദു സ്വരത്തിലൂടൊഴുക്കണേ നീ!
ആയതിൻ സ്വരധാര നിദ്രയിലന്നെത്തന്നെ
മായികസ്വപ്നമായി പ്പുണർന്നീടുമ്പോൾ,
വേദനയകന്നെന്റെ ചേതനയൊരു നവ–
വേണുഗാനമായ് മാറി ച്ചമഞ്ഞിടുമ്പോൾ,
സർവ്വവും മറന്നിട്ടാ സംഗീതസാഗരത്തിൽ
നിർവൃതിയിങ്കൽ ഞാൻ ചേർന്നലിഞ്ഞിടുമ്പോൾ.
സന്താപസ്മൃതികളെ പ്പിന്നിട്ടെന്നോമലാളേ
സന്തതസംതൃപ്തനായ് ച്ചമഞ്ഞിടാം ഞാൻ.
നാളത്തെപ്പുലരി താൻ വാളുമായ് വന്നണഞ്ഞീ
നാകീയ സുഖത്തിനെ പ്പിളർക്കുകിലും,
കൊണ്ടുപോൻ വന്ന മലർച്ചെണ്ടുകളൊരു കോണിൽ
കുണ്ഠിതമാർന്നു വാടി ക്കിടക്കുകിലും,
മൃദുലമീ സ്മൃതിയുടെ മുല്ലപ്പൂമാല ചാർത്തി-
ത്തൃപ്തനായി ഞാൻ പിരിഞ്ഞകന്നുകൊള്ളാം.
തങ്കം നീ പൊറുക്കണേ തിങ്ങിടുമിരുളിതിൽ
നിൻ കവാടത്തിൽ മുട്ടും പഥികനെന്നിൽ!

---

"പറയേണ്ടതെങ്ങനെയെന്നറിഞ്ഞാൽ പോര, അതെങ്ങനെ പറയണമെന്നുകൂടി അറിഞ്ഞിരിക്കണം."

ആർനോൾഡ്.

# പുതുവർഷ പ്രതിജ്ഞകൾ

വിദ്വാൻ പി. എ. വാര്യർ.

[ഒരു യുവാവ് മേശയ്ക്കരികെ ഇരിക്കുന്നു, ചുണ്ടു കടിച്ചമർത്തി ഒരു ദൃഢനിശ്ചയത്തോടുകൂടി ഡയറി പോലുള്ള ഒരു വസ്തുവിൽ ആയാളുടെ കൈയ്യിലുള്ള തൂലിക ദ്രുതഗതിയിൽ ചലിക്കുന്നു. 1123 കർക്കടകം 32-ാംനു-രാത്രി 11—50-നാണു സംഭവം നടക്കുന്നതെന്നു മേശപ്പുറത്തുള്ള ചെറിയ കലണ്ടറും ഷെൽഫിന്മേലുള്ള ടൈംപീസും കാണിക്കുന്നു,]

യുവാവ് : [എഴുതുന്നതോടൊപ്പം ആവേശഭരിതനായിസംസാരിക്കുന്നു] ഞാൻ മൂന്നാമതായി നിശ്ചയിക്കുന്നു, പ്രതിജ്ഞ ചെയ്യുന്നു, ഞാൻ സിഗററ്റു വലി നിർത്തുമെന്ന്, പരിപൂർണ്ണമായി, അവസാനമായി നിർത്തുമെന്ന്.

അവ്യക്തമായ ഒരു നേർത്ത ശബ്ദം: [ പരിഹാസസൂചകമായി ] ആര്, നിങ്ങളോ ?

യുവാവ് : (തിരിഞ്ഞു നോക്കി അത്ഭുതത്തോടുകൂടി) ആരാണത് ?

അവ്യക്തമായ ശബ്ദം : ഉം, തുടർന്നോളൂ, ആ സിഗററ്റു ശക്തിയായി വലിച്ചുകൊണ്ടു തന്നെ വേണം.
ഇതു നിങ്ങളുടെ അവസാനത്തെ സിഗററ്റല്ലേ, നിങ്ങൾ പറയുന്നതു വിശ്വസിക്കാമെങ്കിൽ ?

യുവാവ് : ഞാൻ പുകവലി ആസ്വദിക്കുന്നില്ല. ഇതു തൊണ്ടയ്ക്കു വളരെ ദോഷമാണ്; പോരാത്തതു പണം ദുർവ്യയം ചെയ്യാനിടയാക്കുന്ന ഒരു ദുശ്ശീലവുമാണ്. അതു പോട്ടെ, നിങ്ങളാരാണ്, ഇവിടെ എന്തു ചെയ്യുന്നു ?

അവ്യക്തമായ ശബ്ദം : ഞാൻ നിങ്ങളുടെ മനസ്സാക്ഷിയാണ്. നിങ്ങളുടെ ഈ പ്രതിജ്ഞകൾ എന്നെ കണക്കിലേറെ വിഷമിപ്പിക്കുന്നു. എല്ലാ കൊല്ലവും പുതുവർഷാരംഭത്തിൽ നിങ്ങളെന്നെക്കൊണ്ടു അത്യദ്ധ്വാനം ചെയ്യിക്കുന്നു.

യുവാവ് : ഓ, ഇത്തവണ അങ്ങനെയൊന്നുമല്ല ; ഈ നവ വത്സരം എന്നെ ഒരു നവീന മനുഷ്യനായി കാണും. എന്റെ ഇച്ഛാശക്തി.......

അവ്യക്തമായ ശബ്ദം : ഉം....... നിങ്ങളുടെ ഇച്ഛാശക്തി ! അതെന്താണെന്നു എനിക്കു നല്ലപോലെ മനസ്സിലായിക്കഴിഞ്ഞു, നിർഭാഗ്യവശാൽ.

യുവാവ് : (കൈകൊണ്ടു പോകാനാംഗ്യം കാണിച്ചുകൊണ്ട്) നിങ്ങളിപ്പോൾ പോകണം. ഞാനിവിടെ കുറച്ചു സ്വൈരമായിരുന്നുകൊള്ളട്ടെ. (എഴുത്തു തുടരുന്നു) പ്രതിജ്ഞ നമ്പർ 4. കുടി നിർത്തുക, പരിപൂർണ്ണമായി നിർത്തുക.

അവ്യക്തമായ ശബ്ദം : ഹും !

യുവാവ് : എന്താ പറഞ്ഞത് ?

അവ്യക്തമായ ശബ്ദം : ഒന്നുമില്ല. നിങ്ങളെഴുത്തു തുടർന്നോളൂ. ഞാനാണ് 'ഹും' എന്നു പറഞ്ഞത്.

യുവാവ് : നിങ്ങളാ പറഞ്ഞ മട്ട് എനിക്കത്ര പിടിച്ചില്ല. തീർച്ചയായും ഒരാൾക്കു നന്നാവാൻ നിശ്ചയിക്കുക

യും സ്വഭാവം പ്രവർത്തിക്കുകയും ആകാം, നിങ്ങളിടപെടാതെ തന്നെ. (ഉറപ്പിച്ചുകൊണ്ടു്) അതേ, കുടി നിർത്തണം തീരേ നിർത്തണം.

അവ്യക്തമായ ശബ്ദം : ബീറ് പോലും? നല്ലപോലെ തണുപ്പിച്ചു വെള്ള ടംബ്ലറിലൊഴിച്ചു തരുമ്പോഴും? പല വിഷമതകളെക്കൊണ്ടും മനം കലങ്ങിയിരിക്കുമ്പോഴും? പകൽ മുഴുവൻ അത്യദ്ധ്വാനം ചെയ്തു വൈകുന്നേരം അല്പം കുളിർമ്മ കൂടിയേ കഴിയൂ എന്നു തോന്നുമ്പോഴും?

യുവാവ് : (കണ്ണുകളിൽ സ്ഫുരിച്ച ആർത്തി മറയ്ക്കുവാൻ കണ്ണടച്ചുകൊണ്ടു) അതേ ഞാൻ കുടിയെന്നു പറഞ്ഞപ്പോൾ ആൽക്കഹോൾ വിഷം കലർന്ന എല്ലാ പദാർത്ഥങ്ങളുമെന്നാണുദ്ദേശിച്ചതു്.

അവ്യക്തമായ ശബ്ദം : ഏഹം !

യുവാവ് : ആളുകളെ മുഷിപ്പിക്കുന്ന വേറെ വാക്കൊന്നും അറിഞ്ഞുകൂടെ നിങ്ങൾക്കു്?

അവ്യക്തമായ ശബ്ദം : ഓ, ഇപ്പോൾ ഓർത്തതേയുള്ളൂ. ശശാങ്കശേഖരൻെറ കോക്ക്ടെയിൽ പാർട്ടി (Cocktail Party) ക്കുള്ള ക്ഷണം നിങ്ങൾ സ്വീകരിച്ചിട്ടുണ്ടല്ലോ. ജനുവരി 5-ാംനു- ശരിക്കു അഞ്ചു ദിവസം, ഇന്നു തൊട്ടു്.

[ അടുത്തും അകലേയുമുള്ള പല പള്ളികളിൽ നിന്നും അർദ്ധരാത്രിയെ സൂചിപ്പിക്കുന്ന ഘണ്ടാനാദം, ഉറന്നു കിടക്കുന്ന ജനലിൽ കൂടി അകത്തു പ്രവേശിച്ച് മുറിയിൽ ഒരു പുതിയ ആശാപ്രസരം പരത്തുന്നു ]

യുവാവ് : അതാ കേൾക്കൂ, പുതുവർഷത്തിൻെറ ഘണ്ടാനാദം. ഈ പുതു വർഷം എൻെറ ജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തും.

അവ്യക്തമായ ശബ്ദം : നമ്മളാ ശശാങ്കശേഖരൻെറ പാർട്ടിയെ പറ്റിയാണു സംസാരിച്ചിരുന്നതു്. ഞാനവിടെ ഉണ്ടാവും, മനസ്സിലായില്ലേ?

യുവാവ് : അവിടെ നിങ്ങൾക്കു കാണാം, ഞാൻ തക്കാളിസ്സത്തു കുടിച്ച് കുടിയന്മാരുടെ കൂട്ടുകെട്ടിൽ നിന്നു വിട്ടുനിൽക്കുന്നതായി.

അവ്യക്തമായ ശബ്ദം : ഏഹം !

യുവാവ് : നിങ്ങളുടെ പദ ദൌർലഭ്യം ഭയങ്കരം തന്നെ. ആ കരുത്തം കെട്ട ശബ്ദം ഇനി ഇങ്ങനെ ആവർത്തിക്കരുതെന്നു എത്ര പ്രാവശ്യമായി ഞാൻ പറയുന്നു !

അവ്യക്തമായ ശബ്ദം : ഓ, ഞാൻ മീരയെപ്പററി ഓർക്കുകയായിരുന്നു.

യുവാവ് : ഉഹം, അവക്കെന്താണ്?

അവ്യക്തമായ ശബ്ദം : കാണാൻ നല്ല ചന്തമുള്ള ഒരു കൊച്ചു തരുണിയാണവൾ.

യുവാവ് : അതിനു്?

അവ്യക്തമായ ശബ്ദം : അവൾക്കു കുടി വളരെ ഇഷ്ടമാണു്. പോർച്ചുഗീസ് വൈൻ നിറച്ച ചെറു കപ്പികൾ, ഡസൻ കണക്കിനു വേണമെന്നു മാത്രം. പോരാത്തതു അവളുടെ നീണ്ടിടംപെട്ട നീലനേത്രങ്ങൾ നിങ്ങളുടെ നേരേ തിരിക്കുമ്പോൾ— ആ ചില്ലിവല്ലികളാൽ "നിങ്ങളെ തല്ലി, നിങ്ങൾ എന്നു കുടിക്കുമെന്നു ചോദിക്കുമ്പോൾ — നിങ്ങളുടെ ഉത്തരം കേൾക്കാൻ ഞാനവിടെ ഉണ്ടായിരിക്കണം.

യുവാവ് : എൻെറ ഇച്ഛാശക്തിയുടെ സ്ഥിരത അറിഞ്ഞു കഴിഞ്ഞാൽ

പിന്നെ അവരാരും എന്നെ ഉപദ്രവിച്ചില്ല.

അവ്യക്തമായ ശബ്ദം : ഈ കണ്ടാൽ കൊള്ളാവുന്ന കാമിനീമണികളോ ? അവരെന്തു ചെയ്യുമെന്നറിയാമോ? നിങ്ങളുടെ അടുക്കൽ നിന്നു നിരാശപ്പെട്ടാൽ അടുത്തിരിക്കുന്ന മറ്റേതെങ്കിലും സുന്ദരക്കുട്ടന്മാരെ സമീപിക്കും, ഇച്ഛാശക്തിക്കു കുറേക്കൂടി അയവും, കൂടുതൽ ഇണങ്ങിച്ചേരുന്ന സ്വഭാവവുമുള്ള മററു യുവാക്കളെ സമീപിക്കും, അത്രതന്നെ.

യുവാവ് : ഞാൻ പറയട്ടെ, നിങ്ങറം തൽക്കാലം എൻെറ മുറി വിട്ടു പോവുക. ഞാനെൻെറ ബാക്കി പ്രതിജ്ഞകളും കൂടി എഴുതിക്കൊള്ളട്ടെ.

അവ്യക്തമായ ശബ്ദം : ഇനിയും ഉണ്ടോ തീരുമാനങ്ങറം ? ഓ, ശരി തന്നെ. ഇത്തരം പ്രധാന സന്ദർഭങ്ങളിൽ പത്തു പ്രതിജ്ഞകളാണു പതിവ്—കൃത്യം പത്ത്, കൂടുതലുമില്ല, കുറവുമില്ല. അടുത്തതെന്താണാവോ, നേരത്തെ കിടക്കുക....................

യുവാവ് : അതിനെന്താ തരക്കേട് ?

അവ്യക്തമായ ശബ്ദം : ഒന്നുമില്ല; നേരേ ജനലിന്നു താഴെ ടാക്സികറം അദ്ധ്രാത്രിവരേയും ഓടിക്കൊണ്ടിരിക്കുമ്പോറം വേണമെന്നു വെച്ചാലും നിങ്ങറംക്കുറങ്ങാൻ കഴിയില്ലെന്നു മാത്രം. പോരാത്തതു സെക്കൻഡ്ഷോ (Second Show) വിട്ടൊഴിക്കാൻ നിങ്ങറംക്കു വിഷമവും ആണല്ലൊ.

യുവാവ് : ആയിരുന്നു.

അവ്യക്തമായ ശബ്ദം : ഏഹം !

യുവാവ് : മിണ്ടാതിരിക്കു, ഹേ!

അവ്യക്തമായ ശബ്ദം : അതാ, നിങ്ങളുടെ ഭാവം മാറി, ശുണ്ഠി കയറി. മൗലികമായ ഒരു മഹാപരാധം. സുഖദുഃഖങ്ങളിലും, കോപതാപങ്ങളിലുമെല്ലാം സമഭാവംപുലർത്തുക-പുതുവർഷ പ്രതിജ്ഞകളിലൊന്നാക്കി നിങ്ങറം എഴുതണം.

യുവാവ് : നിങ്ങളുമായി ഒരു വാദത്തിനൊരുമ്പെട്ടതു തന്നെ മഠയത്തരമായിപ്പോയി. പോകണം, ഉടനെ ആ ജനലിൽ കൂടി ഓടി രക്ഷപ്പെട്ടു കൊള്ളണം. ഉം, താമസിക്കരുത്.

അവ്യക്തമായ ശബ്ദം : ക്ഷമിക്കണം. ഇനിമേൽ ഞാൻ മിണ്ടാതിരുന്നുകൊള്ളാം, തീരെ ഇടപെടാതെ.

യുവാവ് : വന്ദനം ! സ്വല്പനിമിഷം അടങ്ങിയിരിക്കുക നിങ്ങറംക്കു വളരെ വിഷമമായിരിക്കും.

[ഈ ആക്ഷേപത്തിനു മറുപടി ഇല്ല. യുവാവു കുറച്ചു വരികറം കൂടി കുത്തിക്കുറിച്ച്, ചിരപരിചിതമായ ശീലത്തിൻെറ പ്രേരണയാൽ സിഗററ്റ് എടുക്കുവാൻ കൈ നീട്ടുന്നു. എടുത്തു കത്തിക്കാൻ തുടങ്ങുന്നു.]

അവ്യക്തമായ ശബ്ദം : നിങ്ങളെന്താണു ചെയ്യുന്നതെന്നോർക്കുന്നുണ്ടോ ?

യുവാവ് : നിങ്ങളല്ലെ പറഞ്ഞതു് ഇനിമേൽ മിണ്ടാതിരുന്നുകൊള്ളാമെന്നു് ?

അവ്യക്തമായ ശബ്ദം : പുതുവഷത്തിൻെറ ഫലണ്ടാനാമം നമ്മുടെ ചെവികളിൽ വന്നലച്ചിട്ടു പത്തു മിനുട്ടുകറം കൂടി ആയില്ലല്ലോ; നിങ്ങറം പ്രതിജ്ഞ ഭഞ്ജിക്കുവാൻ തുടങ്ങുകയായെന്നോ ?

യുവാവ് : ഈ പ്രതിജ്ഞകളെല്ലാം നാളത്തെ സൂര്യോദയത്തോടു കൂടിയേ നടപ്പിൽ വരുന്നുള്ളു.

അവ്യക്തമായ ശബ്ദം : ഏഹം !

യുവാവ് : വളരെ അധികം പദാ

നപടമായി നോക്കേണ്ട, ഹേ! സാങ്കേതികമായി പുതുവഷമാരംഭിക്കുന്നതു അർദ്ധരാത്രിക്കു തന്നെ, ഞാൻ സമ്മതിക്കുന്നു. പക്ഷേ പ്രായോഗികമായി എല്ലാം കാര്യങ്ങൾക്കും സൂര്യോദയത്തോടുകൂടിയാണ്. നോക്കൂ, പുതു വഷത്തിൻെറ പുലരി എന്നല്ലെ നാം പറയാറുള്ളതു് ? ആരെങ്കിലും പറയാറുണ്ടോ പുതുവർഷത്തിൻെറ പാതിരാത്രി എന്നു് ?

[സിഗററ്റു കത്തിച്ചു വലിച്ചു് ആസ്വദിച്ചുകൊണ്ടു പുക വിടുന്നു.]

അവ്യക്തമായ ശബ്ദം : ഈ സ്ഥിതിക്കു കിടക്കുന്നതിനു മുമ്പു ഒരു രണ്ടു പെഗ്ഗ് (Peg) വിസ്കിയും കുടിക്കാം.

യുവാവ് : ആകാം, ഒരു പക്ഷേ. അല്ല, വാസ്തവത്തിൽ ഞാൻ കുടിക്കുക തന്നെ ചെയ്യും. എൻെറ വീട്ടിൽ ഞാൻ എനിക്കു തോന്നിയതു ചെയ്യും.

അവ്യക്തമായ ശബ്ദം : എനിക്കൊരു തരക്കേടുമില്ല, മനസ്സിലായോ? ഒന്നു മാത്രമെ ഞാൻ പറയുന്നുള്ളൂ. നടപ്പിൽ വരുത്താൻ കഴികയില്ലെങ്കിൽ പിന്നെ പ്രതിജ്ഞ ചെയ്യാതിരിക്കയല്ലെ ഭേദം ? എല്ലാ കൊല്ലവും ഇതാവത്തിച്ചിട്ടെന്തു ഗുണം ? കഴിഞ്ഞ കൊല്ലം എന്താണുണ്ടായതെന്നോത്തുനോക്കു. ജനുവരി 1-ാംനു- നിങ്ങൾ പത്തു സിഗററേറ വലിച്ചുള്ള രണ്ടു ദിവസത്തിനുള്ളിൽ പഴയ പതിവനുസരിച്ച ദിവസത്തിലൊരു ടിന്നു് എന്ന തോതിലെത്തിയില്ലെ ? മററു പ്രതിജ്ഞകളും-കുറച്ചു പണം സേവിങ്ങ്സ് ബാങ്കി (Savings Bank) ലിടുക, കൃത്യമായി കത്തെടവാടുകൾ നടത്തുക മുതലായതെല്ലാം- ഇതുപോലെ ജലരേഖയായി പരിണമിച്ചില്ലേ ?

യുവാവ് : പക്ഷെ ഇക്കൊല്ലം....

അവ്യക്തമായ ശബ്ദം : ഓ, വളരെ വ്യത്യാസപ്പെട്ടും. ഞാനൊരു പുതിയ മനുഷ്യനാവാൻ പോകുന്നു....

യുവാവ് : (പകുതി വലിച്ച സിഗററ്റു ദൂരെ എറിഞ്ഞുകൊണ്ടു) ഛട്ട്, മിണ്ടരുതു്. എനിക്കുറക്കം വരുന്നു. (കോട്ടുവായിടുന്നു).

അവ്യക്തമായ ശബ്ദം : 'നേരത്തെ കിടക്കുക മുതലായതു' പ്രതിജ്ഞ ആറാം നമ്പറോ, ഏഴാം നമ്പറോ ?.......ശരി, ഞാൻ പൊയ്ക്കൊള്ളുയാം. നമുക്കിനി ജനുവരി 5-ാംനു- ആ ശശാങ്കശേഖരൻെറ പാർട്ടിക്കു കാണാം. 6½ മണിക്കാണ്. മറക്കണ്ട. വരാൻ വൈകരുതേ. ഗുഡ് നൈററ് !

യുവാവ്: പോയാട്ടെ വെളിയിൽ.

[വിളക്കു കെടുത്തി കിടക്കുന്നു. അല്പ നിമിഷങ്ങൾക്കുള്ളിൽ കൈ നീട്ടി ഒരു സിഗററെറടുത്തു വലിക്കുന്നു. വിദൂരത്തിൽ നിന്നു അവ്യക്തമായ ഒരു മമ്മരശബ്ദം, മന്ത്രിക്കുംപോലെ. മനസ്സാക്ഷിയുടെ ശബ്ദമായിരുന്നു അതു്, ' ഏം ! ']

---

ആശയത്തിന്നു ഒറിയൻറി (Orient) ലെ ഒരു ലേഖകനു കടപ്പെട്ടിരിക്കുന്നു.

—o—




# "ത്രപ്പുകാരൻ"

(ഒരു ആസ്വാദനം)

കളവങ്കോടം ബാലകൃഷ്ണൻ.

പറയാനുള്ള കാര്യം വിശദമായിട്ടു പറഞ്ഞു മനസ്സിലാക്കാനുള്ള കഴിവാണു വാഗ്മിത്വം. വാഗ്മിത്വം എന്നു പറഞ്ഞാൽ, അവശ്യം ആവശ്യമുള്ള പദങ്ങൾ മാത്രം പ്രയോഗിക്കുന്നതിനുള്ള സാമൎത്ഥ്യം എന്നാണൎത്ഥം. ഈ രണ്ടു ഗുണങ്ങളും ഒരു ഉത്തമസാഹിത്യകാരനുണ്ടായിരിക്കേണ്ടതാണ്. ശ്രീ. കാരൂരിന്നു് ഈ രണ്ടു കഴിവുകളും ഉണ്ടെന്നു സമ്മതിച്ചേ തീരു. അദ്ദേഹത്തിൻെറ ആത്മാൎത്ഥഹൃദയത്തെ സ്പൎശിച്ച ചില പരമാൎത്ഥങ്ങളെ ആൎക്കും മനസ്സിലാകുന്ന ഭാഷയിൽ ഏറ്റവും പരിമിതമായ പദാവലികൾ കൊണ്ടു പറഞ്ഞു തീൎക്കും, തികഞ്ഞ കലാനൈപുണിയോടെ!

കാരൂരിൻെറ കഥാബീജങ്ങൾ (Simplicity has it's own beauty) ലാളിത്യത്തിനു അതിൻെറ സൗന്ദൎയ്യമുണ്ടു് എന്ന മഹദ്വചനത്തെ ഓൎമ്മിപ്പിക്കും. ഭാവനയുടെ പൊൽച്ചിറകുകൾ വിടുൎത്തി അനന്തതയിലേക്കു പറക്കുവാൻ അദ്ദേഹം വെമ്പുന്നില്ല. അദ്ദേഹത്തിൻെറ സാഹിത്യസൃഷ്ടികൾക്കു വിചിത്രവൎണ്ണങ്ങളുടെ കൺമയക്കുന്ന പകിട്ടും സ്വൎണ്ണപ്രഭയുമല്ല ഉള്ളതു്. കുലീനയായ ഒരു കന്യക അവളുടെ സൗന്ദൎയ്യത്തിനനുയോജ്യമായ വേഷവിധാനങ്ങളണിഞ്ഞു നില്ക്കുന്ന ഒരു പ്രതീതി തോന്നും, കാരൂർ കഥകൾ വായിക്കുമ്പോൾ. അദ്ദേഹത്തിൻെറ ചുററുപാടുമുള്ളവരുടെ നിരന്തരജീവിതത്തിലെ ചില ചില്ലറ സംഭവങ്ങൾ കൊണ്ടു് ആ തൂലിക തൃപ്തിപ്പെടും. ആ തൂലിക അത്യാഗ്രഹിയോ ദുരാഗ്രഹിയോ അല്ല.

ഈ സമാഹാരത്തിലെ മിക്ക കഥകളും സാധാരണ സംഭവങ്ങളെ ഉപജീവിച്ചാണു എഴുതപ്പെട്ടിട്ടുള്ളതു്. വലിയ വലിയ ശുഭപ്രതീക്ഷകളോടെ "സ്കൂൾ പണിയുടെ കടം തീൎക്കാ

നെന്ന വ്യാജേന മാനേജർ ആവശ്യപ്പെട്ട കൈക്കൂലി കൊടുത്തും ശുപാർശ് ചെയ്തും” ഒരു ഗ്രാൻറ സ്കൂൾ അദ്ധ്യാപകപ്പണിയിൽ പ്രവേശിച്ച നാണു പിള്ള ആ ഉദ്യോഗസ്ഥനുള്ള ബഹുമുഖങ്ങളായ അവശതകളും, മററു ജോലിക്കാരേക്കാളുള്ള ശമ്പളക്കുറവും മനസ്സിലാക്കി, “ വിശന്നു തളർന്നും, വീട്ടിലെ കഷ്ടതകളോർത്തു ഹൃദയം തകർന്നും പഠിപ്പിച്ചാലെത്ര പഠിപ്പിക്കും ” മെന്നു അനുഭവിച്ചറിഞ്ഞു് “ ആകാവുന്നവനുവേണ്ടി നാട്ടിനോടു സ്നേഹമുള്ള” അദ്ദേഹം രാജിവച്ചു; അതിനുശേഷം സാങ്കേതികമായ വിദ്യാഭ്യാസത്തിൻെറ അഭാവം മൂലം, അദ്ദേഹം “ശൂപ്പുകാര”നായിത്തീരുന്നു. പുനഃപരിശീലനത്തിനു വന്ന രാമൻപിള്ളസ്സാറ് വിശപ്പും ദാഹവും കൊണ്ടു വിവശനായപ്പോൾ ഒന്നരച്ചക്രം വിലയുള്ള ഒരു സോഡാ വാങ്ങിക്കുടിച്ചു; സോഡാക്കാരൻ പയ്യൻെറ കൈയ്യിൽ ഒരണയാണു കൊടുത്തതു്; ബാക്കിയുള്ള “കാൽച്ചക്ര”ത്തിനുവേണ്ടി അദ്ദേഹം കാണിക്കുന്ന ‘വേവലാതി’ ദയനീയമാണു്. ഒരു കുടുംബനാഥൻ, ഒരു പിതാവ് എന്നീ നിലകളിലുള്ള കർത്തവ്യങ്ങൾ നിറവേററാൻ ഒരു നിവൃത്തിയുമില്ലാതെ വശം കെട്ട നാണുപിള്ള അവസാനം ഒരു ഉത്സവസ്ഥലത്തു “ അത്ഭുതമനുഷ്യ”നായി നടിച്ച് ആവശ്യമായ വക സമ്പാദിക്കുന്ന ചിത്രം ഹൃദയസ്പർശകം തന്നെ. മുമ്പൊരിക്കൽ താമസിച്ചിരുന്ന മാന്യവും, സ്നേഹമയവുമായ ഒരു കുടുംബത്തിൻെറ തൽക്കാലസ്ഥിതി അറിയാൻ ചെന്ന ‘ഞാൻ’, കുടുംബാംഗങ്ങളുടെ നിരുത്തരവാദിത്വം കൊണ്ടു നാശോന്മുഖമായ കുടുംബനില അറിയുമ്പോൾ സ്തബ്ധനായിപ്പോയി; കമലാക്ഷിയുടെ നിർബ്ബന്ധപ്രകാരം അന്നവിടെ കഴിച്ചുകൂട്ടുന്നു; “ആ പെണ്ണുങ്ങളുടെ രക്തമാംസങ്ങളെന്ന വിചാരത്തോടെ ഭക്ഷണം കഴിച്ചു;” കാലത്തെ യാത്ര പറഞ്ഞു പിരിഞ്ഞു; നാട്ടിലെത്തിയതിൻെറ പിറേറദിവസം ഒരു കവർ കിട്ടി; ‘ഞാൻ’ തലയണക്കീഴിൽ സഹാനുഭൂതിയോടെ വെച്ചിരുന്ന അഞ്ചു രൂപാ! ഇതാണു “ ആ വീട്ടുകാർ” എന്നതിലെ പ്രതിപാദ്യം. “ വൈസ്രോയി വരുന്ന”തിനാൽ പിച്ചക്കാരെയെല്ലാം പോലീസുകാർ പിടിക്കുന്നു; ‘പാവങ്ങളെ കാണാൻ പാടില്ലാത്ത വൈസ്രോയിയാണെങ്കിൽ ഇരുട്ടത്തു വരട്ടെ” എന്ന വാക്യത്തിൽ കാണുന്ന ഗ്രാമ്യത, ശൂഢത ഇവയെത്ര പുകഴ്ത്തിയാലും മതിയാവുകയില്ല. എട്ടു വയസ്സായപ്പോൾ മകൻ പിരിഞ്ഞു; കുറേ നാൾ കഴിഞ്ഞു ഭർത്താവു മരിച്ചു; ഒരു “വേലക്കാരി”യുടെ യാതനാനിർഭരമായ ജീവിതം നയിക്കാൻ ഏലി നിർബ്ബന്ധിതയായി; ഒരു കുററം ഹേതുവായി അവളെ പറഞ്ഞയയ്ക്കാൻ നിർദ്ദയരായ വീട്ടുകാർ ഒരുമ്പെടുന്നു; ഏലിയുടെ മകൻ ഒരു മാന്യനായി തിരിച്ചു വരുന്നു; വാത്സല്യകേദാരമായ ആ മാതാവിൻെറ വികാരക്ഷോഭം! ഈ കഥയിൽ സ്വല്പം അസ്വാഭാവികത ഉണ്ടെങ്കിൽത്തന്നെ അസംഭാവ്യമെന്നു തീർത്തു പറഞ്ഞുകൂടാ. ഏലിയുടെ ഭാഗ്യോദയത്തിൽ നാം അനുമോദിക്കുകയും ചെയ്യും. കഥാകാരൻെറ ഉദ്ദേശ്യവും അതാണു്. മൂന്നു വിവാഹത്തിനു ശേഷം എഴുപതാമത്തെ വയസ്സിൽ വിഭാര്യനായ ഒരു കിഴവൻ തൻെറ ആത്മകഥ വെളിപ്പെടുത്തുന്ന ഒരു കത്താണു’ “ കിഴവൻെറ മറുപടി”. ഈ കഥ സ്വാഭാവികത നിറഞ്ഞതാണു്. എത്ര

എത്രയസ്പൃക്കാണ് ഓരോ വാക്കുകളും! ഇതു വായിക്കുമ്പോൾ ശ്രീ. കാരൂരിന്ന് എഴുപതു വയസ്സുണ്ടോ എന്നു സംശയമുണ്ടാകും. മനശ്ശാസ്ത്രത്തിലെ ദുർഗ്രഹങ്ങളായ ചില സിദ്ധാന്തങ്ങൾ എത്ര ലഘുവായി മനസ്സിലാക്കിത്തരുന്നു! ഈ കഥ, കാരൂരിന്ന മനശ്ശാസ്ത്രപരമായ കഥകളെഴുതുവാനുള്ള കഴിവിനെ വിളിച്ചു പറയുന്നു. ഇതു വായിക്കുന്ന ഒരു സഹൃദയൻ വിചാരിക്കും ഈ മാതൃകയിലുള്ള കഥകൾ ശ്രീ. കാരൂർ ഇനിയുമെഴുതണമെന്ന്. അനിഷേധ്യങ്ങളായ സത്യപ്രസ്താവനകളേ ഈ കഥയിലുള്ള. "ഇനാം" എന്ന കഥയിൽ നാം കാണുന്നതു് അസാധാരണനായ ഒരു ത്യാഗിയേയാണ്. നാട്ടിലെ വനിതകളേയും സ്വാശ്രയബോധമില്ലാത്ത ജനങ്ങളേയും ശ്രീനിവാസൻ സംഘടിപ്പിച്ചു. പ്രവത്തനപുരോഗതിക്കുവേണ്ടി, ഇനാമായി നൂറു രൂപാ മേടിച്ചു കൊണ്ടു ധീരദേശാഭിമാനിയായ ജയരാമനെ അധികാരികൾക്കു കാണിച്ചുകൊടുക്കുന്നു. ജയരാമനും ശ്രീനിവാസനും ഒരാൾതന്നെ. നാട്ടുകാക്കുവേണ്ടി തന്നെയും പണയപ്പെടുത്തിയ ആ ധീരനായ ജനസേവകന്റെ മുമ്പിൽ ഒരു കോടി കൂപ്പുകൈകൾ! ഈ സമാഹാരത്തിലെ ഏററവും ഉൽകൃഷ്ടമായ കഥ ഇതാണെന്നാണ് എന്റെ വിശ്വാസം.

ശ്രീ. കാരൂർ ഒരിക്കൽ ഈ ലേഖകനോടു കഥകളെപ്പററി പറഞ്ഞപ്പോൾ പ്രസ്താവിക്കുകയുണ്ടായി: ഒരു കഥയ്ക്കു് ഒരു കേന്ദ്ര-ആശയം (Central idea) വേണം. ഒരു കേന്ദ്ര (centre) ത്തെ ആസ്പദിച്ചു വരയ്ക്കുന്ന ഒരു വൃത്തം (circle)പോലെയാണു കഥ. ആ വൃത്തത്തിനു സ്വല്പം ഒരു മുഴയോ ചൊട്ടലോ ഉണ്ടെങ്കിൽ ഉടനറിയുവാൻ സാധിക്കും. അതു് ആ വൃത്തത്തെ വൃത്തികേടാക്കും താനും! എന്നതുപോലെ കഥകളെഴുതുമ്പോൾ കാഥികൻ ഒരു ഏകാഗ്രത പാലിക്കണം. കഥയുടെ ഏതു ഭാഗത്തിനും കേന്ദ്രആശയത്തോട് ഒരു ആഭിമുഖ്യം അത്യന്താവശ്യവുമാണ്. ആശയത്തിനു വേണ്ട പൂർണ്ണിമ വരുത്താൻ വേണ്ടുവോളം സംഭവശകലങ്ങളും വാക്യങ്ങളും തിരഞ്ഞെടുക്കുന്നതിലും അനാവശ്യഭാഗങ്ങൾ വിട്ടുകളയുന്നതിലുമാണ് ഒരു കാഥികന്റെ വൈദഗ്ദ്ധ്യം.

ഈ ആദരണീയാദർശം കാരൂർ കഥകളിൽ സസൂക്ഷ്മം ദീക്ഷിച്ചിട്ടുണ്ടെന്നുള്ളതു അത്യന്തം സന്തോഷപ്രദമായ വസ്തുതയാണ്. ശ്രീ കാരൂരിന്റെ ഏതു കഥയിലും പരിനിഷ്ഠമായ ഏകാഗ്രത സ്പഷ്ടമാണ്. "വാദ്ധ്യാർക്കഥക"ളിൽ പ്രത്യേകിച്ചും. അദ്ധ്യാപകന്മാക്കു സ്വന്തകായ്യങ്ങളിലുള്ള ശ്രദ്ധയെ പരാമശിക്കുന്ന ഘട്ടത്തിൽ അദ്ദേഹം അറിഞ്ഞോ അറിയാതെയോ പറഞ്ഞുപോകുന്നു: "അവരുടെ ഏകാഗ്രത!"

"അദ്ദേഹത്തിന്റെ (നാണുപിള്ളയുടെ) ക്ലേശങ്ങളെ മുടത്തക്കവണ്ണം അവിടം (ഒരു ഉത്സവസ്ഥലം: ഏററുമാനൂർ) ആഹ്ലാദമയമായിരുന്നു. സാന്ധ്യപ്രകാശത്തിൽ ആ ക്ഷേത്രത്തിന്റെ ഉത്തുംഗമായ ശ്രീകോവിൽ പൊൻനിറം പൂണ്ടിരുന്നു. സ്വണ്ണധ്വജത്തിൽ സുവണ്ണപതാക പാറിക്കളിച്ചിരുന്നു. ഉത്സവത്തിന്റെ മോടി കൂട്ടത്തക്ക വേഷഭൂഷകളോടുകൂടി പലവഴിക്കും ആളുകൾ അവിടെവന്നു കൂടിത്തുടങ്ങി. നിരവധി ദീപങ്ങൾ തെളിഞ്ഞു. ഭക്തന്മാരായ വൃദ്ധരും, ശൃംഗാരമുള്ള തരുണീതരുണന്മാരും

ആഹ്ലാദിച്ച ബാലന്മാരും കൃത്യനിരതരായ വ്യാപാരികളും, മററും മററും ആ സുദിനത്തിന്റെ മുതലെടുക്കുകയാണ്. ഓട്ടുപാത്രങ്ങൾ വേശ്യകളെപ്പോലെ വഴിക്കാരെ നോക്കിച്ചിരിക്കുന്നു. ചെമ്പുപാത്രങ്ങൾ ആളുകളെ കൈകൊട്ടി വിളിക്കുന്നു. ഓരോരുത്തർക്കും യോജിക്കുന്ന കുങ്കുമത്തിന്റെ നിറം നിർണ്ണയിക്കാൻ നൈപുണ്യമുള്ള കുങ്കുമവ്യാപാരിയെ യുവതികൾ പൊതിഞ്ഞിരിക്കയാണ്. ഭക്ഷണക്ഷാമമെന്നു പറയുന്നവരെ വെല്ലുവിളിച്ചുകൊണ്ടു ചായക്കടകളിൽ പലഹാരങ്ങൾ കുന്നുകൂടിയിരിക്കുന്നു. ആളുകൾ മുട്ടിയും ഉരുമ്മിയും നടക്കുകയാണ്.......ജനസഞ്ചയത്തിന്റെ ഇരമ്പത്തിൽ അയാളുടെ ചിത്തത്തിന് ഏകാഗ്രത അസാദ്ധ്യമായിരുന്നു" ഉത്സവസ്ഥലത്തു നിൽക്കുമ്പോൾ മാത്രമല്ല, ഉത്സവസ്ഥലത്തെ വർണ്ണിക്കുമ്പോഴായാലും ശരി— ചിന്ത ചിതറിപ്പോകും; തൂലിക നിരങ്കുശമാവും. അവിടെയും ശ്രീ. കാരൂരിന്റെ ഏകാഗ്രത തെളിഞ്ഞു മിന്നുന്നു ; തികഞ്ഞ കലാബോധത്തോടെ അദ്ദേഹം പറയുന്നതു നോക്കുക : തൊട്ടിയാട്ടം കണ്ടപ്പോൾ അയാളുടെ തലയും കറങ്ങി ; ആഹ്ലാദത്തിനു പകരം വിഷാദം.......കളിപ്പാട്ടങ്ങൾ വാങ്ങുന്ന കുട്ടികളും, നല്ല ഉടുപ്പുകളണിഞ്ഞ കുട്ടികളും അയാൾക്കു ഹൃദയവേദനയുണ്ടാക്കി. വളക്കച്ചവടക്കാരനെ കണ്ടപ്പോൾ മകളുടെ അഭ്യർത്ഥന ഓർത്തു. ഉത്സവോപകരണങ്ങൾ "ആളുകൾ കൺകുളിക്കെ കാണുകയാണ്. കണ്ണിൽ തീക്കൊള്ളികൊണ്ടു കുത്തിയതുപോലുള്ള പ്രതീതിയാണയാൾക്ക്." നാദസ്വരവായന തന്റെ കുഞ്ഞുങ്ങളുടെ കരച്ചിൽ. ചെണ്ടമേളത്തിൽക്കൂടി സ്വകുടുംബത്തിന്റെ ഹൃദയത്തുടിപ്പു കേട്ടു........

തുപ്പുകാരൻ, കാൽ ചക്രം, അത്ഭുത മനുഷ്യൻ എന്നീ കഥകൾ വായിക്കുന്ന ആരും മനസ്സിലാക്കും ഒരു ഗ്രാന്റ് സ്കൂൾ അദ്ധ്യാപകന്റെ അവസാനിക്കാത്ത അവശതകൾ. അദ്ധ്യാപകജോലി ചെയ്ത് ആ തിക്തതമങ്ങളായ അനുഭവങ്ങൾകൊണ്ടു മനസ്സു മടുത്ത ശ്രീ. കാരൂരിന്റെ ഹൃദയമിടിപ്പുകൾ ആ കഥയിലെ ഓരോ വാക്യത്തിലും കേൾക്കാം. അദ്ധ്യാപകന്മാർക്കു വേണ്ടി തൂലികകൊണ്ടു പോരാടിയവരിൽ മുൻപൻ ശ്രീ. കാരൂരാണെന്ന് ആരും സമ്മതിക്കും.

ഒരു ശരിയായ ചിത്രം വരയ്ക്കാൻ ശ്രീ. കാരൂരിന് ഒരു വിഷമവുമില്ല. "വൈസ്രോയി വരുന്നു" എന്ന കഥയിലെ ഗോപാലന്റെ അമ്മയുടെ ചിത്രം എത്ര കേമമാണ് ! ജോലിയിൽ ആദ്യമായി പ്രവേശിച്ച നാണുപിള്ളസ്സാറ്, കള്ളഷാപ്പു ലേലത്തിനായി വന്നു കൂടിയ ജനാവലി, വേലക്കാരിയുടെ കയ്പേറിയ അനുഭവങ്ങൾ; കിഴവന് ഓരോ സ്ത്രീയോടുമുള്ള മനോഭാവങ്ങൾ, ആ വീട്ടുകാർ, ഏററുമാനൂരുത്സവച്ചടങ്ങുകൾ ഇവയിലെല്ലാം ശ്രീ. കാരൂരിന്റെ വ്യക്തിമുദ്ര വ്യക്തമായിക്കാണാം.

ഈ എട്ടു കഥകളിൽ രണ്ടെണ്ണത്തിൽ മാത്രമേ പ്രേമരസത്തിനു സ്ഥാനമുള്ളു. അഞ്ചു കഥകളിലും വാദ്ധ്യാർ പാത്രവുമാണ്; മൂന്നു കഥകൾ വാദ്ധ്യാരെപ്പററിത്തന്നെ. ഇതിൽ നിന്നൊരു കാര്യം മനസ്സിലാക്കാം. പ്രേമത്തേക്കാളും കാഥികന്റെ ഹൃദയം സ്പർശിച്ചതു് അദ്ധ്യാപകന്റെ യാതനകളാണ്. ഒരു സമാഹാരത്തിൽത്തന്നെ മൂന്നു വാദ്ധ്യാർ കഥ

കാം! കാരൂർ പറയുന്നു, അസംഖ്യം അത്തരം കഥകളുണ്ടെന്നു്. അതൊരു മറപടിയേ അല്ല. പൊൻകുന്നത്തിന്റെ ഓരോ പുസ്തകത്തിലും "അച്ഛൻ വിരോധക്കഥ" ഓരോന്നേ ഉള്ളവെന്നു ശ്രീ. കാരൂർ ശ്രദ്ധിക്കണം. ഒരു സമാഹാരത്തിൽത്തന്നെ രണ്ടു നാണംപിള്ള!

വിനയമസൃണവും, ലളിതസുന്ദരവും, സാന്ദ്രമധുരവുമാണ്ു് അദ്ദേഹത്തിന്റെ പ്രതിപാദനരീതി. സാധാരണരുടെ ജീവിതത്തിൽ വിളഞ്ഞു പഴുത്ത ശൈലികൾ ധാരാളം കാരൂർ കഥകളിൽ കാണാം.

—: o :—

# കൈപ്പററി

I. കേരളദീപം എന്ന പേരിൽ കോട്ടയത്തു നിന്നും പുറപ്പെടുന്ന മാസികയുടെ മൂന്നു ലക്കങ്ങളും കൈപ്പററി. നന്ദി പറയുന്നു.

II. രാമരാജ്യം. കോട്ടയത്തു നിന്നു പുറപ്പെടുന്ന ഒരു വാരികയാണു് രാമരാജ്യം. വായിക്കാൻ അധികമൊന്നുമില്ലാത്ത ഈ പത്രത്തിനു വില രണ്ടണ മാത്രമേ ഉള്ളു എന്നൊരു സമാധാനമുണ്ടു്. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും വളരെ പുരോഗമിച്ചുകാണാൻ ആഗ്രഹിക്കുകയും വിജയം ആശംസിക്കയും ചെയ്യുന്നു.

III. നവരശ്മി. ശ്രീ. സി. എൻ. മംഗലത്തിന്റെ പത്രാധിപത്യത്തിൽ തിരുവില്വാമലയിൽനിന്നു പുറപ്പെടുന്ന ഒരു ആംഗ്ലോ മലയാള മാസികയാണിതു്.

IV. യുവലോകം. ഫോർട്ടു് കൊച്ചിയിൽ നിന്നു് മി. സി. കെ. അബൂബക്കരുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരണമാരംഭിച്ച ഒരു പുതിയ മാസികയാണു് യുവകേരളം. ആകപ്പാടെ ഇതിന്റെ കെട്ടും മട്ടും ആകർഷകമായിട്ടുണ്ടു്. ലേഖനങ്ങളുടെ കാര്യത്തിൽ കുറേക്കൂടി ശ്രദ്ധപതിപ്പിച്ചാൽ കൊള്ളാം.

ഈ സഹജീവികൾക്കെല്ലാം ഞങ്ങൾ അഭിവൃദ്ധി നേരുന്നു.

പത്രാധിപർ

—o—

അടുത്ത ലക്കം മുതൽ 'വിദ്യാർത്ഥിലോകം' എന്ന ഒരു പുതിയ പംക്തി കൂടി ലോകവാണിയിലുണ്ടായിരിക്കും.

# ലോകാവലോകം

[രണ്ടാഴ്ചയ്ക്കുള്ളിൽ നടക്കുന്ന പ്രധാന സംഭവങ്ങളെ വിമർശിച്ചുകൊണ്ടു് ഡാക്ടർ പി. സി. അലക്സാണ്ടർ ഈ പംക്തിയിൽ തുടർച്ചയായി എഴുതുന്നതായിരിക്കും—പ.]

ഡാക്ടർ പി. സി. അലക്സാണ്ടർ

## ഹിന്ദിവിരുദ്ധപ്രക്ഷോഭണം

ദ്രാവിഡസംസ്കാരത്തിന്റെ കുത്തക സ്വയം ഏറെറടുത്തിരിക്കുന്ന കുറെ "നേതാക്കന്മാർ" ഹിന്ദിക്കെതിരായി ആരംഭിച്ചിരിക്കുന്ന പ്രക്ഷോഭണം പൊതുജനങ്ങളുടെ സാമാന്യബുദ്ധിയെ ചോദ്യം ചെയ്യുന്ന ഒന്നാണു്. ഒരു ഭാഷ നിർബ്ബന്ധമായി പഠിക്കണമെന്നുള്ള ഗവമ്മെണ്ടു തീരുമാനത്തിനെതിരായിട്ടാണു് പ്രക്ഷോഭണമെങ്കിൽ ഈ പ്രക്ഷോഭണത്തിൽ യാതൊരു കഴമ്പുമില്ല– കാരണം, ഹിന്ദി ഒരു നിർബ്ബന്ധവിഷയമല്ല എന്നുള്ളതു തന്നെ. തമിഴിന്റെ താല്പര്യങ്ങളെ സംരക്ഷിക്കാനാണെന്നു വാദിച്ചാൽ അതിലും അർത്ഥമില്ലെന്നു തെളിയുന്നു– കാരണം തമിഴിനു, മുമ്പുണ്ടായിരുന്നതിൽ വളരെ കൂടുതലായ ഒരു പ്രാധാന്യമാണു് ഇപ്പോഴത്തെ പുതിയ പദ്ധതിയിൽ കൊടുത്തിരിക്കുന്നതു്. 1937–ലെ പൊതുതെരഞ്ഞെടുപ്പോടുകൂടെ മരണമടഞ്ഞ ജസ്റ്റീസ് പാർട്ടിയുടെ മൃതശരീരവും പൊക്കിക്കൊണ്ടു നടന്നിട്ടു്, രാഷ്ട്രീയരംഗത്തു യാതൊരു സ്ഥാനവും ലഭിക്കാതിരുന്ന ഒരു ന്യൂനപക്ഷത്തിനു് ഇപ്പോൾ കുറെ ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുവാൻ ഒരു അവസരം ലഭിച്ചുവെന്നല്ലാതെ ഈ പ്രക്ഷോഭണത്തിനു വേറേ യാതൊരു പ്രാധാന്യവുമില്ല. തമിഴ്നാട്ടിൽ മാത്രമല്ല, ആന്ധ്രദേശത്തും മലബാറിലും ഹിന്ദിപഠനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അവിടെയെങ്ങും ഇങ്ങനെയുള്ള പ്രക്ഷോഭണങ്ങൾ കാണാത്തതു് ഒരു പക്ഷെ മാതൃഭാഷയെപ്പററിയുള്ള അഭിമാനത്തിന്റെ അഭാവം കൊണ്ടായിരിക്കാം !! ഏതായാലും ഒരു ഭാഷ കൂടെ പഠിച്ചതുകൊണ്ടു് മാതൃഭാഷ നശിച്ചു പോകുമെന്നു വാദിക്കാൻ പ്രേരിപ്പിക്കുന്ന "ഭാഷാഭിമാനം" കേരളത്തിലും ആന്ധ്രദേശത്തും ഇല്ലെന്നുള്ളതു്, അവിടെയുള്ളവർക്കു് അഭിമാനകരമാണു്.

സഹനസമരവും സത്യാഗ്രഹവും മററും നടത്തി വില കുറഞ്ഞ രക്തസാക്ഷിത്വമുദ്ര വരിക്കാൻ വെമ്പിയിരുന്ന ഇക്കൂട്ടർക്കു് ഇപ്പോൾ ഒരു നല്ല അവസരമാണു ലഭിച്ചിരിക്കുന്നതു്. ഇവരെ അറസ്റ്റ്ചെയ്യുകയും തടങ്കലിൽ വെയ്ക്കുകയും മററും ചെയ്യുന്ന ഗവമ്മെണ്ടു് യഥാർത്ഥത്തിൽ ഇവർ അർഹിക്കാത്ത ഒരു പ്രാമാണ്യം ഇവർക്കു കൊടുക്കുകയാണു ചെയ്യുന്നതു്. പ്രക്ഷോഭണത്തെ കൊല്ലുവാനുള്ള ഉത്തരവാദിത്വം ഗവമ്മെണ്ടു് ഏറെറടുക്കാതെ അതു താനെ അലസിപ്പോകാൻ അനുവദിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നതു്.

## കാഷ്മീർ പ്രശ്നം

പക്കിസ്ഥാൻ സൈന്യം കാഷ്മീരിൽ യുദ്ധം ചെയ്യുന്നുണ്ടെന്നു പരസ്യമായി സമ്മതിച്ചതോടുകൂടി കാഷ്മീർ പ്രശ്നം ഒരു പുതിയ ഘട്ടത്തിൽ പ്രവേശിച്ചിരിക്കുകയാണ്. കാഷ്മീരിൽ സമരം നടത്തിക്കൊണ്ടിരുന്ന അതിർത്തിവർഗ്ഗക്കാരെ പക്കിസ്ഥാൻ സഹായിക്കുന്നുണ്ടെന്നുള്ളതായിരുന്നു പക്കിസ്ഥാനെതിരായി യു. എൻ. ഒ. യിൽ ഇന്ത്യ സമർപ്പിച്ചിരുന്ന ആക്ഷേപം. പക്കിസ്ഥാൻ അന്ന് അതിനെ പാടെ നിഷേധിച്ചുവെന്നു മാത്രമല്ല വാദിയെ പ്രതിയാക്കാനുള്ള ഒരു ശ്രമം കൂടെ നടത്തുകയുണ്ടായി. എന്നാൽ ഇപ്പോൾ ഈ പരമാർത്ഥം പരസ്യമായി സമ്മതിക്കുന്നതിനും പക്കിസ്ഥാൻ സൈന്യങ്ങൾ നേരിട്ടു യുദ്ധം നടത്തുന്നതിനും തുനിഞ്ഞിരിക്കുന്നതിനു പല കാരണങ്ങളുണ്ടു്. ഒന്നാമതായി, കാഷ്മീർസമരത്തിൽ പക്കിസ്ഥാനുള്ള പങ്കു മറച്ചുവയ്ക്കാമായിരുന്ന ഘട്ടം കഴിഞ്ഞുവെന്നുള്ളതാണ്. ഇന്ത്യൻ സൈന്യങ്ങൾക്കെതിരായി കാഷ്മീരിൽ ഉപയോഗിക്കപ്പെടുന്ന നവീനരീതിയിലുള്ള തോക്കുകളും മററു യുദ്ധസാമഗ്രികളും പക്കിസ്ഥാനിൽ നിന്നല്ല വരുന്നതെന്നു പറഞ്ഞാൽ, കാഷ്മീരിലെ മരങ്ങളിൽ വളരുന്നവയാണെന്നു വേണമല്ലോ ലോകർ വിശ്വസിക്കേണ്ടതു്. ഗീബൽസിനെ ലജ്ജിപ്പിക്കുന്ന കുപ്രചരണസാമർത്ഥ്യത്തോടുകൂടെ ആറു മാസങ്ങൾക്കു മുമ്പു സർ. സഫ്രുള്ളാഖാൻ യു. എൻ. ഒ യിൽ പലതും പറഞ്ഞുവെങ്കിലും പക്കിസ്ഥാന്റെ സൈനികപ്രവർത്തനങ്ങൾ ഇന്ന് ഒളിച്ചു വെക്കാൻ നിവൃത്തിയില്ലാത്ത ഒരു ഘട്ടത്തിലെത്തിയിരിക്കുകയാണ്. കാഷ്മീർ സമരത്തിൽ പരസ്യമായി പങ്കെടുക്കുന്നതിനു പക്കിസ്ഥാൻ തുനിഞ്ഞിരിക്കുന്നതിന്റെ വേറൊരു കാരണം, ഏതു വിധമെങ്കിലും കാഷ്മീരിൽ കുറെ ഭാഗങ്ങളെങ്കിലും കൈവശപ്പെടുത്തണമെന്നുള്ള ആശയാണ്. അതിർത്തിവർഗ്ഗക്കാരെ ഇളക്കി വിട്ട് കാര്യം നേടാമെന്നു വ്യാമോഹിച്ചിരുന്ന പക്കിസ്ഥാനെ, ഈ കഴിഞ്ഞ ഏതാനും ആഴ്ചകളായി ഇൻഡ്യൻ സൈന്യങ്ങൾക്കു ലഭിച്ചുകൊണ്ടിരുന്ന വമ്പിച്ച വിജയങ്ങൾ വല്ലാതെ അമ്പരപ്പിച്ചിരിക്കുകയാണ്. കാര്യങ്ങൾ ഇങ്ങനെ മുന്നോട്ടു പോയാൽ കാഷ്മീരിൽ കാലു കുത്തുന്നതിനു പോലും സ്ഥലം ലഭിക്കാതെ വന്നേക്കുമോ എന്നു ഭയപ്പെട്ടിട്ടാണു പക്കിസ്ഥാൻ ഇപ്പോൾ ഈ പരസ്യസൈനികസംഘട്ടനത്തിനു തയ്യാറായിരിക്കുന്നതു്. ഏതായാലും ഇൻഡ്യയെ സംബന്ധിച്ചിടത്തോളം പക്കിസ്ഥാന്റെ ഈ പുതിയ നയം പലതുകൊണ്ടും സ്വാഗതാർഹമാണ്. യു. എൻ. ഒ. യിൽ ഇന്ത്യ സമർപ്പിച്ചിരുന്ന ആക്ഷേപത്തിന്റെ സത്യാവസ്ഥ ഇപ്പോഴെങ്കിലും ലോകത്തിനു ബോദ്ധ്യമാകുന്നതാണ്. തന്നെയല്ല, കാഷ്മീരിൽ യുദ്ധം നടത്തുന്നതു സ്വദേശിയരായ സ്വാതന്ത്ര്യപ്രേമികളാണെന്നുള്ള പക്കിസ്ഥാന്റെ പ്രചരണബലൂണിന് അവർതന്നെ മുള്ളു കുത്തുകയാണു ചെയ്യുന്നതു്. കാഷ്മീർ പ്രശ്നം ഇപ്പോൾ ഒരു അന്തർദേശീയപ്രശ്നമായി തീർന്നിരിക്കുകയാണ്. ഇനിയെങ്കിലും ഈ പ്രശ്നത്തിന്റെ യഥാർത്ഥ സ്വഭാവം മനസ്സിലാക്കുന്നതിനു സർവ്വരാജ്യസംഘടനയ്ക്കു സാധിക്കുമെന്നു പ്രതീക്ഷിക്കാം.

## ബർലിൻ കുഴപ്പം

യുദ്ധം അവസാനിച്ചിട്ട വർഷങ്ങൾ മൂന്നായെങ്കിലും ജർമ്മനിയുടെ ഭാവിയെപ്പററി ഇതുവരെ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. മാത്രമല്ല, ദൈനന്ദിനം കുഴപ്പങ്ങൾ വർദ്ധിച്ചു വരികയാണു ചെയ്യുന്നതു്. യുദ്ധാനന്തരം സഖ്യരാജ്യങ്ങളിലെ വിദേശമന്ത്രിമാർ സമ്മേളിച്ചിട്ടുള്ളതു അഞ്ചിൽ രണ്ടു പ്രാവശ്യവും ജർമ്മൻ പ്രശ്നത്തിനു ഒരു പരിഹാരം കണ്ടുപിടിക്കാനായിരുന്നു. സഖ്യരാഷ്ട്രങ്ങളിലെ വിദേശവകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ 61 സമ്മേളനങ്ങൾ ഈ ആവശ്യത്തിനായി നടന്നിട്ടുണ്ടെന്നും, ആകെ 500-ൽ അധികം മണിക്കൂറുകൾ ഈ പ്രശ്നം ചർച്ചചെയ്യുന്നതിനു വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്നും ഒരു അമേരിക്കൻ ലേഖകൻ കണക്കാക്കിയിരിക്കുന്നു. എന്നാൽ സുദീർഘമായ ഈ ആലോചനകളുടെ ഫലം ഈ പ്രശ്നം കൂടുതൽവിഷമകരമായി തീർന്നിട്ടുണ്ടെന്നതു മാത്രമാണു്.

1938-ൽ മ്യൂണിച്ച്– 1948-ൽ ബർലിൻ. മ്യൂനിച്ച് രണ്ടാം ലോകയുദ്ധത്തിന്റെ മറ നീക്കി. ബർലിൻ മൂന്നാം ലോകയുദ്ധത്തിനു വഴി തെളിക്കുമോ? ഒരു മഹാസംഘട്ടനത്തിനുള്ള സാദ്ധ്യതകൾ ബർലിൻകുഴപ്പത്തിന്റെ അടിത്തട്ടിൽ കിടപ്പുണ്ടെങ്കിലും ബർലിനിൽ നിന്നും യുദ്ധത്തിന്റെ തീപ്പൊരികൾ തല്ക്കാലം പൊട്ടിപ്പുറപ്പെടുവാൻ ഇടയില്ലെന്നു വേണം പറയുവാൻ. ഇന്നു ലോകത്തെ മുഴുവൻ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ ബർലിൻപ്രശ്നത്തിന്റെ പശ്ചാത്തലചരിത്രത്തിലേക്കു ഒന്നു കണ്ണോടിക്കുന്നതു ഉപകാരപ്രദമായിരിക്കും.

ഹിററ്ലറുടെ കൈയ്യിൽ നിന്നും ബർലിൻ കരസ്ഥമാക്കിയതു റഷ്യൻ സൈന്യമായിരുന്നുവെന്നുള്ളതാണു ബർലിൻ നഗരത്തിന്മേൽ റഷ്യയ്ക്കുള്ള അവകാശത്തിന്റെ അടിസ്ഥാനകാരണം. രണ്ടാംമഹായുദ്ധത്തിന്റെ അവസാനഘട്ടത്തിൽ ഹിററ്ലറുടെ തലസ്ഥാനം ആദ്യം കൈവശപ്പെടുത്തുന്നതിനായി സഖ്യരാഷ്ട്രങ്ങൾ തമ്മിൽ യഥാർത്ഥത്തിൽ ഒരു വലിയ മത്സരം തന്നെ നടന്നു. ഈ മത്സരത്തിൽ റഷ്യയാണു ജയിച്ചതെങ്കിലും, ബർലിൻ നഗരത്തെ നാലായി വിഭജിച്ചു നാലു സഖ്യരാഷ്ട്രങ്ങളുടെയും പൊതുഭരണം അവിടെ ഏർപ്പെടുത്തുന്നതിനു റഷ്യ സമ്മതിക്കുകയുണ്ടായി. പക്ഷേ ബർലിൻ സ്ഥിതിചെയ്യുന്നതു ജർമ്മനിയിലെ റഷ്യൻ ആധിപത്യമേഖലയിൽ പാശ്ചാത്യരാഷ്ട്രമേഖലയിൽനിന്നും 120 മൈൽ ഉള്ളിലായിട്ടാണു്. ജർമ്മനിയിലെ പാശ്ചാത്യമേഖലയിൽ നിന്നും ബർലിനിൽ എത്തുന്നതിനു സൗകര്യമുള്ള ഏകഗതാഗതമാർഗ്ഗം റഷ്യൻ മേഖലയിൽ കൂടെയായതു കൊണ്ടു്, ബർലിൻ ഉൾപ്പെടെയുള്ള കിഴക്കൻ ജർമ്മൻദേശം മുഴുവൻ റഷ്യയുടെ പരിപൂർണ്ണമായ അധീനതയിൽ കിട്ടണമെന്നുള്ളതാണു റഷ്യയുടെ വാദം. പാശ്ചാത്യരാഷ്ട്രങ്ങളെ പൂർവ്വജർമ്മൻ മേഖലയിൽ നിന്നും ഒഴിച്ചു നിർത്തുന്നതിനായുള്ള ആദ്യത്തെ ശ്രമം ബർലിനിലേക്കുള്ള ഏകഗതാഗതമാർഗ്ഗം തടയുകയെന്നുള്ളതായിരുന്നു. റഷ്യൻ മേഖലയിൽകൂടെയുള്ള ഗതാഗതം തടഞ്ഞപ്പോഴാണു് വിമാനങ്ങൾ വഴിയായി പശ്ചാത്യജർമ്മനിയും ബർലിൻനഗരവുമായുള്ള ബന്ധം സ്ഥാപിക്കുന്നതിനു ആംഗ്ലോ-അമേരിക്കൻ രാഷ്ട്രങ്ങൾ തുനിഞ്ഞതു്. വലിയ

# വായനക്കാർ ലോകവാണിയിൽ

[വായനക്കാൎക്ക് ഇഷ്ടമുള്ള വിഷയങ്ങളെക്കുറിച്ചു വിമൎശിക്കുന്നതിനുള്ള ഒരു പംക്തിയാണ്. ഇതു്. ചുരുങ്ങിയ കത്തുകൾ ക്ഷണിച്ചു കൊള്ളുന്നു.]

## ലിപി പരിഷ്കരിക്കുമ്പോൾ

മലയാളലിപികൾ പരിഷ്കരിക്കുന്നതിനെപ്പററി—അഥവാ പരിഷ്കരിക്കേണ്ടതിനെപ്പററി--ആഗസ്റ്റ് 1-ാം തീയതിയിലെ 'ലോകവാണി'യിലെ മുഖലേഖനവും (പത്രാധിപക്കുറിപ്പ്) മി. ജെ. മാത്യൂസിൻെറ മറെറാരു ലേഖനവും വായിച്ചു. മലയാളഭാഷയ്ക്കു റോമൻ ലിപികൾ സ്വീകരിക്കണമെന്ന മി. മാത്യൂസിൻെറ അഭിപ്രായം തീരെ നിഷേധിക്കുവാനോ, ഇന്നത്തെ രീതിയിൽനിന്നു പെട്ടെന്നുള്ള എടുത്തുചാട്ടം അബദ്ധമാണെന്ന പത്രാധിപരുടെ ന്യായമായ താക്കീതിനെ എതിൎക്കുവാനോ എളുപ്പമല്ല. പക്ഷെ ഒരു ഭാഷാഭക്തനെന്ന നിലയിൽ എൻെറ അഭിപ്രായം പറയുകയാണെങ്കിൽ മലയാളഭാഷയിലെയും സംസ്കൃതസാഹിത്യത്തിലെയും ഇതേവരെയുള്ള മഹത്തരങ്ങളായ സാഹിത്യകൃതികളെ— വിശേഷിച്ചും പദ്യകൃതികളെ— നമ്മുടെ ഭാവി തലമുറകൾക്കു നഷ്ടപ്പെടുത്തുകയായിരിക്കും റോമൻ ലിപിയുടെ സ്ഥാനാരോഹണത്തിൻെറ അന്യായമായ ഒരു ഫലം. ഇന്ത്യയിലെ നാനാഭാഷ

---

ചെലവും പ്രയാസവും വഹിച്ച് ബർലിനുമായുള്ള ഈ സമ്പൎക്കം പാലിച്ചുകൊണ്ടുപോകുന്നതിനു പാശ്ചാത്യരാഷ്ട്രങ്ങൾ ശ്രമിക്കുന്നതിന് ഒരു പ്രധാന കാരണമുണ്ട്. ബർലിൻ നഗരത്തിന്മേലുള്ള അധികാരം നഷ്ടപ്പെടുന്ന പക്ഷം പാശ്ചാത്യമേഖല ഒരു പ്രത്യേക ഭൂവിഭാഗമായി തീരുന്നതും അങ്ങനെ ജൎമ്മനി രണ്ടായി വിഭജിക്കപ്പെടുന്നതുമാണ്. ജൎമ്മനിയെ വെട്ടി മുറിക്കുന്നതിനുള്ള ചുമതല ആംഗ്ലോ—അമേരിക്കൻ രാഷ്ട്രങ്ങൾക്കു സ്വീകരിക്കാനുള്ള മടികൊണ്ടാണു ബർലിൻ നഗരത്തിന്മേലുള്ള അവകാശാധികാരങ്ങൾ അവർ മുറുകെപ്പിടിച്ചു കൊണ്ടു നില്ക്കുന്നതു്. എന്നാൽ ഈ കുഴഞ്ഞ പ്രശ്നത്തിനുള്ള ഏക പരിഹാരം ബർലിൻ പൂൎണ്ണമായി പൗരസ്ത്യമേഖലയ്ക്കു വിട്ടുകൊടുക്കുകയും, ഫ്രാങ്കഫർട്ട് തലസ്ഥാനമായി പാശ്ചാത്യജൎമ്മൻമേഖല ഏകീകരിക്കുകയും ചെയ്യുകയെന്നുള്ളതാണ്. ബർലിനിൽ നിന്നും പിൻവാങ്ങുന്നതു് എത്രയും അഭിമാനകരമായി സാധിക്കാമെന്നുള്ളതാണ് ഇപ്പോൾ പാശ്ചാത്യരാഷ്ട്രങ്ങളുടെ നോട്ടം. ഇതിൽ നിന്നു ഒരു യുദ്ധമുണ്ടാകുമെന്നുള്ള ആശങ്കയ്ക്കു വലിയ സ്ഥാനം തല്ക്കാലം കാണുന്നില്ല.

——

ക്കാരുമായിട്ടും ഞാൻ ഇടപെട്ടിട്ടുണ്ടു്. അവരിൽ മലയാളികൾക്കു മാത്രമേ സംസ്കൃതവൃത്തത്തിലുള്ള കവിതകളും സാധാരണ പദ്യകൃതികളും വളച്ചു മുറിക്കാതെ സ്വച്ഛസുന്ദരമായി ഉച്ചരിക്കുവാൻ കഴിവു കണ്ടിട്ടുള്ളു. മററുള്ളവരും ഉണ്ടായേക്കാം. പക്ഷെ മലയാളികളോടു ഒത്തുനോക്കുമ്പോൾ വളരെ വിരളമായേ കണ്ടെത്തുകയുള്ളു. ഇന്നത്തെ മലയാളത്തിലെ ഉച്ചാരണ സൌകര്യങ്ങളെല്ലാം അതേമാതിരി റോമൻ ലിപികളിൽക്കൂടെ സാധിക്കുകയാണെങ്കിലോ, അഥവാ ഇതിനിടെ പലരും കണ്ടുപിടിച്ച പത്രപംക്തികളിൽക്കൂടെ അഭിപ്രായപ്പെട്ടവിധം എട്ടും പത്തും അക്ഷരങ്ങൾകൊണ്ടോ, ഒരേ ഒരു അക്ഷരം മാത്രമോ മതിയെന്നു വെച്ചു്, ശേഷം അക്ഷരങ്ങളുടെ സ്ഥാനത്തു വെട്ടും കുത്തും ചായ്വും ചെരിവും മററും മററുംകൊണ്ടു കാര്യം കഴിക്കുകയാണെങ്കിൽ അതു ഡിഗ്രിനോക്കി കൃത്യം തെററാതെ മനസ്സിലാകുന്നതിന്നും, അനവധി വെട്ടും കുത്തും 'തട്ടുംതടവു'മുള്ളതു വകതിരിച്ചു സാങ്കേതികമായി തെററാതെ ഗ്രഹിക്കുന്നതിന്നും അൻപത്തിയാറു് അക്ഷരങ്ങൾ പഠിക്കുന്നതിന്റെ മൂന്നിരട്ടി സമയം വേണ്ടിവന്നേക്കും. കുഞ്ഞുങ്ങളുള്ളവർ പ്രത്യേകിച്ചു സൂക്ഷിക്കേണ്ടതാണു്, എന്നാൽതന്നെയും,

"അരേ ദുരാചാരനൃശംസകംസാ,
പരാക്രമം സ്ത്രീകളിലല്ലവേണ്ടു."

എന്ന മണിപ്രവാളശ്ലോകം വിദ്യാഭ്യാസ മേലദ്ധ്യക്ഷനായിരുന്ന ഒരു യൂറോപ്യൻ,

"ആർ ദുർ ചാർ ന്രു്ശംസ്
കംസ് പർക്ക്ര്മം സ്ത്രീകലിൽല്ല
ബെൻറു"

എന്നു് മലയാളിക്കുട്ടികൾക്കു ചൊല്ലിക്കൊടുത്തതുപോലെയാവും. അല്ലെങ്കിൽ "ചുക്കുമൊ ളകുതി പ്പല്ലി" പോലെ പോവും

മി. മാത്യൂസിന്റെ വാദം തീരെ കഴമ്പില്ലാത്തതാണെന്നു പറയുവാൻ ഞാൻ ആളല്ല. വ്യവസായ വാണിജ്യാദികളിൽ എല്ലാ തുറകളിൽക്കൂടിയും ദൈനംദിനമെന്നോണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന നമുക്കു മലയാളഭാഷയിൽ ചുരുക്കെഴുത്തും ടൈപ്പ്റൈററിങ്ങും ഉണ്ടാവേണ്ടതും ഉണ്ടാക്കേണ്ടതും ആവശ്യമാണു്, അത്യാവശ്യമാണു്. അതിന്നു ഇന്നത്തെ അക്ഷരബഹുലത ഒരു വിലങ്ങു തടിയായി കിടക്കുകയാണു്. വല്ലാത്തൊരു പ്രതിബന്ധം. പക്ഷെ അതിന്നുവേണ്ടി മലയാളികളുടെ സാഹിത്യരസാസ്വാദനശക്തിയും, സാഹിത്യശൈലിയും, ഉച്ചാരണസൗഖ്യവും ശ്രവണമാധുര്യവും, നശിപ്പിക്കുക എന്നുവന്നാൽ അതു സാഹസമാകുകയില്ലേ? അതിന്നു പകരം ഇംഗ്ലീഷിലെ ചുരുക്കെഴുത്തുപോലെ മലയാളഭാഷയിലും ഒരു ചുരുക്കെഴുത്തു അഥവാ റോമൻലിപിയിൽ ഒരു വ്യാപാരഭാഷ മതിയെന്നാണു എന്റെ അഭിപ്രായം.

(ശേഷം 8-ാം പേജിൽ)

Printed by V. Balasubramanian at The Jaya Kerala Press,
1/16 Royapettah High Roaod, Madras.
Edited and Published by K. M. George M. A.,
1/16 Royapettah High Road, Madras.

# റേഡിയോ നാടകങ്ങൾ

(കെ. എം. ജോർജ്ജ്)

മദിരാശി കേന്ദ്രത്തിൽ നിന്നും പ്രക്ഷേപണം ചെയ്ത അഞ്ചു നാടകങ്ങൾ.

കവിയുടെ കാമുകി
മരുമകൾ
സംഗീതരാഗം
ശ്രീമതി ഇത്തിക്കണ്ണി
മാത്തുവിൻെറ മാററം

കൂടാതെ റേഡിയോ നാടകരചനയിലും, പ്രകടനത്തിലും ആദരിക്കേണ്ട സാങ്കേതിക നിയമങ്ങളെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്ന ഒരു ലേഖനവും ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു.

വില ഒരു രൂപാ.

താഴെ ചേർക്കുന്ന വിലാസത്തിൽ ഉടനെ എഴുതുക :

**The Geo Book Depot,**
**Kottayam,**
**TRAVANCORE.**

Reg. No. M. 5100


*Approach*

# The Navajeevan Type Foundry

★

for quality types in English, Tamil,

Telugu and Malayalam.

New type-casting machines also for sale.

★

For further particulars

***Contact*:**

The Proprietor,

**The Navajeevan Type Foundry,**

73, Sala Vinayagar Koil Street,

MADRAS 1.